SINCE 1976

# ഐക്യദീപം

വില ₹ 10

2018 ഡിസംബർ





# ഒപ്പം

പ്രളയബാധിതർക്ക് ബോധനയുടെ കൈത്താങ്ങ്



**ഭവനപുനരുദ്ധാരണം**
(150 കുടുംബങ്ങൾക്ക്)



**ആട് വിതരണം**
(250 കുടുംബങ്ങൾക്ക്)



**വിദ്യാഭ്യാസസഹായം**
(250 കുട്ടികൾക്ക്)




**ഹോംസ്റ്റഡ് വാട്ടർ ഫിൽട്ടർ**
(250 കുടുംബങ്ങൾക്ക്)



**സ്വയം തൊഴിൽപരിശീലനം**
(2000 പേർക്ക്)

**കായിക മാനസിക ഉല്ലാസവുമായി**
**ജില്ലാ ചൈൽഡ് ലൈൻ**

CHILD LINE 1098 NIGHT & DAY

# Bodhana

## Tiruvalla Social Service Society

SOCIAL TRANSFORMATION THROUGH PARTICIPATION & EMPOWERMENT

Pushpagiri Road, Tiruvalla - 1
Ph: 0469 2730561, 2606063, Fax: 0469 2633295
E-mail: bodhanatiruvalla@gmail.com, www.bodhanatiruvalla.org




2018 ഡിസംബർ
പുസ്തകം 51 ലക്കം 12

രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**റവ. ഡോ. ഏബ്രഹാം ഇരുമ്പിനിക്കൽ**

പ്രസാധകൻ
**റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

മാർക്കറ്റിംഗ് & സർക്കുലേഷൻ
കോ-ഓർഡിനേറ്റർ
**ഫാ. ജോസഫ് കരിപ്പായിൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas : $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
AndhraBank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE : ANDBINBB

Printed at :
Viani Printings, Ernakulam
Designed by :
St. Joseph Press
Kacherippady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com

# ഐക്യദീപം

## ഉള്ളടക്കം

**ആരോഗ്യപ്രവർത്തകർക്ക് ക്രിസ്തുമസ് സന്ദേശം** — 7
ഡോ. ബി. ഇക്ബാൽ

**ഇടമറിയാതൊരുടൽ** — 10
ഫ്രാൻസിസ് നൊറോണ

**യേശു ജീവിതത്തിന്റെ ലഹരി** — 11
പ്രൊഫ. വി.ജി. തമ്പി

**യേശു എന്ന മഹാത്ഭുതം** — 12
ഗുരു മുനി നാരായണ പ്രസാദ്

**കർത്താവിന്റെ ജനനപ്പെരുന്നാൾ മനുഷ്യാവതാരത്തിന്റെ ദൈവശാസ്ത്രചിന്തകൾ** — 14
റവ.ഡോ. ഐസക് പറപ്പള്ളിൽ

**നക്ഷത്രവിളക്കുകളില്ലാത്ത ക്രിസ്തുമസ് സ്മരണ** — 18
പ്രൊഫ. കെ. എസ്. രവികുമാർ

**കാരുണ്യവാനായ ക്രിസ്തു** — 20
ഭാസുരേന്ദ്രബാബു

**തിരുപ്പിറവി** — 22
ഫാ. ഫിലിപ്പ് വട്ടമറ്റം



All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
Theological and Catechetical Centre, Sameeksha, Kulakkad, Tiruvalla-1. Phone: 0469-2600626
E-mail : aikyadeepamtvla@gmail.com

## എഡിറ്റോറിയൽ



# വചനം മാംസമായി നമ്മുടെ ഇടയിൽ

“വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു- കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം”. മനുഷ്യരക്ഷയ്ക്കായ് മാംസം ധരിച്ച ദൈവപുത്രന്റെ പിറവി തിരുന്നാൾ സമാഗതമായി. ക്രിസ്തുവിലൂടെ സാധ്യമായ സ്നേഹവും ആനന്ദവും നിലനിർത്താനും പങ്കുവയ്ക്കാനും നമുക്ക് ശ്രമിക്കാം. വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു, ഇന്നും നിലനിൽക്കുന്നു. ക്രിസ്തീയ ജീവിതം ക്രിസ്തുവിനെ അനുകരിക്കുന്നതിൽ മാത്രമൊതുങ്ങുന്നില്ല. അസീസിയിലെ ഫ്രാൻസിസിനെപ്പോലെ ക്രിസ്തുവായിത്തീരാനുള്ള വിളി കൂടിയാണ്. 'Incarnation' (പുത്രനായ ക്രിസ്തുവിന്റെ മനുഷ്യാവതാരം) എന്ന പദം മനുഷ്യരക്ഷയിൽ വലിയ പ്രാധാന്യമുള്ള ദൈവശാസ്ത്രപദമാണല്ലോ. ദൈവത്തിന്റെ മനുഷ്യാവതാരം മനുഷ്യനെ ദൈവപുത്രനാക്കി ഉയർത്തുക എന്ന ലക്ഷ്യത്തോടെ സംഭവിച്ചതാണ്. എല്ലാവർക്കുമുള്ള സന്തോഷത്തിന്റെ സദ്വാർത്തയാണ് ഇത്. ക്രിസ്തുമസിന്റെ പ്രസക്തി ഇവിടെയാണ്. നമ്മുടെ ഓരോ അന്വേഷണവും മുന്നേറ്റവും മനുഷ്യന് കൂടുതൽ അർത്ഥം നല്കുന്നതാകണം. നന്മയും സ്നേഹവും വർദ്ധിക്കുന്നതാകണം. അങ്ങനെ ഓരോ ക്രിസ്തുമസ് ആഘോഷവും പ്രസക്തമായി തീരുന്നു. ജോർജ്ജ് ബെർണനോ എന്ന ഫ്രഞ്ച് എഴുത്തുകാരൻ 'disincarnation' എന്നൊരു പദം ഇതോടൊപ്പം അവതരിപ്പിക്കുന്നു. ഈ പദത്തെ മലയാളീകരിച്ചാൽ ഒരുപക്ഷെ ‘മനുഷ്യാവതാരനിരാസം’ എന്നു പ്രയോഗിക്കാം. ആധുനികലോകം എങ്ങനെ മനുഷ്യാവതാരനിരാസത്തിന്റെ ശക്തിയായി മാറുന്നു എന്നതാണ് അദ്ദേഹം പങ്കുവയ്ക്കുന്നത്. മനുഷ്യനിലെ ആത്മീയത നശിപ്പിക്കുന്ന ശക്തികൾ കമ്പോള ഉത്പന്നങ്ങളിലൊന്നായി പരിമിതപ്പെടുന്നവർ, ഇങ്ങനെ മനുഷ്യൻ ഇന്ന് നേരിടുന്ന നിരവധി വെല്ലുവിളികൾക്ക് ക്രിസ്തുമസ് സന്ദേശം പരിഹാരമാണ്. പിറക്കാൻ ഇടം കിട്ടാതിരിക്കുന്ന ദൈവം, സ്വാഭാവികമായ മനുഷ്യസങ്കല്പത്തിന്റെ ഇടങ്ങളിൽ ദൈവത്തെ കാണുന്നില്ല. മനുഷ്യജ്ഞാനത്തെ കിഴക്കു കണ്ട നക്ഷത്രം വഴികാട്ടുന്നതിലെ സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്നുസാരം. മനുഷ്യാവതാരത്തിന്റെ പെരുന്നാളായ ക്രിസ്തുമസിന്റെ ആഘോഷം നമ്മെ ക്രിസ്തുവിലേക്ക് കൂടുതൽ നയിക്കട്ടെ. മനുഷ്യാവതാരനിരാസത്തിന്റെ ശക്തികളെ അതിജീവിച്ച് പ്രതീക്ഷയുടെയും അനുഗ്രഹത്തിന്റെയും പുതിയ വർഷത്തിലേക്ക് ചുവടുവയ്ക്കാം.


ചീഫ് എഡിറ്റർ

**ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ**



# ഇടയശബ്ദം

**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
**മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്**



## വൈരുദ്ധ്യങ്ങളുടെ മദ്ധ്യേയുള്ള നേരടയാളം

# ഒരേ ഒരടയാളം

പ്രളയദുരന്താനുഭവത്തിനുശേഷം കടന്നുവരുന്ന മനുഷ്യാവതാരത്തിരുന്നാളാഘോഷം! നോട്ടുനിരോധനത്തെ തുടർന്ന് ദുർബ്ബലമായിരുന്ന നാടിന്റെ സാമ്പത്തികസ്ഥിതി പ്രളയത്തോടുകൂടി അഗാധഗർത്തത്തിലേക്ക് വീണു. കർഷകരും തൊഴിലാളികളും കച്ചവടക്കാരും അടക്കം സകലരും നെടുവീർപ്പിട്ടുകൊണ്ടിരിക്കുന്ന പശ്ചാത്തലം. മണ്ഡലകാലത്തിന്റെ വ്യതശുദ്ധിയും ശരണംവിളികളും കൊണ്ട് പവിത്രമാക്കപ്പെടുന്ന ശ്രീ. അയ്യപ്പന്റെ പൂങ്കാവനവും കാനനപ്രദേശവും ഏറെ പ്രക്ഷുബ്ധമായ ഒരു പശ്ചാത്തലം. കേരളത്തിന്റെ മണ്ണ് ഇതിനുമുമ്പെങ്ങും കാണാത്തമാതിരി അത്രമേൽ ദുഃഖിതയായിരിക്കുന്നു. തുലാവർഷത്തിന്റെ കെടുതിയിൽ വീണ്ടും നാശനഷ്ടങ്ങൾ. മഴ എന്നു കേൾക്കുമ്പോൾതന്നെ മനുഷ്യൻ ഭയപ്പെടുന്ന ഒരു സ്ഥിതി.

ക്രിസ്തുനാഥന്റെ പിറവിക്ക് ഏറ്റം ഉചിതമായ സാഹചര്യം. അനുകൂലസാഹചര്യം എന്നത് ബാഹ്യമായവ പ്രതികൂലമാകുമ്പോഴാണ്. സർവ്വാധിനാഥന് പിറക്കാൻ താത്പര്യമുള്ളത് വൈരുദ്ധ്യങ്ങളുടെ നടുവിലാണ്. പ്രതികൂലങ്ങളെ ഒഴിവാക്കിയല്ല, മറിച്ച് അവയെ അനുകൂലമാക്കുന്ന രീതിയാണ് യേശുനാഥന്റേത്. സ്നേഹവും കാരുണ്യവും ക്ഷമയും വിട്ടുവീഴ്ചാമനോഭാവവും സഹോദരസ്നേഹവും വീണ്ടും കത്തിപ്പടരുന്ന സ്വർഗ്ഗത്തിന്റെ തീർച്ചയും തീരുമാനവുമാണ് ക്രിസ്തുമസ്. എത്ര കഠിനഹൃദയത്തെപ്പോലും തരളിതമാക്കുന്ന സ്നേഹത്തിന്റെ നാഥൻ നമ്മെ സ്നേഹത്തിലേക്കു കൂട്ടിക്കൊണ്ടുപോകുവാൻ ഇതാ വീണ്ടും സമാഗതനാകുന്നു.

ക്രിസ്തുമസ്സ് എന്ന മനോഹരമായ തിരുന്നാൾ നമ്മെ മനുഷ്യത്വത്തിന്റെ നിലയിലേക്കും വിലയിലേക്കും കൊണ്ടെത്തിക്കുന്നു. ദൈവം മനുഷ്യനായത് മനുഷ്യനെ ദൈവികനാക്കുവാനായിരുന്നു. ദൈവവും മനുഷ്യനും ഒന്നാകുന്ന അനുഭവം. യഥാർത്ഥ മനുഷ്യനെ നാം കണ്ടുമുട്ടുന്നത് ബേത്‌ലഹേമിലെ ഗോശാലയിലാണ്. അവിടെത്തന്നെ ദൈവത്തെയും നാം കണ്ടുമുട്ടുന്നു. ആ ഗോശാല ഭൂമിയിലെ സ്വർഗ്ഗമായി, കാരണം ദൈവം അവിടെയാണ് മനുഷ്യനായി ജനിച്ചത്. ദൈവം എവിടെയോ അവിടെ സ്വർഗ്ഗം. മനുഷ്യൻ സ്വാർത്ഥനും തൻകാര്യമോഹിയുമാണ്. അവന്റെ യഥാർത്ഥ രൂപം തിരിച്ചറിയുന്നതിന് യേശുവിങ്കലേക്ക് നോക്കേണ്ടതുണ്ട്, നോക്കി പഠിക്കേണ്ടതുണ്ട്.

ലോകരക്ഷയ്ക്കുവേണ്ടി നൽകപ്പെട്ട സ്വർഗ്ഗത്തിന്റെ സമ്മാനമാണ് യേശുനാഥൻ. ഹെബ്രായർ 1:1 ൽ നാം വായിക്കുന്നു: 'പൂർവ്വകാലങ്ങളിൽ ദൈവം പ്രവാചകന്മാർ വഴിയും പിതാക്കന്മാർവഴിയും നമ്മോടു സംസാരിച്ചു. എന്നാൽ ഈ അവസാന കാലഘട്ടത്തിലാകട്ടെ തന്റെ പുത്രൻ മുഖാന്തരവും ദൈവം തന്നെതന്നെ നമുക്കു വെളിപ്പെടുത്തി. അതാണ് പൂർണ്ണമായതും നിർണ്ണായകമായതും. യേശുനാഥനെ സ്വീകരിക്കുമ്പോൾ നാം യഥാർത്ഥത്തിൽ ദൈവമക്കളാകും. നാം പുതിയ സ്വാതന്ത്ര്യത്തിലേക്കു കടക്കും. സാത്താനും തിന്മയും ലോകവും മരണവും ജഡവും പിന്നെ നമ്മെ ആക്രമിക്കുകയില്ല. യേശുവിനോടും അവന്റെ പിതാവിനോടും കൂടിയുള്ള വാസം ഏറ്റം സന്തോഷപ്രദവും സംതൃപ്തിദായകവുമാണ്. യേശുവിൽ നിന്നു മാത്രമെ നമുക്ക് ഇത് സ്വീകരിക്കാൻ കഴിയൂ. ക്രിസ്തുമതം ആരെയും നിർബ്ബ

ന്ധിച്ച് അതിലേക്കു കൊണ്ടുവരുന്നില്ല. എന്നാൽ സത്യം തിരിച്ചറിഞ്ഞും അതനുഭവിച്ചറിഞ്ഞും മനുഷ്യൻ കർത്താവിനെ സ്വീകരിക്കുന്നു. പറയുടെ കീഴിൽ മറച്ചുവയ്ക്കേണ്ട വിളക്കല്ല യേശുനാഥൻ. അവന്റെ പ്രകാശം കണ്ടിട്ട് അവനിലൂടെ ദൈവവുമായി സംസർഗ്ഗം ചെയ്യുവാൻ കഴിയുന്നതിലധികം സന്തോഷം, ആത്മനിർവൃതി വേറെയില്ല.

ഇന്ന് ക്രൈസ്തവർ എന്നു സംബോധന ചെയ്യപ്പെടുന്ന നമ്മൾ യേശുവിനെ വിലകുറഞ്ഞവനെപ്പോലെയും വെറും കറവപ്പശുവിനെപ്പോലെയും ആക്കിയിരിക്കുന്നു. നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടി മാത്രം അവനെ സമീപിക്കുകയും കാര്യം സാധിച്ചുകഴിഞ്ഞാൽ പിന്നെ ചവറ്റുകൊട്ടയിൽ ഇടുകയും. നമുക്കുവേണ്ടി സ്വർഗ്ഗം വിട്ടതും, നമ്മുടെ എല്ലാ അവസ്ഥകളും പങ്കിട്ടതും ജീവൻ സമർപ്പിച്ച ബലിഅർപ്പണത്തിലൂടെ നമ്മെ രക്ഷിച്ചതും, നാം മറക്കുന്നു. അവന്റെ സാന്നിദ്ധ്യത്തിലാണ് നമുക്ക് ജീവൻ കൈവരുന്നത്. അവനെ ഭക്ഷിക്കുമ്പോൾ നാമും അവനും ഒന്നാകുന്നു. നമ്മുടെ ദുഃഖങ്ങൾ അവന്റേതാകും, അവന്റേതു നമ്മുടേതുമാകും. പരസ്പരം പിരിയാൻ സാധിക്കാത്തമാതിരി അത്രമേൽ ഗാഢമായ ബന്ധത്തിലേക്ക് നാം വളരും. അതുകൊണ്ട് കർത്താവു കടന്നുവരുന്നത് നമ്മെ പൂർണ്ണതയിലേക്ക് എത്തിക്കുവാനാണ്. ഇതാണ് ക്രിസ്തുമസ്സ്.

മതത്തിന്റെ ചില ബാഹ്യമായ ചട്ടക്കൂടുകൾ ഉണ്ടെങ്കിലും ക്രിസ്തുമതം യേശുക്രിസ്തു എന്ന വ്യക്തിയാണ്. അവനാണ് എല്ലാം. അവനാണ് മാനദണ്ഡം, അവനാണ് മാർഗ്ഗം. അവനാണ് ലക്ഷ്യം. ബാക്കിയുള്ളവ മാറ്റപ്പെടാവുന്നവയാണ്. മാറ്റമില്ലാത്ത നമ്മുടെ കർത്താവിനെ അനുഗമിക്കുക എന്നതാണ് നമ്മുടെ സന്തോഷം. എത്തിച്ചേരുമ്പോഴല്ല അത് – മറിച്ച് യാത്രതന്നെ അവനാണ്. ആയതിനാൽ ആ സന്തോഷവും. യേശുവിൽ വിശ്വസിക്കുന്ന ഒരാൾക്കും മറ്റൊരുവനെ വിധിക്കുവാനോ ഉപദ്രവിക്കുവാനോ കഴിയില്ല. എന്റെ സഹോദരനിൽ ഞാൻ എന്നേത്തന്നെ കാണുന്നു, എന്റെ സ്നേഹനിധിയായ ദൈവത്തെ കാണുന്നു.

ഓരോ ക്രിസ്തുമസ്സും നമുക്ക് ദൈവത്തിലേക്കും സഹോദരങ്ങളിലേക്കും എത്തിച്ചേരുവാനുള്ള അവസരമാണ്. നമ്മെ ഇത്രമാത്രം സ്നേഹിക്കുന്ന നമ്മുടെ ദൈവത്തെ നമുക്കും കണ്ടെത്താം. ഈ ക്രിസ്തുമസ് അതിന് നമ്മെ സഹായിക്കട്ടെ. ദൈവത്തിന്റെ സ്വന്തം നാടെന്ന് അറിയപ്പെടുന്ന ഈ മണ്ണിൽ ദൈവം ഇല്ലാതെ വരുന്ന ഒരു സാഹചര്യം, അവനിടമില്ലാതെവരുന്ന ഒരു സാമൂഹിക സ്ഥിതി, അപകടകരമാണ്. ലോകത്തിന്റെ ന്യായങ്ങളല്ല ദൈവത്തിന്റെ ന്യായം പറയുവാൻ നമുക്ക് വിശ്വാസവും ബുദ്ധിയും വിവേകവും ഉണ്ടാവണം. ഐക്യദീപത്തിന്റെ അനുവാചകർക്ക് ക്രിസ്തുമസ്സ് – നവവത്സരാശംസകൾ.





ഡോ. ബി. ഇക്ബാൽ

# ആരോഗ്യപ്രവർത്തകർക്ക് ക്രിസ്തുമസ്സന്ദേശം

**വൈ**ദ്യശാസ്ത്രത്തെ മാനുഷികവൽക്കരിക്കണമെന്നും വൈദ്യശാസ്ത്രത്തെ കച്ചവടവൽക്കരിച്ചിരിക്കുന്നവർക്കെതിരേ പൊരുതണമെന്നുമാണ് യേശുദേവന്റെ ജീവിതം ആരോഗ്യപ്രവർത്തകർക്കു നൽകുന്ന സന്ദേശം.

ക്രിസ്മസ് കാലം യേശുക്രിസ്തുവിന്റെ ഓർമ്മ പുതുക്കാനുള്ള അവസരമാണ്. യേശുദേവൻ തന്റെ ജീവിതത്തിലൂടെ വെളിപ്പെടുത്തിയ ദർശനങ്ങൾ സ്വന്തം പ്രവർത്തനമണ്ഡലത്തിൽ എങ്ങനെ പ്രയോഗിക്കണമെന്നു തീരുമാനിക്കാനുള്ള സമയമാണ്. ഒരു ആരോഗ്യ പ്രവർത്തകൻ എന്ന നിലയിൽ (ഡോക്ടർമാർ, നേഴ്സുമാർ, ടെക്നീഷ്യന്മാർ, ഫാർമസിസ്റ്റുകൾ തുടങ്ങി ആതുരശുശ്രൂഷയുമായി നേരിട്ടു ബന്ധപ്പെടുന്നവരെയാണ് ആരോഗ്യപ്രവർത്തകരായി വിവക്ഷിച്ചിട്ടുള്ളത്). ക്രിസ്മസ് കാലത്തു ഞാൻ ബൈബിൾ ആവർത്തിച്ചു വായിക്കാറുണ്ട്. ആരോഗ്യരംഗത്തു പുത്തൻ മാനുഷിക കാഴ്ചപ്പാടുകൾ വികസിപ്പിച്ചെടുക്കാൻ യേശുദേവന്റെ ജീവിതം എനിക്കു മാർഗദർശകമാകാറുണ്ട്. അവയിൽ ചിലവ പങ്കുവയ്ക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

**സ്നേഹത്തിന്റെ ദർശനം**

യേശുദേവൻ മഹാനായ മനുഷ്യസ്നേഹിയായിരുന്നു. പുതിയ നിയമത്തിൽ പറയുന്നു: ''എന്റെ വാക്കു ശ്രവിക്കുന്ന നിങ്ങളോടു ഞാൻ പറയുന്നു. ശത്രുക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യുവിൻ. ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ: അധിക്ഷേപിക്കുന്നവർക്കു വേണ്ടി പ്രാർഥിക്കുവിൻ. ഒരു ചെകിട്ടത്ത് അടിക്കുന്നവനു മറ്റേ ചെകിടും കാണിച്ചു കൊടുക്കുക.'' (ലൂക്കാ 6:27–28).

യേശുദേവന്റെ ദർശനം മനുഷ്യസ്നേഹത്തിന്റെ ദർശനമാണ്. യേശു ഒരു മനുഷ്യസ്നേഹി മാത്രമായിരുന്നില്ല. രോഗത്താൽ പീഡിപ്പിക്കപ്പെടുന്നവർക്ക് ശാന്തി നൽകുന്ന ചികിത്സകൻ കൂടിയായിരുന്നുവെന്നാണ് ബൈബിളിൽ നിന്നു മനസിലാക്കേണ്ടത്.

**രോഗശാന്തി**

''അവൻ അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും ജനങ്ങളുടെ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ഗലീലി മുഴുവൻ ചുറ്റി സഞ്ചരിച്ചു. അവന്റെ കീർത്തി സിറിയയിലെങ്ങും വ്യാപിച്ചു. എല്ലാ രോഗികളെയും വിവിധ വ്യാധികളാലും വ്യഥകളാലും അവശരായവരെയും അപസ്മാര രോഗികൾ, തളർവാതക്കാർ എന്നിവരെയും അവർ അവന്റെ അടുക്കൽ കൊണ്ടുവന്നു. അവൻ അവരെ സുഖപ്പെടുത്തി.'' (മത്തായി 4:23–24).

ഒരു മനുഷ്യസ്നേഹിക്കു മാത്രമേ, മനുഷ്യരുടെ വേദനകളിൽ ദുഃഖിക്കുന്നവർക്കു മാത്രമേ, രോഗശാന്തി പ്രദാനം ചെയ്യുന്ന, ജനങ്ങൾക്ക് ആശ്വാസം പകരാൻ കഴിയുന്ന ചികിത്സകൻ ആവാൻ കഴിയൂ എന്നതാണ് ബൈബിൾ നൽകുന്ന പ്രധാനപ്പെട്ട സന്ദേശം.

വൈദ്യശാസ്ത്രവും ആതുരശുശ്രൂഷയും ഇന്നു നേരിടുന്ന മുഖ്യപ്രതിസന്ധി ചികിത്സാരംഗത്തു ശക്തിപ്പെട്ടുവരുന്ന അമാനവീകരണ പ്രവണതകളാണ്. മനുഷ്യൻ രോഗിയും രോഗം ബാധിച്ച അവയവവുമായി ചുരുക്കപ്പെട്ടിരിക്കുന്നു. ചികിത്സയിലും രോഗനിർണയത്തിലും വന്നിട്ടുള്ള യന്ത്രവൽക്കരണം ഈ പ്രവണതയെ ശക്തിപ്പെടുത്തുന്നു. വൈദ്യശാസ്ത്രത്തെ മനുഷ്യവൽക്കരിക്കേണ്ടതിന്റെ ആവശ്യകത യേശുദേവന്റെ ജീവിതം നമ്മെ ബോധ്യപ്പെടുത്തുന്നു.

**നല്ലവനായ ശമര്യാക്കാരന്റെ ഉപമ**

യേശു ശിഷ്യന്മാരോട് പറഞ്ഞ നല്ലവനായ ശമര്യാക്കാരന്റെ കഥയിൽനിന്നും ആരോഗ്യപ്രവർത്തകർക്ക് വിലപ്പെട്ട പാഠം പഠിക്കാനുണ്ട്. നിന്റെ അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കുക എന്ന് യേശു ശിഷ്യന്മാരെ ഉപദേശിച്ചപ്പോൾ അവരിൽ ഒരാൾ യേശുവിനോട് ആരാണ് എന്റെ അയൽക്കാരൻ എന്ന് ചോദിക്കുന്നു. അതിനുള്ള മറുപടിയായാണ് യേശു നല്ല ശമര്യാക്കാരന്റെ ഉപമ പറയുന്നത്.

ഒരു മനുഷ്യൻ ജെറുശലേമിൽനിന്ന് യെറീക്കയിലേക്ക് പോവുകയായിരുന്നു. അയാൾ കവർച്ചക്കാരന്റെ കൈയിൽ അകപ്പെട്ടു. അവർ അയാളെ കൊള്ളയടിച്ച്, തല്ലി മൃതപ്രായനാക്കി ഇട്ടിട്ടു പോയി. ഒരു പുരോഹിതൻ ആ വഴിയേ വന്നു. അയാളെ കണ്ടപ്പോൾ മറുവശത്തൂടെ കടന്നു പോയി. എന്നാൽ ഒരു ശമര്യാക്കാരൻ യാത്രാമധ്യേ അയാൾ കിടന്നിരുന്നിടത്ത് വന്നു. അയാളെ കണ്ടപ്പോൾ ശമര്യാക്കാരന് കനിവ് തോന്നി. ശമര്യാക്കാരൻ അയാളുടെ അടുക്കൽ ചെന്ന് എണ്ണയും വീഞ്ഞും ഒഴിച്ച് മുറിവുകൾ വച്ച് കെട്ടി. അനന്തരം അയാളെ സ്വന്തം മൃഗത്തിന്റെ പുറത്ത് ഇരുത്തി ഒരു സത്രത്തിൽ കൊണ്ടുവന്ന് പരിചരിച്ചു. പിറ്റേന്ന് ശമര്യാക്കാരൻ രണ്ട് ദനാറ എടുത്ത് സത്രം സൂക്ഷിപ്പുകാരനെ ഏൽപ്പിച്ചിട്ടു പറഞ്ഞു: ഇയാളെ പരിചരിക്കുക. എന്തെങ്കിലും കൂടുതൽ ചെലവ് വന്നാൽ ഞാൻ മടങ്ങി വരുമ്പോൾ നിനക്ക് തന്നുകൊള്ളാം.

ഈ മൂന്നു പേരിൽ ആരാണ് കവർച്ചക്കാരുടെ കയ്യിൽ അകപ്പെട്ട ആ മനുഷ്യന് അയൽക്കാരനായി തീർന്നത്? എന്താണ് നിന്റെ അഭിപ്രായം? അയാൾ പറഞ്ഞു. അയാളോട്

ഒരു മനുഷ്യസ്നേഹിക്കു മാത്രമേ, മനുഷ്യരുടെ വേദനകളിൽ ദുഃഖിക്കുന്നവർക്കു മാത്രമേ, രോഗശാന്തി പ്രദാനം ചെയ്യുന്ന, ജനങ്ങൾക്ക് ആശ്വാസം പകരാൻ കഴിയുന്ന ചികിത്സകൻ ആവാൻ കഴിയൂ എന്നതാണ് ബൈബിൾ നൽകുന്ന പ്രധാനപ്പെട്ട സന്ദേശം.

> **തന്റെ മുന്നിൽ ചികിത്സയ്ക്കാ യെത്തുന്ന ഓരോ രോഗിയുടെ സ്ഥിതിയും യേശു വിവരിച്ച കഥയിലെ കവർച്ചക്കാരാൽ കൊള്ളയടിക്കപ്പെട്ട, അവരുടെ മർദ്ദനമേറ്റ് മൃതപ്രായനായ വ്യക്തിയുടേതിന് തുല്യമാണെന്ന് ആരോഗ്യപ്രവ ർത്തകർ അറിഞ്ഞിരിക്കേണ്ടതാണ്. അവർക്കു രോഗിയെ ചൂഷണം ചെയ്യാം അല്ലെങ്കിൽ ശമര്യാ ക്കാരനെപ്പോലെ അയാളെ സഹായിക്കാം.**

കരുണ കാണിച്ച വൻ തന്നെ. യേശു പറഞ്ഞു നീയും പോയി ഇതു പോലെ ചെയ്യുക.

ഒരു ജൂതനായിരുന്നു കവർച്ചക്കാരുടെ കൈയിലകപ്പെട്ടയാൾ. ജൂതസമൂഹത്തിൽപെട്ട വരും ശമര്യക്കാരും പരമ്പരാ ഗതമായി ശത്രുതയിലാണ്. തന്റെ ശത്രു ഒരു ആപത്തിൽ അകപ്പെട്ട പ്പോൾ അയാളുടെ സഹായത്തിനെത്തിയ ശമര്യാ ക്കാരനാണ് അയൽപക്കസ്നേഹം പ്രകടമാക്കിയ തെന്നാണ് യേശു ഈ കഥയിലൂടെ വ്യക്തമാക്കു ന്നത്. രോഗം ബാധിക്കുന്നത് ഏതു വ്യക്തിയും സമൂഹത്തിൽ എത്ര ഉന്നതനായാലും ദുർബല നായി തീരുന്നു. ഡോക്ടർമാരും ആരോഗ്യപ്രവർ ത്തകരുമായി രോഗികൾക്ക് രോഗത്തെയും ചികി ത്സയേയും പറ്റി വലിയ വിജ്ഞാന അന്തരമാണു ള്ളത്. ഇതെല്ലാം മൂലം ഡോക്ടർ രോഗി ബന്ധ ത്തിൽ ചൂഷണത്തിനുള്ള വലിയ സാധ്യത അട ങ്ങിയിരിക്കുന്നു. തന്റെ മുന്നിൽ ചികിത്സയ്ക്കാ യെത്തുന്ന ഓരോ രോഗിയുടെ സ്ഥിതിയും യേശു വിവരിച്ച കഥയിലെ കവർച്ചക്കാരാൽ കൊള്ളയടി ക്കപ്പെട്ട, അവരുടെ മർദ്ദനമേറ്റ് മൃതപ്രായനായ വ്യക്തിയുടേതിന് തുല്യമാണെന്ന് ആരോഗ്യപ്രവ ർത്തകർ അറിഞ്ഞിരിക്കേണ്ടതാണ്. അവർക്കു രോഗിയെ ചൂഷണം ചെയ്യാം അല്ലെങ്കിൽ ശമര്യാ ക്കാരനെപ്പോലെ അയാളെ സഹായിക്കാം. ഇവിടെ ആരോഗ്യപ്രവർത്തകർ എടുക്കേണ്ട നിലപാട് നല്ലവനായ ശമര്യാക്കാരന്റേതായിരി ക്കണം. ആതുരസേവനത്തിന്റെ മഹത്തായ പാരമ്പര്യവും ലക്ഷ്യവും ഈ കഥ യിലൂടെ യേശു വ്യക്തമാക്കുന്ന അയൽപക്കസ്നേഹത്തിൽ അധിഷ്ഠിതമായിരിക്കണം.

നല്ലവനായ ശമര്യാക്കാരന്റെ കഥയുടെ ആതുര സേവനപ്രസക്തി കണക്കിലെടുത്തുകൊണ്ട് അമേരിക്കയിലെ പ്രശസ്ത ചികിത്സാകേന്ദ്രമായ ലോമാ ലിൻഡാ മെഡിക്കൽ സർവ്വകലാശാലയുടെ മുന്നിൽ ഈ കഥ കൊത്തിവച്ചിരിക്കുന്നത് എനിക്ക് കാണാൻ അവസരം ലഭിച്ചിരുന്നു.

**സാമൂഹ്യരോഗം**

യേശു രോഗബാധിതർക്ക്, ആശ്വാസമരുളി യത് സമൂഹമധ്യത്തിൽവെച്ചാണ്.

''യേശു മലയിൽനിന്ന് ഇറങ്ങിവന്നപ്പോൾ വലിയ ജനക്കൂട്ടം അവനെ അനുഗമിച്ചു. അപ്പോൾ ഒരു കുഷ്ഠരോഗി അടുത്തുവന്നു താണുവണങ്ങി പറഞ്ഞു: കർത്താവേ അങ്ങേ യ്ക്കു മനസുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കാൻ കഴി യും. യേശു കൈ നീട്ടി അവനെ സ്വീകരിച്ചു കൊണ്ട് അരുളിച്ചെയ്തു: എനിക്കു മനസ്സുണ്ട്. നിനക്കു ശുദ്ധി വരട്ടെ. തൽക്ഷണം കുഷ്ഠ രോഗം മാറി അവനു ശുദ്ധിവന്നു.'' (മത്തായി 8: 1–3).

വൈദ്യശാസ്ത്രവും ആരോഗ്യപ്രവർത്തകരും ഇന്നു ജനങ്ങളിൽനിന്ന് അന്യവല്കരിക്കപ്പെട്ടിരിക്ക യാണ്. സ്ഥാപനവൽക്കരിക്കപ്പെട്ട, ജനങ്ങളിൽ നിന്നൊറ്റപ്പെട്ട വൈദ്യശാസ്ത്രത്തിന് അതിന്റെ സാമൂഹ്യബാധ്യത നിറവേറ്റാൻ കഴിയുന്നില്ല. ജന ങ്ങളുമായി സജീവബന്ധം പുലർത്തിക്കൊണ്ടു മാത്രമേ ആരോഗ്യപ്രവർത്തകർക്കു സമൂഹത്തോ ടുള്ള തങ്ങളുടെ കടമ നിറവേറ്റാൻ കഴിയൂ എന്ന് യേശുവിന്റെ ജീവിതം നമ്മെ ബോധ്യപ്പെടുത്തുന്നു.

**ദൈവവും ധനദേവതയും**

സ്വതേ ശാന്തനും മിതഭാഷിയും സമാധാന പ്രേമിയുമായ യേശുക്രിസ്തു ക്ഷുഭിതനും അസ്വ സ്ഥനുമായ ഒരു അവസരം മാത്രമേ ബൈബിളിൽ കാണാൻ കഴിയൂ.

''അവൻ ദേവാലയത്തിൽ പ്രവേശിച്ചു. അവിടെ ക്രയവിക്രയം ചെയ്തുകൊണ്ടിരിക്കുന്ന വരെ പുറത്താക്കാൻ തുടങ്ങി. നാണയമാറ്റക്കാ രുടെ മേശകളും പ്രാവ് വില്പനക്കാരുടെ ഇരിപ്പിട ങ്ങളും അവൻ തട്ടിമറിച്ചിട്ടു ദേവാലയത്തിലൂടെ പാത്രങ്ങൾ ചുമന്നു കൊണ്ടുപോകാൻ ആരെയും അനുവദിച്ചില്ല. അവൻ അവരെ പഠിപ്പിച്ചു. 'എന്റെ ഭവനം എല്ലാ ജനതയ്ക്കുമുള്ള പ്രാർഥനാലയം എന്നു വിളിക്കപ്പെടും എന്ന് എഴുതിയിട്ടില്ലേ? നിങ്ങൾ അതിനെ കച്ചവടക്കാരുടെ ഗുഹയാക്കി ത്തീർത്തിരിക്കുന്നു'' (മർക്കോസ് 11:15–17).

ദൈവത്തിന്റെ ദേവാലയം കച്ചവടത്തിനായി ഉപയോഗിച്ചിരിക്കുന്നവരെയാണ് യാതൊരു കരു ണയും കാട്ടാതെ യേശു അടിച്ചു പുറത്താക്കിയത്. ആരോഗ്യപ്രവർത്തകരെ സംബന്ധിച്ചിടത്തോളം ആശുപത്രികൾ ദേവാലയങ്ങളും ആതുരശു ശ്രൂഷ പ്രാർഥനയുമാണ്.

ദൈവത്തേയും മാമോനെയും (ധനദേവത) ഒപ്പം സേവിക്കാൻ നിങ്ങൾക്ക് സാധ്യമല്ല എന്നും യേശു ഉദ്ബോധിപ്പിക്കുന്നുണ്ട്. (മത്തായി 6:24). വൈദ്യശാസ്ത്രത്തെ സ്വകാര്യവൽക്കരിക്കയും വാണിജ്യവൽക്കരിക്കയും ചെയ്യുന്ന സാമ്പത്തിക ശക്തികളോട് ഒരിക്കലും ഒത്തുതീർപ്പു പാടില്ലെ ന്നാണ് യേശുവിന്റെ ഈ സന്ദേശത്തിൽനിന്നും ഉൾക്കൊള്ളേണ്ടത്.

വൈദ്യശാസ്ത്രത്തെ മാനുഷികവൽക്കരിക്ക ണമെന്നും വൈദ്യശാസ്ത്രത്തെ കച്ചവടവൽക്കരി ച്ചിരിക്കുന്നവർക്കെതിരെ പൊരുതണമെന്നുമാണ് യേശുദേവന്റെ ജീവിതം ആരോഗ്യ പ്രവർത്ത കർക്കു നൽകുന്ന സന്ദേശം. ●

# ഇടമറിയാതൊരുടൽ



ഫ്രാൻസിസ് നൊറോണ

ഭൂപടത്തിലൊരിടം തേടി
ഞാനെന്റെ പായ്ക്കപ്പലിനെ നീറ്റിലിറക്കുന്നു.
എത്തേണ്ടതുറമുഖങ്ങൾ.
നിറയേണ്ടആനന്ദങ്ങൾ.
ഒഴിവാക്കേണ്ടഭാരങ്ങൾ.
യാത്രയിലെ ചതിയും ഗതിയും
കാലവുമൊക്കെ തീർച്ചപ്പെടുത്തിയ
അഹന്ത നിറഞ്ഞ ശിരസ്സുമായി
അമരത്തൊരുടൽ....

ഹൃദയപായകൾക്ക് ഊർജ്ജം പകരുന്നത്
നിന്റെ കരുണയുടെ കാറ്റാണെന്നറിയാതെ,
കാവലും വിളക്കും നീയാണെന്നറിയാതെ...
ഇടമറിയാതെന്റെയുടൽ
ഇടമുറിയേണ്ട ഉടൽ
വെറും ഉടൽ ...!

# യേശു
## ജീവിതത്തിന്റെ ലഹരി

**പിറവി മുതൽ മരണം വരെ ഭൂമിയിൽ തലചായ്ക്കാൻ ഇടം കിട്ടാത്തവന്റെ നിലവിളിയുടെ പേരാണ് യേശു.**

‘**ഞാ**ൻ നിങ്ങളെ അനാഥരായി കൈവെടിയുകയില്ല’. പിറവി മുതൽ മരണം വരെ ഭൂമിയിൽ തലചായ്ക്കാൻ ഇടം കിട്ടാത്തവന്റെ നിലവിളിയുടെ പേരാണ് യേശു. അനാഥത്വത്തിന്റെ ആ രാജകുമാരനാണ് ആരേയും അനാഥരാക്കുകയില്ല എന്ന് പ്രഖ്യാപിച്ചത്.

വേദനയുടെ കർഷകനാണ് യേശു. കുരിശാകട്ടെ അവന്റെ കലപ്പയും. ഭൂമിയിലെ മുഴുവൻ ഏകാകികളുടെയും അനാഥരുടെയും കുലചിഹ്നമാണ് കുരിശ്. അവന്റെ രക്തം നനഞ്ഞപ്പോൾ അപമാനത്തിന്റെ ആ കുരിശ് ത്യാഗത്തിന്റെയും പ്രതീക്ഷയുടെയും ചിഹ്നമായി മാറി. സങ്കടങ്ങളെക്കൊണ്ട് കടഞ്ഞെടുത്ത യേശുവിന്റെ ഉടൽ പല രീതിയിൽ മുറിക്കപ്പെട്ടു. ദാഹം, അപമാനം വിചാരണ, തിരസ്ക്കാരം, ഏകാന്തത, അലച്ചിൽ, വിശപ്പ്, നഗ്നത അതെല്ലാമായിരുന്നു യേശുവിന്റെ ഉടൽ. അതുകൊണ്ടാണ് ഈ മട്ടിൽ നിസ്സഹായരായവർക്കെല്ലാം യേശു പ്രകാശമായത്. അവൻ ഉയിർത്തത് അവന്റെ മുറിവുകൾ കൊണ്ടാണ്. ദരിദ്ര്യനും നിസാരനുമായ ഇതുപോലൊരു ദൈവത്തെ നാമെവിടെ കണ്ടെത്തും? അധികാരത്തിന്റെ ചെങ്കോൽ അയാൾക്ക് ചേരുകയേയില്ല.

എന്നാൽ ബൈബിളിലെ പ്രവാചകപാരമ്പര്യത്തിൽ ഏറ്റവും കൂടുതൽ ചിരിച്ചയാൾ യേശുവായിരുന്നുവെന്ന് ഒരു വലിയ നിരീക്ഷണമുണ്ട്. വിസ്മയിപ്പിക്കുന്ന ഒരു മന്ദഹാസം ആ ജീവിതത്തിൽ വാക്കുകളിലും പ്രവൃത്തികളിലും വലയം ചെയ്തു നിന്നു.

അതോടൊപ്പം വലിയൊരു മറവിക്കാരനുമായിരുന്നു യേശു. ആരുടെയും ഭൂതകാലപ്പിഴവുകൾ ഓർമ്മയിൽ സൂക്ഷിച്ചില്ല. എല്ലാ ജീവിതഭാരങ്ങളുടെയും നുകങ്ങൾ ഇറക്കിവച്ചു.

എന്താണ് ജീവിതത്തിന്റെ ലഹരി എന്നു ചോദിച്ചാൽ എനിക്കൊരു ഉത്തരമേയുള്ളൂ. യേശുവാണത്. യേശു ജീവിതത്തിന്റെ പുതുവീഞ്ഞ്. പുതുവീഞ്ഞിനെ സ്വീകരിക്കേണ്ടി വരുമ്പോൾ പഴയ തോൽക്കുടങ്ങൾ തകരണം. ഉള്ളിലെ പഴകിയ വാസനകൾ മുൻവിധികൾ അധികാരഭ്രമങ്ങൾ ഭൗതികപ്രലോഭനങ്ങൾ മറ്റനേകം മാലിന്യങ്ങൾ തകരണം. പുതുവീഞ്ഞ് നുകരണമെങ്കിൽ അകം പൊളിയണം. വിണ്ടുകീറണം. യേശു പുറത്തെവിടെയുമല്ലെന്നറിയണം. നമുക്കുള്ളിലെ വിസ്മയത്തിന്റെ ആന്തരികസാധ്യതയാണ് യേശു.

ചെറുപ്പത്തിൽ യേശുവിന്റെ അത്ഭുതങ്ങളാണ് എന്നെ കൊണ്ടുനടന്നത്. പിന്നീട് അവന്റെ വാക്കുകൾ, നിലപാടുകൾ, ചെറിയ കാര്യങ്ങളോടും മനുഷ്യരോടുമുള്ള വലിയ ശ്രദ്ധ, വലിപ്പചെറുപ്പമില്ലാത്ത ഇടപെടലുകൾ, ഉപേക്ഷിതരിലേക്കും പരാജിതരിലേക്കുമുള്ള യാത്രകൾ, വ്യതിചലിക്കുന്ന എന്തിനേയും ചേർത്തുനിർത്തുന്ന രീതികൾ, സ്ത്രീകളേയും കുഞ്ഞുങ്ങളേയും അകമഴിഞ്ഞു സ്നേഹിക്കുന്നതിലെ മധുരഭാവങ്ങൾ, അധികാരരൂപങ്ങളോടുള്ള കലഹങ്ങൾ, നമ്മുടെ അറിവുകൾക്കും യുക്തികൾക്കുമപ്പുറത്തുള്ള സത്യത്തെ ഉപമകളിലൂടെയും കഥകളിലൂടെയും ഭാവനയുടെ സൗന്ദര്യമാക്കുന്ന വർത്തമാനങ്ങൾ.. നമ്മുടെ വ്രണങ്ങളെയും പോരായ്മകളെയും സുഖപ്പെടുത്തുന്ന ചികിത്സകൾ, ലോകത്തെ നിയമവാഴ്ചകളിൽനിന്നും മോചിപ്പിച്ച് നീതിയുടെ സൗന്ദര്യം പകരുന്ന ആർജവവും ധീരതയും... ഏതൊരു നിസാരമനുഷ്യന്റെയും ജീവിതത്തെ സരളവും അഗാധവുമാക്കുവാനുമുള്ള ഇന്ദ്രജാലം..അങ്ങനെ യേശു എനിക്ക് വായിച്ചെടുക്കുവാനുള്ള, പകർത്തിയെഴുതുവാനുള്ള ഹൃദയസ്പർശിയായ കവിത കൂടിയാണ്. ●

**പ്രൊഫ. വി. ജി. തമ്പി**





യേശുക്രിസ്തു പ്രപഞ്ചരഹസ്യമറിഞ്ഞ്, ആ രഹസ്യത്തിന്റെ സന്ദേശവാഹകനായി ജീവിച്ച ഗുരുവാണ്. പ്രപഞ്ചമാകുന്ന സത്യത്തിൽനിന്ന് വേറിട്ടൊരു ഉണ്മ ആർക്കുമില്ല. പ്രപഞ്ചവും ഈ 'ഞാനും' ചേർന്ന് ഒരൊറ്റ സത്യമാണ്. അതായത് പ്രപഞ്ചരഹസ്യം കണ്ടെത്തിയവൻ തന്നെത്തന്നെ കാണുന്നത് ആ രഹസ്യത്തിൽനിന്ന് താൻ വേറല്ല എന്നാണ്. ഒരു തിര കടലിൽനിന്നു വേറല്ലാതെ തന്നെ കാണുന്നതുപോലെ. സ്വന്തം സത്തയും പ്രപഞ്ചസത്തയും രണ്ടല്ലെന്ന അനുഭൂതിയിൽ സദാ വർത്തിക്കുന്നവനിൽ പ്രപഞ്ചത്തിൽ സംഭവിക്കാവുന്ന എന്തും സംഭവിക്കാം.

ആകെക്കൂടിയെടുത്താൽ പ്രപഞ്ചം ഒരു മഹാ അത്ഭുതമാണ്. അപ്പോൾ ആ അത്ഭുതസത്തയിൽ നടക്കുന്ന പല അത്ഭുതങ്ങളും അയാളുടെ വ്യക്തിസത്തയിലും സംഭവിക്കും. ഈ കാഴ്ചപ്പാടു വച്ചുകൊണ്ടു യേശു കാനായിലെ കല്യാണ വിരുന്നു സമയത്തു വെള്ളം വീഞ്ഞാക്കി മാറ്റിയ സംഭവം പരിശോധിക്കാം:

വീഞ്ഞ് മുന്തിരിച്ചാറാണ്. തറയിൽ കിടക്കുന്ന വെള്ളം മുന്തിരിവള്ളികൾ വലിച്ചെടുത്ത് മുന്തിരിക്കുലകളിലെത്തിച്ചു മുന്തിരിച്ചാറാക്കി മാറ്റുന്നു. ഇതെങ്ങനെ സംഭവിക്കുന്നുവെന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുമെന്ന് തോന്നുന്നില്ല.



# യേശു എന്ന മഹാത്ഭുതം

ഗുരു മുനി നാരായണ പ്രസാദ്

കാരണം, അതു സംഭവിച്ചത് അജ്ഞേയമായ പ്രകൃതിശക്തിയുടെ ഭാഗമായിട്ടാണ്. ആ പ്രകൃതി ശക്തിയാകട്ടെ, അജ്ഞാതമായ പ്രപഞ്ചരഹസ്യത്തിൽ പെട്ടതുമാണ്.

അങ്ങനെയുള്ള അജ്ഞാതമായ പ്രപഞ്ചരഹസ്യവുമായുള്ള താദാത്മ്യം നിരന്തരം അനുഭവിച്ചുകൊണ്ടു ജീവിച്ച യേശു, ആ സത്യത്തെ (സ്വർഗ്ഗസ്ഥനായ പിതാവിനെ) ധ്യാനിച്ചുകൊണ്ട് വെള്ളമിരിക്കുന്ന ഭരണിയിൽ തൊട്ടു. അതേ അജ്ഞാതമായ പ്രപഞ്ചരഹസ്യത്തിന്റെ ഭാഗമായി ആ വെള്ളം വീഞ്ഞായി മാറി.

ഇത് ആ അത്ഭുതസംഭവത്തെ സംബന്ധിക്കുന്ന വിശദീകരണമല്ല. പ്രപഞ്ചത്തിൽ നടക്കുന്ന ഓരോ കൊച്ചു കൊച്ചു കാര്യങ്ങളും പ്രപഞ്ചമെന്ന മഹാത്ഭുതത്തിന്റെ ഭാഗമാണെന്നു ദർശിക്കാനുള്ള ഉൾക്കാഴ്ച നമുക്കു ലഭിക്കാനുപകരിക്കുന്ന ഒരു ചൂണ്ടുപലക മാത്രമാണ് യേശുവിന്റെ ജീവിതത്തിലെ ഈ സംഭവം. അക്കാര്യം ചൂണ്ടിക്കാണിക്കുക മാത്രമാണ് ഇവിടെ ചെയ്യുന്നത്. നമ്മൾ ഓരോരുത്തരും വ്യക്തികളായി ഉണ്ടായിരിക്കാനും ഇതൊക്കെ ചിന്തിക്കാനും ഇടയാകുന്നതുപോലും മഹാത്ഭുതമല്ലേ! പ്രപഞ്ചമെന്ന മഹാത്ഭുതത്തിലെ ചെറുകണങ്ങളായ കുഞ്ഞത്ഭുതങ്ങൾ തന്നെയാണ് നമ്മളെല്ലാം. ഈ സത്യം നമ്മെ അറിയിക്കുകയാണ് യേശു ചെയ്തത്. ●





# കർത്താവിന്റെ ജനനപ്പെരുന്നാൾ

## മനുഷ്യാവതാരത്തിന്റെ ദൈവശാസ്ത്രചിന്തകൾ



ഫാ. ഡോ. ഐസക് പറപ്പള്ളിൽ

**"ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്ന് ജനിച്ചിരിക്കുന്നു"**
**(ലൂക്കോ 2:11)**

**യേ**ശുവിന്റെ ജനനപ്പെരുന്നാളിനെ (യൽദാ പെരുന്നാൾ) മനുഷ്യാവതാരപ്പെരുന്നാൾ എന്നാണ് സുറിയാനി സഭാപിതാക്കന്മാർ വിളിച്ചിരുന്നത്. ദൈവപുത്രനായ യേശു ശരീരം ധരിച്ച്, മനുഷ്യസ്വഭാവം സ്വീകരിച്ച്, മനുഷ്യനായി തീർന്ന്, ത്രിത്വത്തിലെ രണ്ടാമത്തെ ആളായി അവതരിച്ചു എന്ന അർത്ഥത്തിലാണ് സഭാപിതാക്കന്മാർ മനുഷ്യാവതാരപ്പെരുന്നാൾ എന്ന് വിളിച്ചത്. മനുഷ്യാവതാരത്തിലൂടെ യേശു ഒരേസമയം പൂർണ ദൈവവും പൂർണ മനുഷ്യനുമായിത്തീർന്നു. ദൈവം എന്തുകൊണ്ടാണ് മനുഷ്യനായി അവതരിച്ചത്? ദൈവത്തിന് മനുഷ്യരോടുള്ള, ലോകത്തോടുള്ള, സ്നേഹത്തിന്റെയും, ജീവൻ പങ്കുവയ്ക്കലിന്റെയും മൂർത്തരൂപമായാണ് തന്റെ പുത്രനെ മനുഷ്യാവതാരത്തിലൂടെ ലോകത്തിന് നല്കിയത്. മനുഷ്യനായി അവതരിക്കുവാനുള്ള ദൈവത്തിന്റെ തിരുവിഷ്ടത്തിന്റെ പൂർത്തീകരണമാണ് യേശുവിന്റെ മനുഷ്യാവതാരവും, തുടർന്നുള്ള ഇഹലോകജീവിതവും. യേശുവിന്റെ മനുഷ്യാവതാരത്തിന്റെയും, ദൈവ-മനുഷ്യസ്വഭാവങ്ങളുടെയും അർത്ഥവ്യാപ്തിയും നിർവചനവും നാം കാണുന്നത് എ.ഡി. 325 ൽ നടന്ന നിഖ്യാ കൗൺസിലിലും, 431 ലെ എഫേസോസ് കൗൺസിലിലും, 451 ലെ

കാൽസിഡോണിയൻ കൗൺസിലിലുമാണ്. ഈ കൗൺസിലുകളുടെ പ്രബോധനങ്ങളാണ് വിശ്വാസപ്രമാണത്തിൽ നാം ഏറ്റുപറയുന്നത്. ''യേശു സർവ്വലോകങ്ങൾക്കും മുമ്പേ പിതാവിൽനിന്ന് ജനിച്ചവനും.... ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോട് സമത്വമുള്ളവനും... ഇപ്രകാരമുള്ള വിശ്വാസസത്യങ്ങളുടെ പ്രഖ്യാപനത്തിലൂടെ യേശു പൂർണ ദൈവമാണെന്നും, വിശുദ്ധ കന്യകമറിയാമിൽനിന്ന് ശരീരം ധരിച്ചതിനാൽ പൂർണ മനുഷ്യനാണെന്നും നാം വിശ്വസിക്കുന്നു. അങ്ങനെ യേശുവിന്റെ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും, യേശുവിന്റെ ആളത്വത്തിൽ ഒന്നു ചേർന്നിരിക്കുന്നു.

യേശുവിന്റെ മനുഷ്യാവതാരത്തിന്റെ യഥാർത്ഥ അർത്ഥം മനസ്സിലാക്കി ആഘോഷിക്കുവാനുള്ളതാണ് ക്രിസ്തുമസ്. എന്നാൽ, ഇന്ന് ക്രിസ്തുമസിന്റെ യഥാർത്ഥ സന്ദേശം, ബഹളത്തിന്റെയും ആരവങ്ങളുടെയും, ആഘോഷങ്ങളുടെയും, കച്ചവടസംസ്കാരത്തിന്റെയും ഇടയിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ശാന്തതയിലാണ്, നിശബ്ദതയിലാണ് യേശു പിറക്കുക എന്നത് ബേത്‌ലഹേമും പുൽക്കൂടും നമ്മെ ഓർമ്മപ്പെടുത്തുന്നു. പുൽക്കൂടിന്റെ ശാന്തതയിലും, യൗസേപ്പിന്റെയും മറിയത്തിന്റെയും പൂർണമായ നിശബ്ദതയിലുമാണ് യേശു പിറന്നത്. പീയൂസ് പന്ത്രണ്ടാമൻ മാർപാപ്പയുടെ ങലറശമലേ് ഉലശ എന്ന ചാക്രികലേഖനത്തിൽ ഇപ്രകാരം നാം കാണുന്നു. ''രക്ഷകന്റെ ജനനപ്പെരുന്നാളിലൂടെ സഭ നമ്മെ ബേത്‌ലഹേം ഗുഹയിലേക്ക് നയിക്കുകയും, വീണ്ടുംജനനത്തിനും നവീകരണത്തിനും നമ്മെ നിർബന്ധിക്കുകയും ചെയ്യുന്നു. വചനമായി അവതരിച്ച രക്ഷകനുമായുള്ള നമ്മുടെ നിരന്തര ബന്ധമാണ് പുൽക്കൂടിന്റെ അരൂപിയിലേക്കും ജീവിതനവീകരണത്തിലേക്കും വളരുവാനുള്ള മാർഗ്ഗമെന്ന് ചാക്രികലേഖനത്തിലൂടെ പാപ്പാ നമ്മെ ഓർമ്മിപ്പിക്കുന്നു.

**മനുഷ്യാവതാരചിന്തകൾ യൽദാപ്രാർത്ഥനയിൽ**

1. മാതാവിന്റെ കന്യാത്വത്തിന് ഊനം വരാതെ ജാതം ചെയ്തവൻ *(പേജ് 4). കന്യകയായി സ്ഥിതി ചെയ്തുകൊണ്ടുതന്നെ ശിശുവിനെ പ്രസവിച്ചവൾ.. പുരുഷസംബന്ധം കൂടാതെ ഉണ്ടായ പുത്രൻ
(46). ജനനംകൊണ്ട് മാതാവിന്റെ കന്യാവ്രതത്തിനോ, മുദ്രയ്ക്കോ ഭംഗം വരുത്തിയില്ല (82).
2. ശാശ്വതനാം താതനിൽനിന്ന് ഉത്ഭൂതനായവനും, കാലത്തികവിൽ മറിയാമിൽനിന്ന് ജനിച്ചവനും (37).
3. തന്റെ ജനനത്താൽ വാനവരെയും മാനവരെയും സന്തോഷിപ്പിച്ചു (4, 23), സ്വർഗ്ഗീയരെയും ഭൗമികരെയും രമ്യപ്പെടുത്തി (40), ഉന്നതസ്വർഗ്ഗത്തിൽനിന്നും ഭൗമികരെ ദൈവത്തോട് രഞ്ജിപ്പിക്കാൻ പ്രേഷിതനായി വന്നു (49, 81).
4. തിരുവിഷ്ടപ്രകാരം യേശു കന്യകയുടെ ഉദരത്തെ ശുദ്ധീകരിച്ച് അതിലിറങ്ങി വസിച്ചു (43).
5. മനുഷ്യരെ തന്റെ മഹത്വത്തിൽ പങ്കുകാരാക്കാൻ മഹിമയുടെ ശ്രേഷ്ഠരൂപമായവൻ മനുഷ്യസാദൃശ്യത്തിൽ കാണപ്പെട്ടു (50). മനുഷ്യാവതാരം ചെയ്ത യേശുവിനെപ്പറ്റി ഇതോടൊപ്പം ധാരാളം വിശേഷണങ്ങളും യൽദാപ്രാർത്ഥനകളിൽ നാം കാണുന്നു:

1. കന്യകയുടെ നിർമലമായ ഉദരത്തിൽനിന്ന് ജനിച്ചവൻ (46).
2. പിതാവിന്റെ ഏകജാതൻ (10).
3. ശിശുവായി ഉദയം ചെയ്തവൻ (10,11,12,13), കിരണം തിങ്ങും കതിരവൻ (49), കന്യകയിൽനിന്ന് ഉദയം ചെയ്തവൻ (11), ലോകങ്ങളെ ദഹിപ്പിക്കുവാൻ കഴിവുള്ള ജ്വാല (40)
4. മനുഷ്യനായി അവതരിച്ചവൻ (10)
5. വിസ്മയനീയ ശിശു (11,12), അത്ഭുത ശിശു (11,12,17,36,70), ദിവ്യാഗ്നിയായ ശിശു, നിഗൂഢ ശിശു (11) വത്സല ശിശു (12), സത്യ ശിശു (12), പ്രബലനായ ശിശു, രക്ഷകനായ ശിശു (13,36), ദൈവിക ശിശു (13), കിരണമാം ശിശു (36)
6. കൈകൾ കൂടാതെ വെട്ടപ്പെട്ട ശില (12).
7. സകല സൃഷ്ടികളുടെയും രക്ഷകൻ (12).
8. ഇന്നുളവായ മഹാശ്ചര്യം (18).
9. ജഗതീ രക്ഷകൻ (38), ദൈവത്തിന്റെ ജീവകുഞ്ഞാട് (40), മനുഷ്യപുത്രൻ (40)
10. സ്വന്തം ശ്രേഷ്ഠതയുടെ ഔന്നത്യത്തെ വിട്ട്, എളിമയിലേക്ക് ഇറങ്ങി വന്നവൻ (42)
11. സകലത്തെയും ജീവിപ്പിക്കുന്നവൻ (42)
12. നിഗൂഢനായിരിക്കെ തലമുറയ്ക്ക് വെളിപ്പെട്ടവൻ (42)
13. സ്വഭാവത്തിൽ ഉന്നതനായിരിക്കെ താഴ്ന്നവനായി തീർന്നവൻ (43)
14. അത്യുന്നതന്റെ ആദ്യജാതനായിരിക്ക, മറിയാമിന്റെയും ആദ്യജാതനായി തീർന്നവൻ (43)
15. ദൈവികശിശുവായിരിക്കെ യൗസേപ്പിന്റെ മകനെന്നു വിളിക്കപ്പെട്ടവൻ (43)
16. സ്വഭാവപ്രകാരം ദൈവമായിരിക്കുമ്പോൾതന്നെ, തിരുവിഷ്ടപ്രകാരം മനുഷ്യനായി തീർന്നവൻ (43)
17. പ്രഭാപൂർണനായ സൂര്യൻ (50).

**മനുഷ്യാവതാരത്തിന്റെ ദൈവശാസ്ത്രചിന്തകൾ**

1. യേശുവിന്റെ മനുഷ്യാവതാരം ഒരു മഹാരഹസ്യം: യേശുവിന്റെ മനുഷ്യാവതാരം രക്ഷാകര രഹസ്യത്തിൽനിന്ന് വ്യത്യസ്തമോ, സ്വതന്ത്രമോ ആയ മറ്റൊരു രഹസ്യമല്ല. യേശുവിന്റെ മനുഷ്യാവതാരത്തിന്റെ മഹാരഹസ്യം, ദൈവത്തിന്റെ സ്വയം ശൂന്യവല്ക്കരണത്തിലൂടെയുള്ള സ്നേഹത്തിന്റെ സ്വയം വെളിപ്പെടുത്തലാണ്. ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചത് അവിടുത്തെ വെളിപ്പെ

ടുത്തുന്നതിനാണ്. പ്രപഞ്ചത്തിന്റെ സൃഷ്ടിയും, യേശുവിന്റെ മനുഷ്യാവതാരവും ദൈവത്തിന്റെ ശൂന്യവല്ക്കരണത്തിന്റെയും വെളിപ്പെടുത്തലിന്റെയും രണ്ട് പ്രധാന മുഹൂർത്തങ്ങളാണ്.

2. യേശുവിന്റെ മനുഷ്യാവതാരം മനുഷ്യകുല ചരിത്രത്തിലെ ഏറ്റവും വലിയ അത്ഭുതമാണ്. കന്യകയിൽനിന്ന് പിറന്നതും, ഒരേ വ്യക്തിയിൽതന്നെ പൂർണ ദൈവത്വവും, പൂർണ മനുഷ്യത്വവും ആയിരിക്കുന്നത് അത്ഭുതമാകുന്നു. ''ഒമ്പതുമാസം'' ഉദരത്തിൽ പാർത്തിട്ടും, മാതാവിന്റെ കന്യാമുദ്രയ്ക്ക് കേടൊന്നും വരാത്തതിനാൽ അവിടുത്തെ ജനനം അത്ഭുതമാകുന്നു. ദൈവമായിരുന്നിട്ടും നമ്മെ രക്ഷിക്കാൻ മനുഷ്യരൂപം പൂണ്ടവൻ അത്ഭുതമാകുന്നു. മുപ്പതു വർഷം ഭൂമിയിൽ മനുഷ്യർക്കായി ജീവിച്ച്, കഷ്ടതയേറ്റ്, മരണം രുചിച്ചത് അത്ഭുതമാകുന്നു. മൂന്ന് ദിവസം കബറിൽ പാർത്ത്, ഉത്ഥാനം ചെയ്ത്, സ്വർഗ്ഗാരോഹണം ചെയ്തത് അത്ഭുതമാകുന്നു. ദൈവസ്വഭാവത്തിൽനിന്ന് വ്യത്യാസം വരാതെ മനുഷ്യനായി തീർന്നത് അത്ഭുതമാകുന്നു. ശരീരത്തിൽ പൂർണമായി വസിച്ച പുത്രന്റെ മഹത്വം അത്ഭുതമാകുന്നു. ആകാശവും ഭൂമിയും നിന്നാൽ പൂർണമായി നിറഞ്ഞിരിക്കെ ഗുഹയിൽ കിടന്നതിനാൽ അത്ഭുതമാകുന്നു. നിത്യനും സമാരാധ്യനും അപരിമേയനുമായിരിക്കെ കന്യകയുടെ മടിയിൽ ഒതുങ്ങിയിരുന്നതിനാൽ അത്ഭുതമാകുന്നു. ദൈവമായിരിക്കെ മനുഷ്യനായി തീർന്നതിനാൽ അത്ഭുതമാകുന്നു. സ്വജനനത്താൽ രമ്യതയും സമാധാനവും വിതച്ചതിനാൽ അത്ഭുതമാകുന്നു. സ്വർഗ്ഗീയരേയും ഭൗമീകരേയും സന്തോഷിപ്പിക്കുകയും, അവരുടെ മധ്യത്തിൽ സ്ഥിതി ചെയ്തിരുന്ന വേലി പൊളിച്ചു കളയുകയും ചെയ്തതിനാൽ അത്ഭുതമാകുന്നു. സൃഷ്ടിയിൽ പ്രകാശം ഉദിപ്പിക്കുകയും, സകല ദിക്കുകളിൽനിന്നും അന്ധകാരത്തെ അകറ്റുകയും ചെയ്തതിനാൽ അത്ഭുതമാകുന്നു. ഭൂതലത്തിൽ യോജിപ്പും സമാധാനവും സംസ്ഥാപിച്ചതിനാൽ അത്ഭുതമാകുന്നു. സ്വയം ശിശുവായി വെളിപ്പെടുത്തിയ ദൈവം അത്ഭുതമാകുന്നു''. ഇപ്രകാരം അത്ഭുതമാകുന്ന യേശുവിന്റെ മനുഷ്യാവതാരത്തെപ്പറ്റി യൽദാപ്പെരുന്നാളിന്റെ പ്രാർത്ഥനകളിലും ഗീതങ്ങളിലും ധാരാളം നാം കാണുന്നു (പേജ് 11, 12, 13, 15, 18, 41, 44, 48, 64, 65, 68, 69, 82).

3. യേശുവിന്റെ ജനനം, അവിടുത്തെ ഉത്ഥാനത്തെയും നന്നായി മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്നു. രക്ഷകൻ, മനുഷ്യനായി പിറന്ന ദൈവപുത്രനാണെന്നും, ഒരേസമയം, ദൈവവും മനുഷ്യനുമാണെന്നും, മനുഷ്യാവതാരത്തിലൂടെ പൂർണ മനുഷ്യനാണെന്നും, ഉത്ഥാനത്തിലൂടെ പൂർണ ദൈവമാണെന്നും വ്യക്തമാകുന്നു.

4. യേശുവിന്റെ മനുഷ്യാവതാരം മനുഷ്യകുലവുമായുള്ള താദാത്മ്യപ്പെടലാണ്. മറ്റ് ഏതൊരാളെയുംപോലെ, തന്റെ മാതാവിന്റെ ഉദരത്തിൽ യേശു മനുഷ്യജീവിതം ആരംഭിച്ചു, അവളിൽനിന്ന് ജനിച്ചു, മറ്റ് ആരെയുംപോലെ മനുഷ്യനായി ജീവിച്ചു. ഉദരം മുതൽ കല്ലറ വരെ (from womb to tomb), മനുഷ്യവർഗവുമായി, യേശു ജീവന്റെയും മരണത്തിന്റെയും അനുഭവം പങ്കുവച്ചു. ഈ അർത്ഥത്തിലാണ് സുറിയാനി സഭാപിതാക്കന്മാർ, യേശുവിന്റെ മനുഷ്യാവതാരത്തെ, യേശുവും മനുഷ്യകുലവുമായുള്ള 'വിവാഹം' ആയി പ്രതീകപ്പെടുത്തുന്നത് (Incarnation of Christ is symbolised as the 'marriage' of Christ with the human race). വിവാഹത്തിൽ നാം കാണുന്ന ഐക്യവും കൂട്ടായ്മയും (union & communion) അതിന്റെ പൂർണതയിൽ മനുഷ്യാവതാരത്തിലൂടെ, യേശു മനുഷ്യകുലവുമായി ഊട്ടിയുറപ്പിച്ചു.



5. മനുഷ്യാവതാരം ചെയ്ത യേശുവിനെ സൂര്യനോടാണ് (Incarnated Christ is depicted as Sun) സഭാപിതാക്കന്മാർ ഉപമിക്കുന്നത്. തന്റെ പ്രകാശംകൊണ്ട് ലോകത്തെയും മനുഷ്യരെയും പ്രകാശിപ്പിക്കുന്ന സൂര്യനാണ് യേശു. ''പ്രഭാപൂർണനായ സൂര്യനായവൻ മനുഷ്യകുലത്തെ സന്ദർശിക്കുവാൻ ലോകത്തിലേക്ക് ഇറങ്ങി വന്നു. പ്രകാശങ്ങളുടെ നാഥനായവൻ സൂര്യനെപ്പോലെ ശോഭയോടുകൂടി ഉദിക്കുകയും, ശ്രേഷ്ഠമായ ഉദയത്താൽ സകല സൃഷ്ടികളെയും പൂർണമായി

പ്രകാശിപ്പിക്കുകയും ചെയ്തു. തന്റെയും പിതാവിന്റെയും ജീവനുള്ള പരിശുദ്ധാത്മാവിന്റെയും തിരുവിഷ്ടത്താൽ ഉദയം ചെയ്ത്, സൃഷ്ടിയുടെ അടുത്തേക്ക് വന്നു''. നമ്മുടെ പ്രാർത്ഥനകളിൽ അനേക പ്രാവശ്യം ഇക്കാര്യം സൂചിപ്പിക്കുന്നു (പേജ് 11, 12, 13, 49, 50, 66, 67, 70, 80).

6. യേശുവിന്റെ മനുഷ്യാവതാരം, ലോകത്തിന് പ്രത്യാശയും, സമാധാനവും, ഐക്യവും പകർന്നു നല്കി. ആദ്യമനുഷ്യനായ ആദത്തിന്റെ പാപത്തിലൂടെ നഷ്ടപ്പെട്ട ദൈവ-മനുഷ്യബന്ധം വീണ്ടെടുക്കുവാനും, സ്വർഗ്ഗവും ഭൂമിയും തമ്മിലുണ്ടായിരുന്ന അകലം കുറയ്ക്കുവാനും യേശുവിന്റെ മനുഷ്യാവതാരത്തിലൂടെ ഇടയായി. തീയുഴലിച്ച ശുശ്രൂഷയുടെ സെദറ പ്രാർത്ഥനയിൽ ഈ ചിന്തകൾ നാം കാണുന്നു (പേജ് 68, 70, 81).

7. യേശുവിന്റെ മനുഷ്യാവതാരം രക്ഷാകരവും ജീവദായകവുമാണ്. മനുഷ്യാവതാരത്തിന്റെ രക്ഷാകരമാനത്തെക്കുറിച്ച് ജനനപ്പെരുന്നാളിന്റെ സന്ധ്യാപ്രാർത്ഥനയിലെ സെദറായിൽ നാം കാണുന്നു (പേജ് 12, 13).

8. യേശുവിന്റെ മനുഷ്യാവതാരം പ്രവചനങ്ങളുടെ പൂർത്തീകരണമാണ്. അതിനാൽ മനുഷ്യാവതാരം ആകസ്മികമായോ, അപ്രതീക്ഷിതമായോ സംഭവിച്ച ഒന്നല്ല. മറിച്ച് പഴയനിയമ പ്രവചനങ്ങളുടെയും, ദൈവത്തിന്റെ വാഗ്ദാനത്തിന്റെയും പൂർത്തീകരണമാണ് (പേജ് 38, 46, 80).

**മനുഷ്യാവതാരപ്പെരുന്നാളിനോടനുബന്ധിച്ചുള്ള നോമ്പാചരണത്തിന്റെ പ്രസക്തി**

പെരുന്നാളുകൾ യോഗ്യമായും വിശുദ്ധമായും ആചരിക്കുന്നതിന് നമ്മെ ഒരുക്കുന്നതാണ്, പെരുന്നാളിനു മുമ്പായി നാം അനുഷ്ഠിക്കുന്ന നോമ്പുകൾ. നോമ്പുകാലം വിശുദ്ധീകരണത്തിന്റെയും ഒരുക്കത്തിന്റെയും കാലമാണ്. നോമ്പുകാലത്ത് നാം നേടുന്ന വിശുദ്ധിയാണ് പെരുന്നാളിലൂടെ പ്രാപിക്കുവാനിരിക്കുന്ന അനുഗ്രഹത്തിന്റെ മാനദണ്ഡം. നാലാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് യൽദാ നോമ്പിന്റെ ആരംഭം. പിന്നീട് 567 ൽ നടന്ന Council of Tours ൽ നോമ്പാചരണം ആദ്യം സന്യാസികൾക്കും, തുടർന്ന് വിശ്വാസികൾക്കും നിർബന്ധമാക്കി. ആറാം നൂറ്റാണ്ടിൽ, ആറ് ആഴ്ച നീളുന്ന നോമ്പാചരണമായി ആരംഭിച്ചപ്പോൾ, സുറിയാനിസഭയും പൗരസ്ത്യസഭകളും നാല്പതു ദിവസമായി ആചരിക്കുവാൻ തുടങ്ങിയെങ്കിലും, പിന്നീട് പാശ്ചാത്യസഭയുടെ സ്വാധീനത്തിൽ, ക്രിസ്തുമസിനു മുമ്പുള്ള ഇരുപത്തഞ്ച് ദിവസമായി പൗരസ്ത്യ പാരമ്പര്യത്തിലും ആചരിച്ചു തുടങ്ങി. കർത്താവിന്റെ മനുഷ്യാവതാരപ്പെരുന്നാൾ സജീവമായും വിശുദ്ധമായും ആചരിക്കുന്നതിനായുള്ള ആത്മീയ ഒരുക്കമാണ് ഇരുപത്തഞ്ച് നോമ്പ്. ഇരുപത്തഞ്ചുനോമ്പിന്റെ സന്ധ്യാപ്രാർത്ഥനയിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു ''ദൈവമെ ഞങ്ങളുടെ പിതാവായ ആദാം വിലക്കപ്പെട്ട ഫലം ഭക്ഷിച്ചതിനാൽ, മനുഷ്യജാതിക്കുണ്ടായ ആപത്തിനെ തീർക്കുവാനായി നിന്റെ പ്രിയപ്പെട്ട ഏകപുത്രനെ കരുണയോടെ മനുഷ്യാവതാരത്തിന് നീ കല്പിച്ചയച്ചുവല്ലോ..... രക്ഷാകരമായ ആ ജനനപെരുന്നാളിനായി ആചരിക്കുന്ന നോമ്പ്...... ആകൽക്കറുസായെ ജയിക്കുവാൻ തോല്ക്കാത്ത ആയുധമായി നല്കിയിരിക്കുന്നു..... രക്ഷാകരമായ ജനനപെരുന്നാളിലേക്ക് നോമ്പ് എന്ന വലിയ ആയുധം ധരിച്ച് ഞങ്ങൾ ഓടുന്നു.... മനുഷ്യാവതാരത്തിന് നിന്റെ പുത്രനെ അയയ്ക്കുവാൻ തക്കവണ്ണം നിനക്ക് ഞങ്ങളോട് കരുണ ഉണ്ടായി.... പ്രഭാതപ്രാർത്ഥനയിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു. ''നോമ്പും പ്രാർത്ഥനയും കൊണ്ടല്ലാതെ ഈ ജാതി പുറപ്പെട്ടുപോകുന്നതല്ലെന്ന് നിന്റെ പുത്രൻ ഞങ്ങളെ പഠിപ്പിച്ചതുപോലെ, ഞങ്ങളുടെ വൈരിയായ സാത്താനെ ഓടിച്ച് പുറത്താക്കുന്നതിന് നോമ്പിലും പ്രാർത്ഥനയിലും ഞങ്ങൾ അഭയം പ്രാപിക്കുന്നു.... നോമ്പും പ്രാർത്ഥനയുംമൂലം സാത്താന്റെ ദാസ്യത്തിൽനിന്ന് രക്ഷപ്പെടുവാൻ ഞങ്ങളെ സഹായിക്കണമെ.'' ഈ പ്രാർത്ഥനകളെല്ലാം നോമ്പിന്റെയും മനുഷ്യാവതാര പെരുന്നാളിന്റെയും അർത്ഥം മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്നു.

**ഉപസംഹാരം**

ക്രിസ്തുമസ് നമുക്ക് നല്കുന്നത് സമാധാനത്തിന്റെയും സന്തോഷത്തിന്റെയും പ്രത്യാശയുടെയും സന്ദേശമാണ്. യേശുവിന്റെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യവും അതായിരുന്നു. ക്രിസ്തുമസ് ബാഹ്യസന്തോഷത്തേക്കാൾ, ആത്മീയ സന്തോഷത്തിന്റെ അവസരമാണ്. ഈ ആത്മീയ സന്തോഷം നല്കി, നമ്മോടുകൂടെ പാർക്കുവാനാണ് ദൈവം മനുഷ്യനായി അവതരിച്ചത്. ഹൃദയം ദൈവത്തിനു നല്കുന്ന പെരുന്നാളാണ് ക്രിസ്തുമസ്. ലോകപ്രശസ്തയായ ക്രിസ്റ്റീന റൊസേത്തി തന്റെ കവിതയിൽ സ്വയമേ അന്വേഷിക്കുന്നു ''ക്രിസ്തുമസ് നാളിൽ ഞാൻ എന്താണ് കർത്താവിന് നല്കുക? ഞാൻ ഒരു ആട്ടിടയനായിരുന്നെങ്കിൽ എന്റെ ആട്ടിൻപറ്റത്തിലെ ഒരു നല്ല കുഞ്ഞാടിനെ നല്കുമായിരുന്നു. ഞാൻ ഒരു ജ്ഞാനി ആയിരുന്നെങ്കിൽ എന്റെ വിജ്ഞാനം നല്കുമായിരുന്നു. എന്നാൽ ഞാൻ ഇടയനോ ജ്ഞാനിയോ അല്ല. പിന്നെ ഞാൻ എന്തു നല്കും? ക്രിസ്റ്റീന പറയുന്നു, 'ഞാൻ എന്റെ ഹൃദയം കർത്താവിന് നല്കും' (I will give my heart to the Lord). ക്രിസ്തുമസ് കാലത്ത് സമ്മാനങ്ങൾ നല്കുന്നതല്ല, ക്രിസ്തുസ്നേഹം കൈമാറുന്നതാണ് പ്രധാനം. 'ക്രിസ്തുവാണ്' ക്രിസ്തുമസിന്റെ ഏറ്റം വലിയ സമ്മാനം. ക്രിസ്റ്റീന റൊസേത്തി സൂചിപ്പിച്ചതുപോലെ, നമ്മുടെ ഹൃദയം ക്രിസ്തുവിന് നല്കുന്നതും, ക്രിസ്തുവിനെ മറ്റുള്ളവർക്ക് കൊടുക്കുന്നതുമാണ് ക്രിസ്തുമസിന് അർത്ഥം പകരുന്നത്. ഈ ക്രിസ്തുമസ് കാലത്ത് നമുക്ക് അതിന് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കാം. ●



# നക്ഷത്രവിളക്കുകളില്ലാത്ത ക്രിസ്തുമസ് സ്മരണ

**നേ**ർത്ത കുളിരു പകരുന്ന വൈകിയുണരുന്ന പ്രഭാതങ്ങൾ. പുൽത്തുമ്പുകളിൽ രത്നകണങ്ങളായി വർണ്ണവിസ്മയം തീർക്കുന്ന പ്രസന്നമായ പുലരികൾ. അകലെക്കാണുന്ന കുന്നുകൾ അവ്യക്തതയുടെ നീലച്ഛവിയാർന്ന ആവരണമണിയുന്നു. ആണ്ടിൽ ഏറെ നാളും വെള്ളം കയറിക്കിടന്നിരുന്ന പുഞ്ചപ്പാടങ്ങൾ തിളങ്ങുന്ന പച്ചനിറത്തിൽ നെൽവയലുകളായ് ഉയർന്നു വരുന്നു.

ഉച്ചവെയിലിൽ പോലും തണലിൽ നിൽക്കുമ്പോൾ അനുഭവപ്പെടുന്ന നേർത്ത കുളിര്. നേരത്തെ എത്തുന്ന സ്വർണ്ണത്തുടിപ്പാർന്ന സായന്തനങ്ങൾ. ഇളംകുളിരുമായി കടന്നു വരുന്ന സന്ധ്യ. കണ്ണുചിമ്മുന്ന നക്ഷത്രങ്ങൾ വിരിയുന്ന രാത്രികൾ. ഒരു തനി നാട്ടിൻപുറത്തിന്റെ വിജനപ്രാന്തത്തിലുള്ള വീട്ടിൽ ജനിച്ചു വളർന്ന എന്റെ



ഡോ.കെ.എസ്. രവികുമാർ

**ദുരിതങ്ങളുടെയും അസഹിഷ്ണുതയുടെയും പുകപടലങ്ങൾ പടരുന്ന ലോകത്ത് ഉണ്ണിയേശുവിന്റെ ജനനസ്മരണ, കുളിർവായുപോലെ, നക്ഷത്രപ്രകാശം പോലെ, ആശ്വാസവും ആഹ്ലാദവും പകരട്ടെ.**

ഡിസംബർ സ്മൃതികൾ പ്രകൃതിയുടെ ഇത്തരം ഭാവങ്ങളോട് ബന്ധപ്പെട്ടിരിക്കുന്നു.

ക്രൈസ്തവഭവനങ്ങൾ വീട്ടുപരിസരങ്ങളിൽ ഉണ്ടായിരുന്നില്ല. അതിനാൽ കാര്യമായ ക്രിസ്മസ് സ്മരണകളും ഉണ്ടായില്ല. ഏറെ നീളത്തിൽ കിടക്കുന്ന പുഞ്ചപ്പാടങ്ങളുടെ കരയിലുള്ള ഞങ്ങളുടെ വീടിന്റെ മുന്നിലുള്ള ഒറ്റയടിപ്പാതയിൽ കൂടി കുറച്ചു ദൂരം പോയാലേ വാഹനഗതാഗതങ്ങളുള്ള റോഡിലേക്കെത്താനാകൂ. ആ പാതയോരത്തുനിന്നും വിപരീതദിശയിലേക്ക് നോക്കിയാൽ, വിശാലമായ പാടങ്ങൾക്കും, അതിനപ്പുറമുള്ള പോളച്ചിറയ്ക്കും അക്കരെ ഒരു ചെറിയ പള്ളിയുടെ മുകപ്പിൽ ഉയർന്നു നിൽക്കുന്ന കുരിശു കാണാമായിരുന്നു. വിജനസായന്തനങ്ങളിൽ ആ ഒറ്റയടിപ്പാതയിലൂടെ വീട്ടിലേക്കു വരുമ്പോൾ, പടിഞ്ഞാറൻ വെയിലിൽ ആ കുരിശ് പൊൻപ്രഭയാർന്ന് കൂടുതൽ തെളിഞ്ഞു കാണുമായിരുന്നു. അന്ന് മനസിൽ പതിഞ്ഞ മായാത്ത ഒരു ചിത്രമാണത്.

ചെറുപ്പത്തിൽ നേരിട്ടുള്ള ക്രിസ്മസ് അനുഭവങ്ങൾ കാര്യമായൊന്നുമുണ്ടായില്ലെങ്കിലും, കുട്ടിക്കാലത്തുതന്നെ വായനയിൽ താത്പര്യം പുലർത്തിയിരുന്ന എനിക്ക്, അതുവഴി ലഭിച്ച ഒരുപാട് ക്രിസ്മസ് അനുഭവങ്ങളുണ്ട്. ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിലും എഴുപതുകളിലും കേരളത്തിൽ ലഭിച്ചിരുന്ന റഷ്യൻ നാടോടിക്കഥകളുടെ മലയാള വിവർത്തനങ്ങൾ വർണ്ണമനോഹരമായ പുസ്തകങ്ങളായി കിട്ടിയിരുന്നു. അവയിൽ റഷ്യയിലെ ക്രിസ്മസ് കാലത്തിന്റെയും ആഘോഷരീതികളുടെയും വിവരണങ്ങൾ പലതും ഉണ്ടായിരുന്നു; അതിലേറെ ഉള്ളിൽ പതിയുന്ന വർണ്ണചിത്രങ്ങളും.

റഷ്യൻ എഴുത്തുകാരനായ ആന്റൺ ചെക്കോവിന്റെ 'വാൻക' എന്ന ചെറുകഥ ഹൃദയസ്പർശിയായ ഒരു ക്രിസ്മസ് അനുഭവത്തിന്റെ കണ്ണീർസ്പർശമുള്ള ആഖ്യാനമാണ്. അടുത്തയിടെ ഒറ്റാൽ' എന്ന ചലച്ചിത്രത്തിലൂടെ പ്രസിദ്ധ ചലച്ചിത്രകാരൻ ജയരാജ് കേരള പശ്ചാത്തലത്തിൽ ആ കഥയ്ക്ക് ഒരു ചലച്ചിത്രാഖ്യാനം നൽകിയിട്ടുണ്ട്. അതും ഏറെ ഹൃദ്യമായി.

ക്രിസ്മസ് അനുഭവങ്ങളുടെ ഉള്ളിൽ തട്ടുന്ന വാങ്മയങ്ങൾ ഒട്ടേറെ മലയാള കവിതകളിലും കഥകളിലും വായിച്ചിട്ടുണ്ട്.

'Silent Night, Holy Night
All is calm and all is bright
Round yon virgin, mother and child
Holy infant so tender and mild
Sleep in heavenly peace
Sleep in heavenly peace''

എന്നാരംഭിക്കുന്ന കരോൾ ഗാനത്തിന്റെ ഭാവചൈതന്യത്തെ ഉൾക്കൊണ്ടുകൊണ്ടാകണം, സുഗതകുമാരി എഴുതിയ 'പുണ്യരാത്രി' കവിത, എന്റെ ഉള്ളിൽ അന്നേ പതിഞ്ഞതാണ്. ഉണ്ണിയേശുവിന്റെ വിശുദ്ധജനനത്തിന്റെ സാന്ദ്രഭാവങ്ങളത്രയും അതിൽ നിറഞ്ഞു നിൽക്കുന്നു.

'നിശ്ശബ്ദയാം പുണ്യരാത്രി – നിന്നെ
വിശ്വം നമിക്കയാണിന്നും
മങ്ങിക്കറുത്തോരിരുട്ടിൽ – മൂടൽ
മഞ്ഞിൻ വെളുത്ത തണുപ്പിൽ
ആരുടെയോ ചിരി പോലെ– ദൂരെ
താരകമൊന്നുയരുന്നു
അത്താരകം വിരൽ ചൂണ്ടും– കൊച്ചു
പുൽക്കുടിലൊന്നിന്റെ ഹൃത്തിൽ
ആളും മെഴുതിരി പോലെ – കാന്തി
യോലുമൊരമ്മതൻ മാറിൽ
കണ്ണുനിറഞ്ഞെങ്ങൾ കാൺമൂ – വീണ്ടു
മുണ്ണിയെ ..... വീണു വന്ദിപ്പൂ
മേലിലെത്താരയും രാവും – നോവു
ചൂഴുമിപ്പാവമാംഭൂവും'

ഇങ്ങനെ ഒരു ആദിപ്രരൂപം പോലെ മനസ്സിൽ പതിഞ്ഞു കിടക്കുന്ന ഉണ്ണിയേശുവിന്റെ ജനനത്തിന്റെ പവിത്രസ്മരണ, സാഹിത്യാനുഭവങ്ങളിലൂടെയാണ് എന്റെ ഹൃദയത്തിന്റെ ഭാഗമായിത്തീർന്നത്. സക്കറിയയുടെ 'ആർക്കറിയാം?' പോലുള്ള കഥകൾ പിൽക്കാലത്തു വായിച്ചപ്പോൾ അതിന്റെ പുതിയ അനുഭവരാശികളിലേക്ക് ആസ്വാദനത്തിന്റെ തലങ്ങൾ ഉയർന്നു.

വീണ്ടും ഡിസംബർ വരുന്നു. പുതിയ പ്രതീക്ഷകളും പ്രത്യാശകളും ഉണർത്തിക്കൊണ്ട് ക്രിസ്മസ് എത്തുന്നു. ദുരിതങ്ങളുടെയും അസഹിഷ്ണുതയുടെയും പുകപടലങ്ങൾ പടരുന്ന ലോകത്ത് ഉണ്ണയേശുവിന്റെ ജനനസ്മരണ, കുളിർവായുപോലെ, നക്ഷത്രപ്രകാശം പോലെ, ആശ്വാസവും ആഹ്ലാദവും പകരട്ടെ. ലോകം കൂടുതൽ നന്മയിലേക്ക് ചുവടുവെയ്ക്കുന്നതാകട്ടെ സന്തോഷദായകമായ പുതുവർഷം.

നക്ഷത്ര വിളക്കുകൾ തൂക്കിയിട്ടില്ലാത്ത, കരോൾ ഗാനങ്ങൾ പാടിയിട്ടില്ലാത്ത എന്റെ ബാല്യത്തിന് ക്രിസ്മസ് സ്മരണകളുടെ സാന്ദ്രചിത്രങ്ങൾ പകർന്നുതന്ന വാക്കുകളുടെ ലോകം ഉള്ളിൽ ഇപ്പോഴും നക്ഷത്ര രശ്മികൾ ചൊരിയുന്നു. അത് മങ്ങാതെ മായാതെ നിൽക്കുന്നു.

●



# കാരുണ്യവാനായ ക്രിസ്തു

ഭാസുരേന്ദ്രബാബു

**വി**ശ്വാസഘടനയിൽനിന്നല്ല, മറിച്ച് ചരിത്രത്തിന്റെ പശ്ചാത്തലത്തിലാണ് എനിക്ക് ക്രിസ്തുവിനെ അറിയാൻ കഴിഞ്ഞിട്ടുള്ളത്, മനസിലാക്കാൻ ഞാൻ ശ്രമിച്ചിട്ടുള്ളത്. ചരിത്രത്തിൽ എന്താണ് ക്രിസ്തുവിന്റെ പ്രത്യേകത? ഒരുപക്ഷേ, കിടയറ്റ ധാരാളം ചരിത്രപുരുഷന്മാരെ നമ്മുടെ ജീവിതം നമുക്കു മുന്നിൽ നിർത്തുന്നുണ്ട്. ചരിത്രം അതിന്റെ വലിയൊരു ഉല്പാദനശാലയുമാണ്. അതു നിൽക്കുമ്പോൾ പ്രഥമഗണനീയമായി കാണുന്ന ആളുകളിൽ ബുദ്ധനൊപ്പം കാണുന്ന ആളുകളിൽ ഒരാളാണ് എനിക്ക് യേശുക്രിസ്തു. അദ്ദേഹത്തിന്റെ വിശ്വാസസംരക്ഷകരായ ക്രിസ്തുവിഭാഗങ്ങൾ ഉയർത്തുന്നതിൽനിന്നു വ്യത്യസ്തമായി ഞാൻ അദ്ദേഹത്തെ അംഗീകരിക്കുന്നത് ചരിത്രത്തിൽ അദ്ദേഹം ഉളവാക്കിയ വലിയൊരു സ്വാധീനവുമായി ബന്ധിപ്പിച്ചാണ്. ഫിക്ഷനിലൂടെയും ക്രിസ്തുവിനെ മനസിലാക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ഏറ്റവും ചുരുക്കി പറഞ്ഞാൽ ക്രിസ്തുവിനെ ഞാൻ മനസിലാക്കുന്നത് അദ്ദേഹം ഉയർത്തിപ്പിടിച്ച കാരുണ്യത്തിന്റെ, സിദ്ധാന്തത്തിന്റെ പശ്ചാത്തലത്തിലാണ്. ക്രിസ്തു എന്തായിരുന്നു ചരിത്രത്തിൽ എന്നു ചോദിച്ചാൽ, യൂറോപ്പിലും അതുപോലെതന്നെ ക്രിസ്തുജനവിഭാഗങ്ങൾ ഉയർന്നു നിൽക്കുന്ന എല്ലാ പ്രദേശങ്ങളിലും അല്ലെങ്കിൽ ജൂതമതം ഉയർന്നുനിൽക്കുന്ന എല്ലാ പ്രദേശങ്ങളിലും ക്രിസ്തു എത്തിച്ചുകൊടുത്തത് എന്തെന്ന് ചോദിച്ചാൽ അത് കാരുണ്യം എന്ന വികാരമാണ്. കാരുണ്യത്തിന്റെ അടിസ്ഥാനത്തിൽ ജൂതമതത്തെ ക്രിസ്തു പരിഷ്ക്കരിച്ചു എന്നുവേണമെങ്കിൽ ചരിത്രപരമായി പറയാം. അദ്ദേഹം മനുഷ്യനും മനുഷ്യനും തമ്മിൽ ബന്ധിപ്പിക്കുന്ന ഘടകം കാരുണ്യമാണെന്നും അതുപോലെതന്നെ തെറ്റുകളെന്നത് പൊറുക്കപ്പെടേണ്ടതാണെന്നും കരുതുന്നത്. അതിനെ മുൻനിർത്തി അദ്ദേഹം പ്രചാരണപരിപാടികളിൽ ഏർപ്പെട്ടത് അതിന്റെ ഒരു പശ്ചാത്തലം അദ്ദേഹത്തിന് മുമ്പ് ജൂതമതത്തിൽ ഇല്ലായെന്നതാണ് ഞാൻ മനസ്സിലാക്കുന്നത്. ചരിത്രം പരിശോധിച്ചാൽ നമുക്ക് അത് മനസ്സിലാകും. ജൂതമതം എക്കാലത്തും ഉയർത്തിപ്പിടിച്ചത്, ഇപ്പോഴും ഉയർത്തിപ്പിടിച്ചുക്കൊണ്ടിരിക്കുന്നത് തെറ്റുകൾ ചെയ്താൽ ക്ഷമിക്കാത്ത ഒരു ദൈവത്തെ സംബന്ധിച്ച സങ്കല്പമാണ്. പശ്ചാത്തപിച്ചാൽ പരിഹരിക്കുന്ന ദൈവം, പൊറുക്കുന്ന ദൈവം എന്ന സങ്കല്പത്തിലേക്ക് ചരിത്രത്തെ ആനയിച്ചത് ക്രിസ്തുവാണ്.

ക്ഷമിക്കാത്ത ദൈവത്തിന്റെ സങ്കല്പം പഴയനിയമത്തിലാണ്. അവിടെ ദൈവം ശിക്ഷകനായ ദൈവമാണ്.

പുതിയനിയമം, ക്രിസ്തു ചരിത്രത്തിൽ വന്നതിനുശേഷമുള്ള വ്യാഖ്യാനമാണ്. അദ്ദേഹം ദൈവത്തിൽനിന്ന് പഠിച്ചത് പൊറുക്കാനാണ്. കാരുണ്യപൂർവ്വം സഹജീവിയെ നോക്കാനാണ്. അതായത്

ശിക്ഷിക്കുന്ന ദൈവമല്ല, ശിക്ഷിക്കാതിരിക്കുന്ന ദൈവമാണ്. ശിക്ഷയിൽനിന്ന് സംരക്ഷിക്കുന്ന ദൈവമാണ്. ആ നിലയ്ക്ക് ദൈവസങ്കല്പത്തെതന്നെ മാറ്റിമറിക്കുന്നതിൽ ക്രിസ്തുവിനെ പ്രേരിപ്പിച്ചത് സത്യത്തിൽ പഴയനിയമത്തിൽനിന്നു വ്യത്യസ്തമായി ലോകസമക്ഷം വളർന്നുവന്ന പുതിയ സൈദ്ധാന്തിക ആശയങ്ങളുടെ പശ്ചാത്തലമായിരുന്നു. നമുക്കറിയാം ബുദ്ധനാണ് സത്യത്തിൽ ചരിത്രത്തിൽ കാരുണ്യമെന്ന ആശയം മുന്നോട്ട് വച്ചത്. ബുദ്ധൻ പ്രത്യയശാസ്ത്രരംഗത്ത് കാരുണ്യമെന്ന ആശയം മുന്നോട്ടു വയ്ക്കുകയും ആ ആശയത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യരെ പുനസംഘാടനം നടത്തുവാൻ ആഗ്രഹിക്കുകയും ചെയ്തു. ബുദ്ധനുശേഷം ഏറ്റവും മനോഹരമായി കാരുണ്യമെന്ന സങ്കല്പം സ്വന്തം വിശ്വാസമാക്കി മാറ്റാനും അതുവഴി ജൂതമതത്തെതന്നെ പുതിയൊരു രീതിയിൽ നവീകരിക്കാനും ഇപ്പോൾ ക്രിസ്തുമതം ഉയർത്തിപ്പിടിക്കുന്ന പുതിയനിയമത്തിന്റെ അടിസ്ഥാനമാക്കി ആ കാരുണ്യത്തെ മാറ്റാനും ഒക്കെ ശ്രമിച്ചത് ക്രിസ്തുവാണ്.

ക്രിസ്തു സാധാരണക്കാരുടെ പ്രതിനിധിയായിരുന്നു. അദ്ദേഹം തൊഴിലുമായി ബന്ധിപ്പിച്ച് ഒരു ആശാരിയായിരുന്നു. പരമ ദാരിദ്രമായ ജീവിതസാഹചര്യമുള്ളവർ. അവിടെ ദരിദ്ര്യമായ സാഹചര്യത്തിലാണ് ജീവിച്ചത്. ആ ജീവിത സാഹചര്യം പഠിപ്പിച്ച പ്രധാനപ്പെട്ട ഘടകങ്ങൾ ദാരിദ്രവും അതനുഭവിക്കുന്ന മനുഷ്യരുടെ നിസഹായതയുമാണ്. പള്ളിക്കകത്ത് കച്ചവടം നടത്തുന്ന ഫരിസേയരുടെ കാലത്തായിരുന്നു ക്രിസ്തുവിന്റെ കൗമാരദശ പിന്നിട്ടത്. അല്ലെങ്കിൽ അറിവിന്റെ ആദ്യനാളങ്ങളുമായി പരിചപ്പെടുന്ന സമയത്ത് അദ്ദേഹത്തിന്റെ ചുറ്റും നിലനിന്നിരുന്നത് പാവപ്പെട്ടവരുടെ ദൈന്യതയും ദാരിദ്ര്യവും അവരനുഭവിച്ച പുരോഹിതമതത്തിൽനിന്നുള്ള അടിച്ചമർത്തലുമായിരുന്നു എന്ന യാഥാർത്ഥ്യം നാം കാണണം.

ഇന്ന്, ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ പത്തിരുപത് നൂറ്റാണ്ടുകൾക്ക് അപ്പുറത്ത് നാം ക്രിസ്തുവിനെക്കുറിച്ച് ആലോചിക്കുമ്പോൾ രസകരമായ പല കാര്യങ്ങളും നമുക്ക് കാണാൻ കഴിയും. ക്രിസ്തു പന്ത്രണ്ടാം വയസ്സിൽ നാടും വീടും ഉപേക്ഷിക്കുന്നു. പിന്നെ ചരിത്രത്തിൽ കാണുന്നത് മുപ്പതാമത്തെ വയസ്സിലാണ്. പതിനെട്ടുവർഷം എവിടെയാണെന്ന് ആർക്കും അറിഞ്ഞുകൂടാ. ആളുകളുടെ ഭാവനയ്ക്കാണ് അത് വിട്ടുകൊടുക്കുന്നത്. കൗമാരക്കാരനായ ക്രിസ്തു മറഞ്ഞു പോയതിനുശേഷം പിന്നെ തിരിച്ചുവരുന്ന ക്രിസ്തു യൗവ്വനയുക്തനാണ്. അല്ലെങ്കിൽ, ജീവിതവും പ്രത്യയശാസ്ത്രങ്ങളും വീക്ഷണങ്ങളും ഒക്കെ പഠിക്കാവുന്ന നന്മ നിറഞ്ഞ ആ വലിയ കാലം അദ്ദേഹം എവിടെയായിരുന്നുവെന്ന് ഉറപ്പിച്ചു പറയാവുന്ന യാതൊരു സൂചനയും ചരിത്രത്തിൽ ഇല്ല. ഇനി മുപ്പത് വയസ്സിൽ അദ്ദേഹം വന്നതിനുശേഷം മൂന്ന് വർഷമെ ജീവിച്ചിരുന്നുള്ളൂ. മുപ്പത്തിമൂന്നാം വയസ്സിൽ കുരിശിലേറ്റപ്പെടുകയും ചെയ്തു.

വിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ അദ്ദേഹത്തെ സ്നാനം ചെയ്ത ഒരാളുണ്ടായിരുന്നു; സ്നാപകയോഹന്നാൻ. സ്നാപകയോഹന്നാൻ തന്നെ പറഞ്ഞത് ഞാനല്ല മഹാൻ, എനിക്ക് പിന്നെ വരുന്ന ആളിന്റെ ചെരുപ്പിന്റെ വാറഴിക്കാൻ യോഗ്യതയില്ലാത്ത ആളിന് ക്രിസ്തുവിനെപ്പോലെ ഒരാളിനെ സ്നാനം ചെയ്ത് പുതിയ ആളാക്കി മാറ്റാനാവില്ല. ആ നിലയ്ക്ക് പ്രബലമായ വീക്ഷണങ്ങളുടെ ഒരു പ്രയോക്താവ് തന്നെയായിരുന്നിരിക്കണം സ്നാപകയോഹന്നാനും. അദ്ദേഹമാണ് സത്യത്തിൽ നമുക്കറിയുന്ന അവസ്ഥയിൽ ക്രിസ്തു ആദ്യഘട്ടത്തിൽ പിൻതുടരുകയും സ്നാനം വാങ്ങുകയും ചെയ്തയാൾ. അതിനുശേഷം ക്രിസ്തുവിന്റെ ചരിത്രം പരിശോധിച്ചാൽ അദ്ദേഹം സമുദായത്തിൽ ഏറ്റവും ദരിദ്രമായി നിൽക്കുന്ന ദരിദ്രരായ ജനവിഭാഗങ്ങളുമായാണ് ബന്ധപ്പെട്ടത്. അത് മുക്കുവ സമൂഹമാണ്. അവരുമായിട്ടാണ് അദ്ദേഹം ഏറ്റവും അധികം സഹവസിച്ചത്. നമുക്ക് പുതിയ നിയമം വായിക്കുമ്പോൾ അദ്ദേഹത്തിന്റെ സഞ്ചാരരീതികൾ, പ്രഘോഷണങ്ങൾ, അദ്ദേഹത്തിന്റെ കൂട്ടങ്ങളോടുള്ള സംസാരങ്ങൾ, അതിനുമുമ്പ് മലയിൽ പോയി നടത്തിയ ഏകാന്തവാസം ഇതൊക്കെ കാണാൻ കഴിയും. ●







ഫാ. ഫിലിപ്പ് വട്ടമറ്റം

# തിരുപ്പിറവി

**ലോ**കരക്ഷകനായ യേശുവിന്റെ ജനനം. മാലാഖമാരുടെ സ്വരം ''ഇതാ നിങ്ങൾക്കായി ഒരു രക്ഷകൻ പിറന്നിരിക്കുന്നു''. ഈ സന്ദേശം കേൾക്കുവാൻ ഭാഗ്യം ലഭിച്ചത് ആടുകളെ മേയിച്ചു നടക്കുന്ന ഇടയന്മാർക്ക്. ഒന്നും സ്വന്തമായി ഇല്ലാത്തവർ. ഏല്പിക്കുന്ന കർത്തവ്യം കൃത്യതയോടെ ചെയ്യുവാൻ വിളിക്കപ്പെട്ട ഗണം. ആ ഗണത്തിനാണ് തിരുപ്പിറവിയുടെ സന്ദേശം ആദ്യം ലഭിച്ചത്. നല്ലിടയന്റെ ജനനവാർത്ത ശ്രവിച്ച ആട്ടിടയന്മാർ ആദ്യം ഓടിയെത്തി കാലിത്തൊഴുത്തിൽ. ഇടയന്മാർക്ക് ഏറ്റവും സുപരിചിതമായ സ്ഥലമാണല്ലോ കാലിത്തൊഴുത്ത്. ആടുകളുടെ മണമുള്ള ഇടയന്മാർ തങ്ങളുടെ രക്ഷകനെ കണ്ടു. കണ്ടത് അനേകർ നൂറ്റാണ്ടുകളായി കാത്തിരുന്ന രക്ഷകനെ. ഈ രക്ഷകൻ തന്റെ പരസ്യ ജീവിതകാലത്തു പഠിപ്പിച്ചു. ''ഹൃദയവിശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ. അവർ ദൈവത്തെ കാണും.'' ആരുടെയോ ആടുകളെ മേയിക്കുവാൻ മാത്രം അധികാരം ഉള്ളവർ ആണല്ലോ ഇടയന്മാർ. ആ അധികാരം ശുശ്രൂഷയുടെ അധികാരമാണ്. സ്വന്തമല്ലാത്തതിനെ സ്വന്തമായി കരുതി ശുശ്രൂഷിക്കുവാൻ നിയോഗം ലഭിച്ചവർ. അത് ഒരു ദൗത്യവും ഉത്തരവാദിത്വവുമാണ്. അത് നിർവഹിക്കുന്നത് ശുശ്രൂഷത്വ മനോഭാവത്തോടെ ആയിരിക്കണം.

മാലാഖഗണം ഇടയന്മാരെ സംബോധന ചെയ്യുന്നത് 'നല്ല മനസ് ഉള്ളവർ' എന്നാണ്. നല്ല മനസിന്റെ ഉടമകൾക്കാണ് തിരുപ്പിറവി ദർശിക്കുവാൻ ഭാഗ്യം ലഭിച്ചത്. അവർക്കു സമാധാനം മാലാഖമാർ ആശംസിക്കുന്നു. തിരുക്കുമാരനെ കാണുവാൻ സാധിക്കണമെങ്കിൽ നല്ല മനസിന്റെ ഉടമകൾ ആയിരിക്കണം.

അവർക്കേ സമാധാനം കാംക്ഷിക്കുവാനും സംരക്ഷിക്കുവാനും സാധിക്കുകയുള്ളു. ശാന്തമായ അന്തരീക്ഷമാണ് പുൽക്കൂടിന്റെ മനോഹാരിത.

നക്ഷത്രവെളിച്ചത്തിൽ അവർ കാലിത്തൊഴുത്തിൽ എത്തുന്നു. വളരെ സുപരിചിതമായ വഴി. ഉള്ളിലുള്ള വെളിച്ചം നക്ഷത്രവെളിച്ചത്തേക്കാൾ കാലിത്തൊഴുത്തിലേക്കുള്ള വഴിയേ കൃത്യമാക്കി. പുൽക്കൂടിൽ പ്രവേശിച്ചപ്പോൾ ലോകത്തിന്റെ പ്രകാശമായവൻ പിള്ളകച്ചയിൽ പൊതിഞ്ഞു കിടക്കുന്നു. എത്ര മനോഹാരിത നിറഞ്ഞ കാഴ്ച. അത് ആദ്യം കാണുവാൻ ഭാഗ്യം ലഭിച്ച കണ്ണുകൾ ഒന്നും സ്വന്തമായി ഇല്ലാത്ത ഇടയന്മാരുടേത്. നല്ല കുളിരുള്ള രാത്രി മഞ്ഞിൻ കണങ്ങൾ നിറഞ്ഞ വഴി. നക്ഷത്ര വെളിച്ചവും കയ്യിലുള്ള റാന്തൽ വെളിച്ചവും മാത്രം. എന്നാൽ കയ്യിലുള്ള വെളിച്ചം ലോകത്തിന്റെ പ്രകാശമായവനെ കാണുമ്പോൾ കാലിത്തൊഴുത്തിന്റെ മനോഹാരിതയ്ക്കു പതിന്മടങ്ങു ശോഭ. കാലിത്തൊഴുത്തു നല്ലിടയന്റെ സാന്നിധ്യം കൊണ്ട് വിശുദ്ധമായിരിക്കുന്നു. നല്ലിടയന്റെ സാന്നിധ്യം വന്ന ഇടയന്മാരുടെ മനസിനെയും ഹൃദയത്തെയും സന്തോഷപൂരിതവും അനുഗ്രഹപ്രദവുമാക്കി. അത് അവരുടെ മുഖത്തു പ്രകാശിച്ചു. ഉള്ളിൽ സമാധാനം ആഗ്രഹിക്കുന്നവർക്ക് അതിന്റെ സന്തോഷം മുഖത്തു പ്രകാശിപ്പിക്കാനും അതുവഴി നന്മ ചെയ്യുവാനും സാധിക്കുമെന്ന് ഇടയന്മാർ നമ്മെ പഠിപ്പിക്കുന്നു.

ആട്ടിടയന്മാർക്കു മാലാഖഗണം നൽകുന്ന ദൂത് ഭൂമിയിൽ നല്ല മനസ് ഉള്ളവർക്ക് സമാധാനം എന്നാണ്. ദൈവസാന്നിധ്യം നിറഞ്ഞവർക്കു മാത്രമേ നല്ല മനസിന് ഉടമയാകാൻ സാധിക്കൂ. കാപട്യം നിറഞ്ഞ മനസുകൾക്ക് സമാധാനം നല്കുവാനോ സ്വീകരിക്കുവാനോ സാധിക്കില്ല. കാപട്യം നിറഞ്ഞ ലോകം സമാധാനം സ്വീകരിക്കണമെങ്കിൽ ആട്ടിടയന്മാരുടെ മനോഭാവത്തിലേക്കു വളരണം. ഹൃദയവിശാലതയും നിഷ്കളങ്കതയുമാണ് ഇടയന്മാരുടെ മനോഭാവം. നല്ലിടയനായ യേശുവിൽ അതിന്റെ പൂർണത നാം ദർശിക്കുന്നു. നഷ്ടപ്പെട്ട ആടിനെ കണ്ടെത്തി തോളിലേറ്റി സന്തോഷിക്കുന്ന നല്ലിടയൻ. ഒന്നും നഷ്ടപ്പെട്ട് പോകുവാൻ ഇടയൻ സമ്മതിക്കില്ല. ഈ മനോഭാവം ആണ് ആട്ടിടയന്മാർക്കു വേണ്ടി ജീവൻ അർപ്പിക്കുവാൻ ഇടയന് സാധിക്കുന്നത്. നഷ്ടപ്പെടുത്തുവാനോ, ഒറ്റപ്പെടുത്തുവാനോ, തള്ളിക്കളയാനോ ഇടയന്മാർ ശ്രമിക്കില്ല. നഷ്ടപെടുന്നവയെ കണ്ടെത്തി രക്ഷിക്കുവാനും, ഒറ്റപെട്ടു പോകുന്നവയെ കൂട്ടത്തോട് ചേർത്ത് നിർത്തുവാനും സംരക്ഷിക്കുവാനും, പരിപാലിക്കുവാനും മുറിവേറ്റവയെ വച്ച്കെട്ടുവാനും ഇടയന്മാർ പരിശ്രമിക്കുന്നത്. ഇടയന്റെ മനസ് എപ്പോഴും ആടുകളുടെ സംരക്ഷണമാണ് ഉന്നം വയ്ക്കുന്നത്. ആ മനസ് ഉള്ളവർക്ക് മാത്രമേ സമാധാനം അനുഭവിക്കുവാൻ സാധിക്കുന്നത്. സമാധാനം അനുഭവിക്കുന്നവർക്ക് മാത്രമേ സമാധാനം നൽകുവാൻ സാധിക്കൂ. സമാധാനം അനുഭവിക്കുവാനും സമാധാനം നൽകുവാനും സാധിക്കുന്ന വ്യക്തികൾ ആകുവാൻ നമുക്ക് പരിശ്രമിക്കാം. ●

## അഖില മലങ്കര ക്വിസ് മത്സരവിജയികൾ



സെന്റ് ജോൺസ് കത്തീഡ്രലിലെ എം.സി.വൈ.എമ്മിന്റെയും എംസിസിഎല്ലിന്റെയും നേതൃത്വത്തിൽ നടത്തിയ അഖില മലങ്കര ക്വിസ് മത്സരത്തിൽ എം.സി.വൈ.എം. വിഭാഗത്തിൽ ചാരുംമൂട് ഇടവക യൂണിറ്റിന് ഒന്നാം സ്ഥാനം. മുണ്ടിയാക്കൽ, തെള്ളിയൂർ ഇടവക യൂണിറ്റുകൾ രണ്ടും മൂന്നും സ്ഥാനം നേടി. എം.സി.സി.എൽ. വിഭാഗത്തിൽ പെരിങ്ങര യൂണിറ്റിനാണ് ഒന്നാം സ്ഥാനം. കരിമുളയ്ക്കൽ, ചുങ്കപ്പാറ രണ്ടും മൂന്നും സ്ഥാനം നേടി. ആർച്ച് ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് ഉദ്ഘാടനം ചെയ്തു. വികാരി റവ.ഡോ. ഐസക് പറപ്പള്ളിൽ അധ്യക്ഷത വഹിച്ചു.

## ക്വിസ് മത്സരവിജയികൾ



തേക്കുങ്കൽ സെന്റ് തോമസ് ദൈവാലയത്തിൽ നടന്ന എം.സി.എ. റാന്നി മേഖലയുടെ ദൈവദാസൻ മാർ ഈവാനിയോസ് 2-ാമത് ക്വിസ് മത്സരത്തിൽ വിജയികളായ പുഴിക്കുന്ന് തിരുഹൃദയ യൂണിറ്റ്, നീരാട്ടുകാവ് സെന്റ് തോമസ് യൂണിറ്റ്, തൃക്കോമല സെന്റ് മേരീസ് യൂണിറ്റ് അംഗങ്ങളും പങ്കെടുത്തവരും അതിരൂപതാ പ്രസിഡന്റ് ജോജി വിഴലിൽ, റാന്നി മേഖല വൈദിക ഉപദേഷ്ടാവ് ഫാ. വറുഗീസ് തെക്കേമണ്ണിൽ, മേഖല പ്രസിഡന്റ് റ്റി.എസ്. ജോർജ്ജ്, എരുമേലി മേഖല പ്രസിഡന്റ് ഷിബു മാത്യു ചുങ്കത്തിൽ, സി. അലീന എസ്.ഐ.സി. എന്നിവർക്കൊപ്പം.



# PRESENTS or PRESENCE ?



**Mrs. Starla Luke**

Christmas is the season for lucrative business for some. For others, Christmas is a time to exchange gifts, prove their culinary skills, spend quiet time with family time, or to sing carols and celebrate. For the philanthropists, this is an occasion to exhibit one's generosity. But, in reality Christmas is neither about gifts nor about the cakes we bake.

**What then is Christmas?**

What is it about Christmas that I would want my friend or neighbor to remember most? This thought came to mind when the Editor of this magazine requested me for an article for the December issue of AIKYADEEPAM.

To put it simply, Christmas is a celebration of the birth of Jesus. Christmas is remembering with gratitude God's Greatest Gift to mankind in the Person of Jesus. He is a gift indescribable, so great and so precious, for the following reasons ...

**1. IT IS UNASKED and UNEXPECTED:** Most times when someone in the family wants to gift us something we can probably anticipate what the gift will be. There could be certain occasions where a gift is expected to be given or received. But the birth of God's only begotten Son, Jesus, was not something anyone ever expected. God sent His Son, Jesus, to this earth as the most unexpected gift. Jesus, after His birth, was laid in a manger - not a place anyone expected the new born King of kings and the Savior of the world to be seen.

Jesus birth was announced to the most unlikely people - the shepherds; and by the most unexpected means - the angels! Although born of a woman, Jesus was birthed in a Virgin - unheard of until then or thereafter. Mary never imagined, until the angel of God appeared to her, that she would be mother to the Savior of the world.

Jesus was born at a time when nobody was seeking a Savior.. Romans 3:11 reads, "There is none who understands, there is none who seeks for God." And from this scripture it is obvious that mankind did not have the understanding about sin or a Saviour. It was at such a time that God sent His Son to this earth. None recognised Jesus as the Messiah. He was rejected - to the point of being crucified. What

an unexpected manner for the Saviour of the world to be born!.

**2. IT IS UNDESERVED:** During any occasion, gifts are given to those who mean something to us. Sometimes the gifts are reciprocal. At other times they are in appreciation of kindness shown. In most circumstances, we give a gift to those we think deserve it from us.

But, the uniqueness of this great GIFT in the form of Jesus is that He was bestowed upon us when we least deserved it. We who disregarded Him, crucified Him and were identified as His enemies - became the recipients of His immense love. Jesus was not just born on this earth but He also was given up to die on the Cross for us, thereby giving us a new life in Christ. Romans 5:8 says, "But God demonstrates His own love towards us, while we were yet sinners, Christ died for us". God allowed us to enjoy the love of Jesus while were still sinners!

The gift of life through Jesus comes to all. The Bible says, "God is no respecter of persons". When He granted His Son - it was as a sacrifice for ALL mankind. He has no favorites. He has no special corner for the wealthy or high ranking people. He is equally concerned about the pauper as much as the prince.

"And she will bring forth a Son, and you shall call His name JESUS, for He will save His people from their sins". Matthew 1:21 This is the promise of God for all of mankind. This includes me. How must I respond? All I have to do is to humble my spirit and open my heart to the birth of the Anointed One. He will bring into my life salvation and peace - because only He only as the True Savior can do that.

**3. IT IS FREE:** We do not pay for this. Nor is there anything we can do to earn this great GIFT. Once, a writer wanted to give away 'free' copies of his book. He made an announcement explaining why he wrote the book and how much he wanted people to read it. He said, "I want you gift you all a copy of my book.". Everyone was excited. After a pause he said, "However, you may feel free to give a donation of Rs. 100/- each." This is how the world often gives 'gifts'- for a fee! Once a gift is paid for, it is no longer a gift.

Although the gift is free for the receiver, the giver pays a price. God sent Jesus to the earth by paying the price Himself - sacrificing His sinless Son for sinful man. We only need to receive Jesus. Romans 6:23 (ESV) reads, "For the wages of sin is death, but the free gift of God is eternal life in Christ Jesus our Lord." Neither works or deeds can purchase the gift of salvation that comes to us in the form of the Savior. Paul gratefully acknowledges Jesus Christ as the only means to salvation when he says, "Thanks be to God for His indescribable gift".

We would confidently accept a gift from someone well known or loved by us, because we know the giver is well-intentioned. However, we would hesitate to accept a gift from someone we did not trust. We accept the gift because we accept the giver. Likewise, when we accept Jesus as God's gift for us, we are in reality accepting God's plan of salvation for us. The greatest gift you and I can receive is the gift of salvation - given to us through the birth, death and resurrection of Jesus. Ephesians 2:8 "God saved you by His grace when you believed. And you can't take credit for this; it is a gift from God." Now is the time to accept this gift.

**4. IT IS ETERNAL:** There are a few gifts that I cherish because I have received them from people I value and love. However, the best of gifts last only a few years. Our interest in the gift may not last beyond a few months. Sometimes the most expensive gift can become trash or obsolete after a while. Every gift given or received while on earth is temporal. Rarely some may last a lifetime. One of the most precious earthly gifts is the gift of relationships or friendships - as precious as it is, even they last only until our death.

But God decided in His heart to gift us eternal life. A life beyond this earthly one. It was not an afterthought. It was intentional, despite knowing man was unworthy, ungrateful and full of sin. Yet, He chose to present us with Jesus. The Presence of Jesus brings newness of life day after day. 2 Corinthians 5:17 says," Therefore, if anyone is in Christ, he is a new creation. The old has passed away; behold, the new has come."

Enjoying life in Christ makes us recipients of His abundant grace, new compassion each day, unlimited faithfulness and forgiveness - all of these become ours the moment we receive Jesus. This is our 'Çhristmas'! The true Christmas experience is accepting God's greatest gift, Jesus, through faith. We then allow Jesus to work in us and live for His glory and praise. We experience not only Christ's love but also His forgiveness.

John 6:40 says, "For this is the will of My Father, that everyone who beholds the Son and believes in Him will have eternal life, and I Myself will raise him up on the last day." Believing in Christ makes us righteous participants in eternal life with Him.

Dear reader, can we appropriate eternal life through Jesus by confessing our sins before our Holy God. When we do that, Romans 10:13 says, "Everyone who calls on the name of the Lord will be saved" - this is God's Unchanging Word. Once we have received Jesus into our lives, we must live a life fully committed to obeying His Word.

This Christmas, are you going to be satisfied with a few presents or will you allow the Presence of Jesus to fill your heart and home? ●

# SAPIENZA QUIZ - 2018
















# ക്രിസ്തുമസ്
## സന്തോഷത്തിന്റെ സദ്വാർത്ത



പ്രൊഫ. ഡോ. ബാബു ഫിലിപ്പ്

സന്മനസ്സുള്ള സകലർക്കും സന്തോഷവും സമാധാനവും സമ്മാനിച്ചുകൊണ്ട്, ക്രിസ്തുമസ് വീണ്ടും അരികിലെത്തി. ആർഭാടം നിറഞ്ഞ ആഘോഷങ്ങളുടെയും, സന്തോഷം നല്കുന്ന സംഗീതത്തിന്റെയും, വശ്യമായ വാദ്യഘോഷങ്ങളുടെയും, വർണ്ണശബളമായ വസ്ത്രങ്ങളുടെയും, വിഭവ സമൃദ്ധമായ വിരുന്നുകളുടെയും, വെളിച്ചം വിതറുന്ന വിളക്കുകളുടെയും ഇടയിൽ ക്രിസ്തുമസ്സിന്റെ വിശുദ്ധി വിസ്മരിക്കപ്പെടാറുണ്ട്; ആ സന്ദേശത്തിന്റെ ചൈതന്യം ചോർന്നു പോകാറുണ്ട്. സമത്വത്തിന്റെയും, സഹിഷ്ണുതയുടെയും, സാഹോദര്യത്തിന്റെയും, സാന്ത്വനത്തിന്റെയും, സൗഹൃദത്തിന്റെയും, സൗമനസ്യത്തിന്റെയും, സ്നേഹത്തിന്റെയും, സേവനത്തിന്റെയും സുന്ദരമായ, സുരഭിലമായ സന്ദേശം ആണത്. ആ സന്ദേശത്തിന്റെ മഹത്വവും മാധുര്യവും മനോഹാരിതയും നമുക്ക് മനസ്സിലാക്കാം. അതിന്റെ സൗന്ദര്യവും സൗരഭ്യവും നമുക്ക് സംരക്ഷിക്കാം.

കാലിത്തൊഴുത്ത് മുതൽ കാൽവരിക്കുന്നു വരെ അനുഭവിക്കേണ്ടി വന്ന ക്ലേശങ്ങളുടെയും കഷ്ടപ്പാടിന്റെയും കഠിനമായ പീഡാനുഭവങ്ങളുടെയും കദന കഥയാണ് ക്രിസ്തുവിന്റെ ജീവിതം. എന്നാൽ, അനാഥർക്ക് ആശ്രയവും, ദുഃഖിതർക്ക് ആനന്ദവും, മർദ്ദിതർക്ക് ആശ്വാസവും, ബന്ധിതർക്ക് മോചനവും പാപികൾക്ക് പ്രത്യാശയും പകർന്നു നൽകിയ ധന്യമായ ജീവിതമായിരുന്നു അത്.



സകലതും സൃഷ്ടിച്ച സർവ്വശക്തൻ ബേത്‌ലെഹേമിലെ കാലിത്തൊഴുത്തിലെ പുൽത്തൊട്ടിയിൽ ഒരു നിസ്സഹായനെപ്പോലെ പിറന്നു വീണു. മനുഷ്യമക്കളെ ദൈവമക്കളാക്കുവാനായി, ദൈവപുത്രൻ മനുഷ്യപുത്രനായി അവതരിച്ചു.

നീതിമാനായ ജോസഫും നന്മ നിറഞ്ഞ മറിയവും ആ രാത്രിയിൽ ഒരു അഭയം തേടി അലഞ്ഞു. സത്രങ്ങളുടെ വാതിലുകൾ അവർക്കെതിരെ അടഞ്ഞു. അവസാനം, ആരും കടന്നു ചെല്ലാൻ അറയ്ക്കുന്ന, ആരും സ്വീകരിക്കാനോ ശുശ്രൂഷിക്കാനോ ഇല്ലാത്ത, ദുർഗന്ധം വമിക്കുന്ന ഒരു കാലിത്തൊഴുത്തിൽ, മറിയം തന്റെ ഓമന മകനെ പ്രസവിച്ചു. ചെറുതാകുന്നതിന്റെ വലിപ്പവും മഹത്വവും സൗന്ദര്യവും ആ കാലിത്തൊഴുത്ത് നമ്മെ പഠിപ്പിക്കുന്നു. ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ, കർത്താവിന്റെ വേദന നാം വായിക്കുന്നു, ''കാള അതിന്റെ ഉടമസ്ഥനെ അറിയുന്നു; കഴുത അതിന്റെ യജമാനന്റെ തൊഴുത്തും. എന്നാൽ ഇസ്രായേൽ ഗ്രഹിക്കുന്നില്ല; എന്റെ ജനം മനസ്സിലാക്കുന്നില്ല'' ഏശയ്യാ 1: 3. ലോകരക്ഷകന്റെ ജനനസമയത്ത് മനുഷ്യർ കൈവിട്ട ജോസഫിനും മറിയത്തിനും ഒപ്പം അവിടെ ഉണ്ടായിരുന്നത് ഒരു കാളയും, മറിയത്തെ വഹിച്ച ഒരു കഴുതയും മാത്രം ആയിരുന്നു എന്ന് മരിയ വാൾതോർത്തയുടെ ദർശന ഗ്രന്ഥത്തിൽ പറയുന്നു.

ബേത്‌ലെഹേമിലെ കുന്നിൻ ചരിവുകളിൽ അന്നും ആട്ടിൻപറ്റങ്ങൾ മേഞ്ഞിരുന്നു. അവയെ മേയിക്കുന്ന ആട്ടിടയന്മാരും അവിടെയുണ്ടായിരുന്നു. രാത്രിയിൽ പ്രാർത്ഥനാപൂർവ്വം വിശ്രമിക്കാൻ ഒരുങ്ങിയ അവരെയാണ് ദൈവദൂതൻ, രക്ഷകൻ പിറന്ന സദ്വാർത്ത ആദ്യമായി അറിയിച്ചത്. പരിഷ്കൃത സമൂഹത്തിന്റെ പുറമ്പോക്കിൽ മാത്രം സ്ഥാനം ഉണ്ടായിരുന്ന നിഷ്കളങ്കരായ ആട്ടിടയർ, ദാരിദ്ര്യത്തിൽ ജനിച്ച ദിവ്യശിശുവിനെ ദർശിക്കാനായി തടുക്കാനാകാത്ത തിടുക്കത്തോടെ ഓടിയെത്തി. എളിയവരെയാണ് ദൈവം തിരഞ്ഞെടുക്കുന്നതും വലിയ ദൗത്യങ്ങൾ ഏൽപ്പിക്കുന്നതും.

പൗരസ്ത്യദേശത്തെ ജ്ഞാനികൾ ആകാശത്തിൽ ഒരു അദ്ഭുതം കണ്ടു. ആ ദിവ്യനക്ഷത്രം അവർക്ക് രക്ഷകനിലേക്കുള്ള വഴികാട്ടിയായി. എന്നാൽ നക്ഷത്രത്തിലേക്കുള്ള നോട്ടം നിർത്തി, രക്ഷകനെ രാജകൊട്ടാരത്തിൽ അന്വേഷിച്ച അവർക്ക് ദൈവദർശനം ലഭിക്കാൻ അത്രയും സമയത്തെ താമസം ഉണ്ടായി.

ക്രിസ്തുമസ് ആഘോഷങ്ങൾക്കിടയിൽ നാം കേൾക്കാതെ പോകുന്ന ഒരു നിലവിളി ഉണ്ട്. ഉണ്ണിയേശുവിന്റെ ജീവൻ നശിപ്പിക്കാൻ ഒരുങ്ങിയ ദുഷ്ടനായ ഹേറോദേസ് രാജാവിന്റെ കല്പനയാൽ കൊല്ലപ്പെട്ട നിഷ്കളങ്കരായ പിഞ്ചു കുഞ്ഞുങ്ങളുടെ ദീനരോദനം ഇന്നും മുഴങ്ങുന്നുണ്ട് – അമൂല്യമായ മനുഷ്യജീവൻ ഭ്രൂണഹത്യയിലൂടെ ക്രൂരമായി നശിപ്പിക്കപ്പെടുമ്പോൾ. അലക്സാണ്ടർ പോപ്പ് എന്ന കവി എഴുതി, ''ലോകമെങ്ങുമുള്ള ആയിരക്കണക്കിന് പുൽക്കൂടുകളിൽ യേശു ജനിച്ചാലും എന്റെ ഹൃദയത്തിൽ യേശു ജനിച്ചില്ലെങ്കിൽ എനിക്കെന്തു പ്രയോജനം?'' ജോസഫ് കാലിത്തൊഴുത്തിലെ മാലിന്യങ്ങൾ മാറ്റി പുതിയ പുല്ല് വിരിച്ച് യേശുവിന് പിറക്കാനുള്ള പൂമെത്ത ഒരുക്കിയതുപോലെ നമുക്കും നമ്മുടെ ഹൃദയങ്ങളിലെ മാലിന്യങ്ങളെ മാറ്റി, യേശുവിന് പിറക്കാനുള്ള നിർമ്മലമായ ഒരു മെത്തയൊരുക്കാം. ശത്രുതയും സ്വാർത്ഥതയും അലസതയും അകറ്റി, സ്നേഹത്തിന്റെ പ്രകാശവും പരിശുദ്ധിയുടെ പരിമളവും നമ്മുടെ ഹൃദയങ്ങളിൽ നിറയ്ക്കാം. അങ്ങനെ നമ്മുടെ ചിന്തകളും ചലനങ്ങളും വചനങ്ങളും ചൈതന്യധന്യമാകട്ടെ.

ദൈവപുത്രന് പിറക്കാനുള്ള ഒരിടം തേടി മുട്ടിവിളിക്കുന്ന ജോസഫിന്റെയും, നിശ്ശബ്ദമായി കേഴുന്ന മറിയത്തിന്റെയും യേശുവിന്റെയും ചിത്രം നമ്മുടെ ഹൃദയത്തിൽ പതിയണം. ഭക്ഷണത്തിനും വസ്ത്രത്തിനും പാർപ്പിടത്തിനും ആശ്വാസത്തിനുമായി കേഴുന്ന ദരിദ്രരുടെയും പീഡിതരുടെയും അനാഥരുടെയും നിരാലംബരുടെയും യാചനാസ്വരം നമ്മുടെ ഹൃദയത്തെ തുറക്കട്ടെ. അപ്പോൾ യേശു നമ്മുടെ മനസ്സിൽ പിറക്കുന്ന യഥാർത്ഥ ക്രിസ്തുമസ് അനുഭവം നമുക്ക് സ്വന്തമാക്കാം. സന്തുഷ്ടമായ, സംതൃപ്തമായ, സർവ്വോപരി സംശുദ്ധമായ ഒരു ലോകത്തിന്റെ സൃഷ്ടി അതാകട്ടെ നമ്മുടെ സ്വപ്നവും ലക്ഷ്യവും ദൗത്യവും. ●


**41-ാം ചരമദിനം (10-12-2018)**



**മറിയാമ്മ തോമസ് (കുഞ്ഞമ്മ)**

**കല്ലുങ്കൽ**

**പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ**

# മൗനം = ബലി

സിസ്റ്റർ ഗ്ലാഡിസ് ഒ.എസ്.എസ്.



**“ഈ** അച്ചൻ, പറഞ്ഞാൽ കേൾക്കാത്ത കുട്ടികളുടെ അച്ചനാ”! ഉച്ചഭക്ഷണത്തിന് എത്തിയപ്പോൾ അച്ചൻമാരുടെ ഇടയിലെ നർമ്മത്തിൽ ചാലിച്ച പരിചയപ്പെടുത്തൽ കേട്ടപ്പോൾത്തന്നെ മനസ്സിലായി ബധിരർക്കായി സമർപ്പണത്തിന്റെ മുഴുവൻ ഭാഗവും തീറെഴുതിയ യുവവൈദികനാണെന്ന്. അച്ചന്റെ സഹപ്രവർത്തകരായ സന്ന്യസ്തരിൽനിന്ന് അച്ചനെ ക്കുറിച്ചറിഞ്ഞപ്പോൾ ഏറെ കൗതുകം തോന്നി. ഈ കാലഘട്ടത്തിലെ ദൈവികതയുടെ അടയാളപ്പെടുത്തൽ. ആംഗ്യംകൊണ്ട് അമ്മാനമാടുന്നവൻ, മൗനത്തിന്റെ വാചാലഭാഷ്യം, പുഞ്ചിരിക്കുന്ന നിശബ്ദരുടെ കൂട്ടുകാരൻ.

‘‘ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്നെന്നെ അയച്ചിരിക്കുന്നു’’ (ലൂക്കാ 4:18-19) എന്ന കർത്താവിന്റെ വചനം സമർപ്പിതവഴികളിൽ ജീവിച്ചുകൊണ്ട് ബധിരർക്കും മൂകർക്കും വേണ്ടി അപ്പമാകുന്ന നല്ലയിടയൻ ഹോളിക്രോസ്സ് സന്ന്യാസ സഭാംഗമാണ്.

*ആത്മൗപമ്യേന സർവ്വത്ര സമം പശ്യതി യോ അർജ്ജുന*
*സുഖം വാ യദി വാ ദു:ഖം സ യോഗീ പരമോ മതഃ* (ഭഗവദ്ഗീത)

അല്ലയോ അർജ്ജുന യാതൊരുവൻ സകല പ്രാണികളിലും, സുഖമാകട്ടെ ദു:ഖമാകട്ടെ തനിക്കുള്ളതുപോലെ സമമായി വിചാരിക്കുന്നുവോ ആ യോഗി ശ്രേഷ്ഠനെന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നു. മറ്റുള്ളവരുടെ ദുഃഖത്തെ തന്റെ ദുഃഖമാക്കി മാറ്റുന്നവനാണ് യഥാർത്ഥ സന്ന്യാസി. വാചാല



രുടെ പ്രസംഗത്തെക്കാൾ മൗനികളുടെ നിശബ്ദതയ്ക്കാണ് ആഴം എന്ന് തിരിച്ചറിഞ്ഞ ഫാ. ബിജു ലോറൻസ് ആംഗ്യഭാഷയിൽ ബലിയർപ്പിക്കുന്നു എന്ന് ശാന്തപ്രകൃതനായ അച്ചനെ നോക്കി സഹപ്രവർത്തകർ പറഞ്ഞപ്പോൾ കൂടുതൽ കൗതുകം തോന്നി. മനോഹരമായി സംസാരിക്കാൻ കഴിയുന്ന ബിജു അച്ചന് ഏറെ ഇഷ്ടം ആംഗ്യഭാഷയിൽ ബലിയർപ്പിക്കാനാണ്. ആംഗ്യഭാഷയിൽ ബലിയർപ്പിക്കുന്നത് ഒരു നിയോഗവും സമർപ്പണവുമാണ്. അതിനു കഴിയുന്ന വൈദികർ കേരളത്തിൽ കുറവാണ്. ബധിര സഹോദരങ്ങളായി ജീവിക്കുന്നവരുടെ എണ്ണം ആറുകോടിയിൽ അധികം വരുമെന്നാണു ചില കണക്കുകൾ സൂചിപ്പിക്കുന്നത്.

വൈദ്യശാസ്ത്ര നിരീക്ഷണത്തിൽ ഒരു കുഞ്ഞ് പിറവിയിൽത്തന്നെ ബധിരനായിത്തീരുവാൻ ഏറെ കാരണങ്ങളുണ്ട്. ഗർഭാവസ്ഥയിലുള്ള ചില രോഗങ്ങൾ, പ്രത്യേകതരം മരുന്നുകളുടെ ഉപയോഗം, ജനിതകകാരണങ്ങൾ തുടങ്ങി അടുത്തബന്ധത്തിൽപ്പെട്ടവർ തമ്മിലുള്ള വിവാഹം വരെ, കുഞ്ഞുങ്ങളുണ്ടാകുമ്പോൾ കേൾവിയിൽ വൈകല്യം കാണപ്പെടുവാനുള്ള കാരണങ്ങളാണ്. ഇന്ത്യയിൽ ശബ്ദമില്ലാതായിത്തീരുന്ന ഈ സമൂഹത്തിനുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്നവരിലൂടെ ബധിര സമൂഹം ഇന്ന് വളരെയധികം വികസനത്തിലെത്തിയിരിക്കുന്നു..

ഏകദേശം രണ്ടു പതിറ്റാണ്ടോളമായി ബധിരരും മൂകരുമായ സഹോദരങ്ങൾക്കിടയിൽ ദൈവനിയോഗംപോലെ പ്രവർത്തിക്കുന്ന ഫാ. ബിജു ലോറൻസ് തിരുവനന്തപുരം സ്വദേശിയാണ്. അമ്മയും രണ്ടു സഹോദരരും അടങ്ങുന്നതാണ് കുടുംബം. പോലീസ് സബ് ഇൻസ്പെക്ടറായിരുന്ന പിതാവ് നാലു വർഷങ്ങൾക്കു മുമ്പ് സ്വർഗഭാഗ്യത്തിനായി വിളിക്കപ്പെട്ടു. പിതാവിന്റെ സാമൂഹിക പ്രവർത്തനങ്ങൾ അച്ചന് ഏറെ പ്രചോദനമായിട്ടുണ്ട്. പൂനെ പേപ്പൽ സെമിനാരിയിൽ വിദ്യാർത്ഥിയായിരന്ന ബിജുഅച്ചൻ ഫാ. ഹാരിസ്റ്റോക്കിനെ പരിചയപ്പെട്ടു. മൂന്നു പതിറ്റാണ്ടുകളായി ഭാരതത്തിൽ ശ്രവണവൈകല്യമുള്ളവരുടെയിടയിൽ പ്രവർത്തിച്ച മിഷണറിയാണ്. അദ്ദേഹത്തിന് ഭാരതത്തിലും പുറത്തും ഈ മേഖലയിൽ ഏറെ സംഘടനകളുമുണ്ട്. യുവവൈദികർക്കും സമർപ്പിതർക്കുമിടയിൽ തന്റെ പ്രവർത്തനങ്ങൾക്ക് ഒരു പിൻഗാമിയെ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ് അദ്ദേഹം പൂന സെമിനാരിയിൽ എത്തിയത്. അതിന്റെ ഫലമായി സന്ന്യാസ ഭവനങ്ങളിൽനിന്നും സെമിനാരികളിൽനിന്നും അനേകർ കടന്നുവരികയും അവർക്കു പരിശീലനം നല്കുകയും ചെയ്തു. കഠിനമായ പരിശീലനഘട്ടങ്ങൾക്കൊടുവിൽ 10 പേർ മാത്രം അവശേഷിച്ചു. അവരിൽ നിന്നു തെരഞ്ഞെടുത്തത് ഫാ. ബിജുവിനെയായിരുന്നു. താൻ ഇത്തരം ഒരു ദൗത്യം ഏറ്റെടുക്കാൻ പോകുന്നതിന് കുടുംബാംഗങ്ങളിൽനിന്നും സഭാനേതൃത്വത്തിൽനിന്നും സുഹൃത്തുക്കളിൽനിന്നും ഏറെ പിന്തുണ ലഭിച്ചു. സെമിനാരികളിലെ ഒഴിവുസമയങ്ങളിലും ഞായറാഴ്ചകളിലും ബധിരവിദ്യാലയങ്ങളിൽ പോകുകയും ആംഗ്യഭാഷയിലൂടെ അവരുമായി സംവദിക്കുകയും ക്ലാസുകൾ എടുക്കുകയും ചെയ്തു. 2008 ഒക്ടോബർ 29-ന് പൗരോഹിത്യം സ്വീകരിച്ചപ്പോൾ ആദ്യം അർപ്പിച്ച ദിവ്യബലി സൈൻ ലാംഗ്വേജിലായിരുന്നുവെന്നത് ജീവിതത്തിൽ ഈ ശുശ്രൂഷയോടുള്ള തികഞ്ഞ തീക്ഷ്ണതയുടെ നിദർശനമായിരുന്നു. ആദ്യം കുടുംബാംഗങ്ങൾക്ക് അല്പം വിഷമകരമായിരുന്നു ഈ തീരുമാനം. തന്റെ ദൈവനിയോഗത്തെ തിരിച്ചറിഞ്ഞ് ഫാ. ഹാരിസ് സ്റ്റോക്കിന്റെ ആഹ്വാനപ്രകാരം പുത്തൻകുർബാന ബാംഗ്ലൂരിലുള്ള ബധിരസമൂഹത്തിനു മുമ്പിൽ അർപ്പിച്ചു. അന്നു മുതൽ ഇന്നയോളം തന്റെ വലിയ പ്രേഷിതപ്രവർത്തനം ബധിരസമൂഹങ്ങൾക്കുവേണ്ടിയാണ്. ഹോളിക്രോസ് സഭാംഗം തന്നെയായിരുന്ന ഫാ. ഹാരിസ് 2013-ൽ അന്തരിച്ചതോടെ ഈ ശുശ്രൂഷയുടെ ഉത്തരവാദിത്വം നടത്തിവരുന്നയാൾ ഫാ. ബിജുവാണ്. നൂറുകണക്കിന് ബധിരമക്കൾക്ക് ആത്മീയ സ്വാന്ത്വനം പകർന്ന് അവരെ പക്വമായ ആത്മീയ ബോധ്യങ്ങളിലേക്ക് കൈപിടിച്ചു നടത്തുന്നതോടൊപ്പം അവർക്കായി കൂദാശകൾ പരികർമ്മം ചെയ്യുന്നു.


പാലാ മണ്ണക്കനാട് പി.ഒ.എൽ.സി. ഡഫ് ഹൈസ്ക്കുളിലാണ് തന്റെ പ്രവർത്തനം ആദ്യമായി തുടങ്ങിയതെങ്കിലും ഇപ്പോൾ ബിഷപ്പ് മൂർ കോളജ് അടൂർ, അസീസ്സി സ്ക്കുൾ നിർപാറ, അസീസ്സി സ്ക്കുൾ മൂവാറ്റുപുഴ, തുടങ്ങി 8- ഓളം സ്ക്കൂൾ കോളജിലായി ക്ലാസ്സും കൗൺസിലിങ്ങും നല്കുന്നു. പി.ഒ.സി.യിൽ സംഘടിപ്പിച്ച വിവാഹ ഒരുക്ക സെമിനാറിലും അച്ചൻ ക്ലാസ്സ് എടുക്കുകയും കുർബാനയർപ്പിക്കുകയും കുമ്പസാരിപ്പിക്കുകയും ചെയ്യുന്നു. മാസത്തിന്റെ ഒന്നാം ഞയറാഴ്ച കോട്ടയം മേഖലയ്ക്കായി ഭരണങ്ങാനം പള്ളിയിലും, രണ്ടാം ഞായറാഴ്ച തൃശൂർ മേഖലയ്ക്കായി തൃശ്ശൂർ പുത്തൻ പള്ളിയിലും, മൂന്നാം ഞയറാഴ്ച എറണാകുളം മേഖലയ്ക്കായി സെന്റ് ജോർജ് ബസലിക്കായിലും നാലാം ഞായറാഴ്ച ആലപ്പുഴ മേഖലയ്ക്കായി ആലപ്പുഴ അർത്തുങ്കൽ പള്ളയിലും രണ്ടാം ശനിയാഴ്ച ഇടുക്കി മേഖലയ്ക്കായി സെന്റ്. സെബാസ്റ്റ്യൻ പള്ളി തൊടുപുഴയിലും വിശുദ്ധ കുർബാന, കുമ്പസാരം, ബൈബിൾ ക്ലാസ്സും നടത്തിവരുന്നു. വിശുദ്ധ കുർബാന, കുമ്പസാരം തുടങ്ങിയ കൂദാശസ്വീകര

ണങ്ങൾക്കുള്ള അവസരങ്ങൾ ഇവർക്ക് ലഭിക്കാത്തത് ആത്മീയ ജീവിതത്തിൽ ഇവർ നേരിടുന്ന പ്രതിസന്ധിയാണ്. അതിനാൽ കൂദാശജീവിതത്തിൽനിന്നും മൂല്യങ്ങളിലുംനിന്നും അകന്നുപോകാതിരിക്കാൻ ബൈബിൾ ക്ലാസുകളും ധ്യാനങ്ങളും നല്കുന്നു. ഇവരുമായി ഇടപഴകുന്ന അച്ചന്റെ അനുഭവങ്ങൾ ഏറെയാണ്. പലപ്പോഴും ഇവർ അച്ചനെ സമീപിക്കുന്നത് ഏറെയും മാതാപിതാക്കളോടുള്ള പരാതിയുമായിട്ടാണ്. ''അച്ചാ! ഞങ്ങളെ, ഞങ്ങളുടെ ആവശ്യങ്ങളെ ഒന്നു മനസ്സിലാക്കാൻ മാതാപിതാക്കളോടു പറ.'' മാതാപിതാക്കളുമായി ഒരു വൈകാരിക ബന്ധം താരതമ്യേന കുറവാണ്. അതിനാൽ വിവാഹം കഴിഞ്ഞും വൃദ്ധരായ മാതാപിതാക്കളെ ശുശ്രൂഷിക്കാൻ ഇവർ തയ്യാറല്ല. മാതാപിതാക്കളെ ബോധവത്കരിക്കുകയാണ് അദ്യപടിയായി ചെയ്യേണ്ടത് എന്നതാണ് അച്ചന്റെ അഭിപ്രായം. അതുപോലെ ഇവരെ തേടിച്ചെല്ലണം. ചിലപ്പോൾ 10 പേർക്ക് മാത്രമായി ദീർഘദൂരം താണ്ടിപ്പോകേണ്ട അവസ്ഥ ഉണ്ടായിട്ടുണ്ടെങ്കിലും ഇവരെ കണ്ടെത്തി ഒന്നിച്ച് കൂട്ടിക്കൊണ്ടുവരാൻ സാധിക്കുന്നില്ല എന്നതാണ്, വാസ്തവം. ഇവരിൽ പലരും സംശയാലുക്കളാണ് നമ്മൾ ചെവിയും നാവും ഉപയോഗിച്ച് ആശയവിനിമയം നടത്തുമ്പോൾ ഇവർക്കത് സാധ്യമല്ലത്തതുകൊണ്ട് യാഥാർത്ഥ്യത്തിന്റെ പകുതിയെ ഇവർക്ക് മനസ്സിലാകുന്നുള്ളു. ഇത് പരിഹരിക്കാൻ മാതാപിതാക്കൾക്ക് അറിയില്ല. ഇവരുടെ ഭാഷയറിയാത്തതിനാൽ ശരിയായ ആശയവിനിമയത്തിന്റെ കുറവ് അനുഭവപ്പെടുന്നു. അമ്മ പറഞ്ഞു കൊടുക്കേണ്ട കാര്യങ്ങൾ പോലും മൂന്നമതൊരാൾ പറഞ്ഞുകൊടുക്കേണ്ടതായി വരുന്നു. ആകുലത കാരണം പെട്ടെന്ന് ഇവരെ വിവാഹം കഴിപ്പിച്ചു വിടും. ഇവരെ സംബന്ധിച്ച് സമയം ആവശ്യമാണ് എല്ലാത്തിനും. ഇതുവഴി ഡിസേബിൾ ആയ കുട്ടിയെ വീണ്ടും ഡിസേബിൾ ആക്കുന്നു മാതാപിതാക്കൾ. എന്നാൽ കുട്ടികളെ ഏബിൾ ആക്കുന്ന മാതാപിതാക്കളും ഇല്ലാതില്ല. സമൂഹത്തിന്റെ മുൻനിരയിലേക്ക് ഇവരെ കുട്ടിക്കൊണ്ടു വരുവാൻ ആഗ്രഹിക്കുന്ന അച്ചൻ കോട്ടയം അയ്മനത്ത് 'നവധ്വനി' എന്നപേരിൽ ഇവർക്കായി ലീഡർഷിപ്പ് പ്രോഗാം, പേഴ്സണാലിറ്റി ഡവലപ്പ്മെന്റ്, പി.എസ്.സി. കോച്ചിംഗ്, ഇംഗ്ലീഷ്, ബൈബിൾ തുടങ്ങിയ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. ഇത്തരത്തിൽ അനേകരെ ഈ രംഗത്തേക്ക് ആകർഷിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും സംവിധാനം രൂപീകരിക്കലും ശ്രവ്യവൈകല്യമുള്ളവർക്കായി ഒരു അഗതിമന്ദിരം രൂപീകരിക്കുന്നതും സ്വപ്നമാണ്. കേരളത്തിന്റെ വിവിധഭാഗങ്ങളിലായി അനേകം വൃദ്ധസദനസമൂഹങ്ങളുണ്ടെങ്കിലും ഇത്തരത്തിലുള്ളവർ അവിടെ ഒറ്റപ്പെടലിൽ കഴിഞ്ഞുകൂടുന്ന ദുരവസ്ഥ വിസ്മരിക്കത്തക്കതല്ലെന്ന് ഓർമിപ്പിക്കുന്നു. ഇവരെ ഒരുമിപ്പിച്ച് ഒരു സദനത്തിൽ പാർപ്പിച്ച് ആശയവിനിമയം നടത്തുവാനും സാന്ത്വനം പകരുവാനും ഇത്തരം ഒരു സംവിധാനം കൊണ്ട് സാധിക്കുമെ



ന്നത് അച്ചന്റെ ആത്മവിശ്വാസമാണ്. ഇത്തരം ഒരു പിടി ലക്ഷ്യം മുന്നിൽകണ്ടുകൊണ്ട് അനേകർക്ക് ആശ്രയം ആകുന്ന സംവിധാനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരാനാണ് ഫാ. ബിജുവിന്റെ ശ്രമം. പിതാക്കൻമാരുടെ നിർദേശങ്ങളോടുകൂടി ഇന്ത്യ മുഴുവൻ ഈ സംരംഭം വ്യാപിപ്പിക്കാൻ അച്ചൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും ഈ പദ്ധതികൾ എത്രമാത്രം വിജയിക്കുമെന്ന ചോദ്യം മുമ്പിൽ ഉയരുന്നുണ്ടെങ്കിലും സഭയിൽനിന്നും സമൂഹത്തിൽനിന്നും പിന്തുണ ലഭിക്കുമെന്ന ഉറച്ച ആത്മവിശ്വാസത്തിലാണ് അദ്ദേഹം. സഭയുടെ ഭാഗത്തുനിന്ന് പൊതുവായ ഒരു സംവിധാനം ഇവർക്കുവേണ്ടി രൂപീകരിക്കപ്പെടേണ്ടതുണ്ട്. രൂപതകൾ തന്നെ ഈ വിഷയത്തിൽ വ്യക്തമായ ലക്ഷ്യത്തോടെ മുന്നോട്ടു കടന്നുവന്ന് ഇത്തരക്കാരെ ഒരുമിപ്പിച്ചുകൂട്ടി അജപാലനപരവും ആത്മീയവുമായ ആവശ്യങ്ങൾക്കനുസരിച്ചു ക്രമീകരണങ്ങൾ നടത്തേണ്ടതുണ്ട്. ഹോളിക്രോസ് സഭാ വൈദികനായ ഫാ. ബിജുവിന്റെ സമൂഹത്തിൽ വരും വർഷങ്ങളിൽ ഒരു ബധിര വൈദികവിദ്യാർത്ഥി വൈദിക പട്ടം സ്വീകരിക്കുന്നു എന്നത് ആ സമൂഹത്തിന്റെ വിശാലതയോടൊപ്പം അച്ചന്റെ പ്രവർത്തനത്തിന്റെ പിൻതുടർച്ചകൂടിയാണ്. ഈ സന്ന്യാസ സമൂഹം ബധിരർ ആയ കുട്ടികളുടെ ദൈവവിളിയെ പ്രോത്സാഹിപ്പിക്കുന്നു. അവർക്ക് പരിശീലനം നല്കുന്നു. ഹോളിക്രോസ് സമൂഹം ബ്രദേഴ്സിന് ട്രെയിനിംഗ് കൊടുത്തുകൊണ്ട് തമിഴ്നാട്, പൂനെ, ബാംഗ്ലൂർ എന്നീ പ്രദേശങ്ങളിൽ ഈ മിനിസ്ട്രിക്ക് തുടക്കം കുറിക്കുന്നുണ്ട്

ശ്രവണവൈകല്യമുള്ളവർക്കുവേണ്ടിയുള്ള അച്ചന്റെ നീണ്ട പരിശ്രമത്തിൽ അദ്ധ്വാനം ഏറെയാണ്. ഈ മേഖലയിൽ കൂടുതൽ ഫലപ്രദമായി ഇടപെടുന്നതിനായി പല കോഴ്സും അദ്ദേഹം ചെയ്തുകഴിഞ്ഞു. ആദ്യം പഠിച്ചത് അമേരിക്കൻ സൈൻ ലാംഗ്വേജ് ആയതിനാൽ ഇന്ത്യൻ സൈൻ ലാംഗ്വേജ് അഭ്യസിക്കുവാനും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. എം.ജി. യൂണിവേഴ്സിറ്റിയിൽ അടുത്തകാലത്ത് ആരംഭിച്ച ഒരു പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ കോഴ്സും അദ്ദേഹം പഠിച്ചു. സഭ ഏല്പിക്കുന്ന തന്റെ ഉത്തരവാദിത്വത്തോടൊപ്പം തന്നെ വ്യക്തിപരമായി ശുശ്രൂഷാ ജീവിതത്തിൽ എന്തെല്ലാം ചെയ്യാൻ പറ്റുമെന്നുള്ള സമർപ്പണംകൂടിയാകുമ്പോൾ അതിന് ഇരട്ടി ഫലമുണ്ടാകും. തന്റെ ശുശ്രൂഷാജീവിതത്തിൽ ദൈവം ഭരമേല്പിച്ച ഈ ദൗത്യം പ്രധാനപ്പെട്ടതായി അദ്ദേഹം കാണുന്നു. ●



## ഉപകാരസ്മരണ

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാ സഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/ അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമേ. /എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ജോളി ജോർജ്ജ് ഗുജറാത്ത്**


## ദീപഗിരി ബഥനി ആശ്രമം

**മുണ്ടൻമല**

അഭിവന്ദ്യ പിതാക്കന്മാർ, വന്ദ്യ വൈദികർ, വൈദികവിദ്യാർത്ഥികൾ, ബഹുമാനപ്പെട്ട സന്ന്യാസിനീസന്ന്യാസികൾ, വിശുദ്ധ ജനം എല്ലാവർക്കും ദീപഗിരിയിലേക്ക് സ്വാഗതം. പെരുന്നാട് മുണ്ടൻമലയുടെ പ്രശാന്ത സുന്ദരമായ കാനനച്ഛായയിൽ പ്രാർത്ഥിച്ച്, ധ്യാനിച്ച്, ദൈവൈക്യം പ്രാപിക്കാൻ എല്ലാവരെയും ക്ഷണിക്കുന്നു

*ബന്ധപ്പെടുക :*

**ദീപഗിരി ബഥനി ആശ്രമം**

**ബഥനിമല, പെരുന്നാട് പി.ഒ.,**

**പത്തനംതിട്ട, 689711**

**ഫാ. വില്യം നെടുമ്പുറത്ത് ഒ.ഐ.സി. (9495689464)**

**ഫാ. ജോബിൻ കുര്യാക്കോസ് ഒ.ഐ.സി. (9447550595)**


**ഉപകാരസ്മരണ**



ഒരു വിശ്വാസി കല്ലിശ്ശേരി

**ഉപകാരസ്മരണ**



ഒരു വിശ്വാസി കല്ലിശ്ശേരി

**ഉപകാരസ്മരണ**



ഒരു വിശ്വാസി അയിരൂർ

**ഉപകാരസ്മരണ**



ജെന്നിഫർ മേരി സാമുവേൽ, മാന്നാർ

താമസിച്ചതിന് ക്ഷമാപണം



# പ്രളയവും ദുരന്തനിവാരണവും

മെറിൻ ഫിലിപ്പ്

"കേരളം" നദികളുടെ നാട്. നദികളുടേയും പുഴകളുടേയും ജലാശയങ്ങളുടേയും പേരിൽ സമൃദ്ധമായ നാട്. മനുഷ്യശരീരത്തിൽ രക്തം പോലെ തന്നെ കേരളത്തിന്റെ ജീവനാഡികളാണ് നമ്മുടെ നദികൾ. മറ്റു സംസ്ഥാനങ്ങളിലെ പോലെ 200,00 ച.കി.മീ. നീളമുള്ള മഹാനദികൾ കേരളത്തിൽ ഇല്ല. 2000 നും 20,000 ച.കി.മീ. നും ഇടയിൽ നീളമുള്ള ഇടത്തരം നദികളാണ് കേരളത്തിൽ. കേരളത്തിലെ 44 നദികളിൽ 244 കി.മീ. നീളമുള്ള പെരിയാറാണ് ഏറ്റവും വലിയ നദി. 16 കി.മീ. മാത്രം നീളമുള്ള മഞ്ചേശ്വരം പുഴയാണ് നീളത്തിൽ ചെറുത്. ശിവഗിരി മലകളിൽ നിന്നും ഉത്ഭവിച്ച് ഇടുക്കി, എറണാകുളം ജില്ലകളെ തഴുകി കൊടുങ്ങല്ലൂർ കായലിൽ ചെന്ന് അവസാനിക്കുന്നതാണ് പെരിയാറിന്റെ ജീവിതം. പെരിയാറിനൊപ്പം തന്നെ ഭാരതപ്പുഴയും പമ്പാനദിയും ചാലിയാറും അച്ചൻകോവിലാറും തുടങ്ങി 44 നദികളും നമുക്ക് പരിചിതമാണല്ലോ. ഒരു പരിധിവരെ മനുഷ്യനും ജീവജാലങ്ങൾക്കും യാതൊരു ഉപദ്രവവും ഉണ്ടാക്കാതെ സ്വന്തം ഗതിയെ നിയന്ത്രിച്ച് ഇവ കടലിൽ ചേരുന്നു. എങ്കിലും കഴിഞ്ഞ ഓഗസ്റ്റ് മാസം മലയാളക്കരയെ സംബന്ധിച്ച് മറക്കാൻ കഴിയില്ല. 483 പേർ മരണമടഞ്ഞ വലിയ മഴയും വെള്ളപ്പൊക്കവും. നദികളുടെ രൗദ്രഭാവം മലയാളികൾ കണ്ടറിഞ്ഞു. കേരളത്തിലെ 14 ജില്ലകളിലും റെഡ് അലർട്ട് പ്രഖ്യാപിച്ചിരുന്നു. കേരള ഗവൺമെന്റിന്റെ കണക്കനുസരിച്ച് മുഴുവൻ ജനതയുടെ ആറിലൊരു ഭാഗം ദുരന്തം അനുഭവിച്ചു. ഇൻഡ്യാ ഗവൺമെന്റ് lebel - 3 calamity (Calamity of severe nature) ആയി പ്രഖ്യാപിച്ചു. 1924 നു ശേഷമുള്ള വലിയ വെള്ളപ്പൊക്കമായി ഇത് മാറി. കേരള ചരിത്രത്തിൽ ആദ്യമായി 35 ഡാമുകൾ തുറന്നതും ഇടുക്കിഡാമിന്റെ 5 overflow gate തുറന്നതും ചരിത്രത്തിന്റെ ഭാഗമായി. കഴിഞ്ഞ മൺസൂൺ കാലത്ത് ഏകദേശം 256 അധികം മഴ കേരളത്തിലുണ്ടായി എന്നാണ് കണക്കുകൾ രേഖപ്പെടുത്തുന്നത്. 24 മണിക്കൂർ നിർത്താതെ പെയ്തത് 310 മി.മീ. മഴയാണ്. 10,000 കി.മീ. റോഡുകളും ആയിരക്കണക്കിനു വീടുകളും ജീവനുകളും നമ്മൾ വില കൊടുക്കേണ്ടിവന്നു. ഇന്റർനാഷണൽ ട്രാഫിക്കിൽ 4-ാമത്തെ തിരക്കേറിയ കൊച്ചിൻ ഇന്റർനാഷണൽ എയർപോട്ട് വരെ പ്രവർത്തനം നിർത്തേണ്ടിവന്നു.

40 ഹെലികോപ്റ്റർ, 31 എയർ ക്രാഫ്റ്റ്, 182 റെസ്ക്യു ടീം, ഡിഫൻസ് ഫോഴ്സിന്റെ 18 മെഡിക്കൽ ടീം, 58 എൻ.ഡി.ആർ.എഫ്. ടീം, 500 ബോട്ടുകളും കണക്കുകൾ പ്രകാരം സർവ്വസജ്ജമായി സഹകരിച്ചു. ചരിത്രത്തിൽ ആദ്യമായി 669 ഫിഷിംഗ് ബോട്ടുകളിലായി 4537 മത്സ്യത്തൊഴിലാളികളും സഹകരിച്ചു എന്നതും എടുത്തുപറയേണ്ടത്.

**അണക്കെട്ടുകൾ**

കൃഷിക്കായും ഊർജ്ജസ്രോതസ്സായും ജലത്തിന്റെ അനിയന്ത്രിതമായ ഒഴുക്കുനിയന്ത്രിക്കുന്നതിനുമാണ് പ്രധാനമായും അണക്കെട്ടുകൾ നിർമിക്കുന്നത്. അണകൾ കെട്ടി മനുഷ്യന് ഉപയോഗപ്രദമാക്കുവാനുള്ള മനുഷ്യന്റെ ശ്രമങ്ങൾ ആയിരക്കണക്കിനു വർഷങ്ങൾ മുൻപുതന്നെ തുടങ്ങിയിരുന്നു. ബി.സി. 3000ൽ ജോർദ്ദാനിലാണ് ആദ്യമായി തടയണകൾ നിർമിച്ച് അണക്കെട്ടുകൾക്ക് തുടക്കം കുറിച്ചത്. 1800 നുശേഷമാണ് ഊർജ്ജസ്രോതസ്സിനായി അണക്കെട്ടുകൾ പ്രധാനമായും നിർമിച്ചത്. പല പുരാതന സംസ്കാരത്തിന്റെ ജീവിത രീതികളിലും അണക്കെട്ടുകളെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. മറ്റുപലതും പോലെ തന്നെ ബ്രിട്ടീഷ് രാജ്യങ്ങളാണ് ഏറ്റവും അധികം അണക്കെട്ടുകൾ ഉണ്ടാക്കിയിട്ടുള്ളതും ഉപയോഗിക്കുന്നതും.

"ഭ്രാന്തൻ പുഴകളെ സ്വാഭാവികങ്ങളാക്കുകയാണ് അണക്കെട്ടു നിർമാണത്തിന്റെ ലക്ഷ്യം"

എന്ന മാക്സിം ഗോർക്കിയുടെ വാക്കുകൾ അർത്ഥവത്താണ്. The world Commission on Dams (WCD) അണക്കെട്ടുകളെ പ്രധാനമായും വൻകിട അണക്കെട്ടുകൾ എന്നും ഭീമൻ അണക്കെട്ടുകൾ എന്നും തരംതിരിക്കുന്നു. ലോകത്തിൽ ഏകദേശം അരലക്ഷത്തിലധികം വൻകിടഅണക്കെട്ടുകൾ ഉള്ളതായി കണക്കാക്കുന്നു.

ഇന്ത്യയിൽ ഏകദേശം 4000 അണക്കെട്ടുകളാണ് ഉള്ളത്. ഗുണങ്ങളോടൊപ്പം ദോഷങ്ങളും പ്രത്യാഘാതങ്ങളും ഇവയുടെ നിർമാണത്തിനുണ്ടാകാറുണ്ട്. ഡാൽമൺ മത്സ്യം, കറുത്ത സ്റ്റിൽറ്റ്, ചൈനീസ് ചീങ്കണ്ണി, പോർപ്പിസ് തുടങ്ങിയ ജീവികൾ അണക്കെട്ടു നിർമാണംമൂലം വംശനാശത്തിന്റെ വക്കിലാണ്. അണക്കെട്ടുകൾ തുറക്കുമ്പോൾ ഉണ്ടാകുന്ന പ്രളയം നാം അനുഭവിച്ചു. കേരളത്തിൽ 44 പ്രധാന അണക്കെട്ടുകളാണ് ഉള്ളത്. ഇവ കൂടാതെ ചെക്ക് ഡാമുകളും ബണ്ടുകളും ഉൾപ്പെടെ നൂറോളം ജലസംഭരണികളും ഉണ്ട്. അണക്കെട്ടുകളുടെ വലിയ ഗുണഭോക്താക്കളായ നമുക്ക് അവ വേണ്ടെന്നു വയ്ക്കാനാവില്ല. ചില സുരക്ഷാമുൻകരുതലുകൾ എടുക്കാം എന്നത് കാര്യക്ഷമമായി ചിന്തിക്കേണ്ടതാണ്. ചോർച്ച ഉണ്ടാകില്ല എന്നും അതിനു പരിഹാരവും ഉറപ്പാക്കണം. അതോടൊപ്പം അതിന്റെ പരിസരത്ത് ജനവാസവും നിയന്ത്രിക്കാം. അപകടമുന്നറിയിപ്പുകൾ കാര്യക്ഷമമാക്കുകയും ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം. ഭാവിയിൽ ദുരന്തസാധ്യത കുറയ്ക്ക ത്തക്ക വിധം പുനർനിർമാണം ഉണ്ടാകണം. സാറ്റലൈറ്റ് സൗകര്യങ്ങൾ കാര്യക്ഷമമാക്കുകയും ദുരന്തബാധിത പ്രദേശങ്ങൾ കണ്ടെത്തി അനുയോജ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. ദുരന്തനിവാരണവും അതോടൊപ്പമുള്ള വികസനം നടത്തുന്ന ഏതാനും സ്ഥാപനങ്ങളെ ഇനിയും പരിചയപ്പെടാം.

**Meteoro - Logical Centre**

കാലാവസ്ഥാനിരീക്ഷണവും അതിനോടനുബന്ധിച്ച എല്ലാ പ്രവർത്തനങ്ങളും ക്രോഡീകരിക്കുന്നത് Meteorological department ആണ്. ആധുനിക സാങ്കേതിക വിദ്യകളുടെ അടിസ്ഥാനത്തിൽ ന്യൂനമർദ്ദങ്ങളേയും ശക്തിയേറിയ കാറ്റുകളെയും കണ്ടുപിടിച്ച് സർക്കാരിനേയും ജനങ്ങളേയും ബോധവൽക്കരണപ്രവർത്തനത്തിന് നേതൃത്വം നല്കുന്നു. കേരളത്തിൽ തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്നു. ഇത്തരത്തിലുള്ള മുൻകൂർ പ്രവചനങ്ങൾ വഴി ഒരുപരിധി വരെ മുൻകരുതലുകൾ എടുക്കാൻ കഴിയും.

**Doppler - Radar - System**

അന്തരീക്ഷസ്ഥിതിയും മഴസാധ്യതയും കൃത്യമായി വിലയിരുത്തുന്നത് doppler - radar അടിസ്ഥാനത്തിലാണ്. ഇതിന്റെ നിഗമനങ്ങൾ കാലാവസ്ഥ വകുപ്പിന്റെ വെബ്സൈറ്റ് പ്രസിദ്ധീകരിക്കും. ഇത് ണടഞ (Weather Surveillance Radar) എന്നപേരിലും അറിയപ്പെടുന്നു.

**നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS)**

പ്രളയക്കെടുതിയും ഡാമുകളുടെ പ്രവർത്തനങ്ങളുമാണ് പ്രധാനമായുള്ള പഠനവിഷയം. ശാസ്ത്രീയമായ നിരീക്ഷണവും അതിന്റെ അവലോകനങ്ങളും നടത്തുന്നു. 1978 ൽ പ്രൊഫ. സി. കരുണാകരനാണ് NCESS സ്ഥാപിച്ചത്. കേരളത്തിലെ പ്രളയക്കെടുതി വിലയിരുത്താനും 10 പേർ അടങ്ങിയ ഒരു റിസർച്ച് ടീം ഉണ്ടായിരുന്നു. കനത്തമഴയും ഡാമിൽ നിന്നുള്ള വെള്ളവുമാണ് കേരളത്തിൽ പ്രളയം ഉണ്ടാക്കിയതെന്ന് റിപ്പോർട്ടുകൾ പറയുന്നു.

**NDRF - (National Disaster Response Force)**

ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് 2005 ന്റെ അടിസ്ഥാനത്തിൽ ഭാരതത്തിൽ പ്രവർത്തിക്കുന്ന സേനയാണ് ദേശീയ ദുരന്ത പ്രതികരണസേന. ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നു. ദുരന്തവേളയിൽ അവയുടെ കെടുതികൾ പരമാവധി കുറയ്ക്കുന്നതിനു വേണ്ടി പ്രവർത്തിക്കുന്നു.

**Center for water Resources Development Management**

കേരള ഗവൺമെന്റിന്റെ പ്രധാനപ്പെട്ട water sector research and development നടത്തുന്ന സ്ഥാപനമാണ് ഇണഞഉങ. 1978 ൽ ആണ് സാങ്കേതിക വിദ്യയുടെ കീഴിൽ രൂപം കൊണ്ടത്. Dr. Anitha A.B. യുടെ നേതൃത്വത്തിൽ ഇന്ന് പ്രവർത്തിക്കുന്നു.

**Kerala - Fire & Rescue Services**

പ്രകൃതി ദുരന്തങ്ങൾ അഗ്നിബാധ തുടങ്ങിയ എല്ലാ അടിയന്തര സാഹചര്യങ്ങളിലും രക്ഷാപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നു. 1963 മുതൽ പ്രവർത്തനങ്ങൾ ഔദ്യോഗികമായി ആരംഭിച്ചിരുന്നു. തിരുവനന്തപുരം ആസ്ഥാനമാക്കി കേരളത്തിലുടനീളം പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നു.

ഇവ കൂടാതെ Kerala state remote sensing and environment centre, സാറ്റ്ഷുവർ (സ്പേസ് അനലിറ്റക്സ് സ്ഥാപനം) തുടങ്ങിയവയുടെ എല്ലാം സഹായത്തോടെ ഉപഗ്രഹ ചിത്രങ്ങളും പ്രളയബാധിത മേഖലകളും കണ്ടെത്താനും ആവശ്യമായ ബോധവൽക്കരണ പരിപാടികൾ നടത്താനും കഴിയും.

കേരളം അനുഭവിച്ച പ്രളയ ദിവസങ്ങൾ കാലം എന്നും ഓർമയിൽ സൂക്ഷിക്കും. ഇതിനിടയിൽ സ്നേഹവും കരുണയും അടയാള ചിഹ്നങ്ങളാകുന്ന എത്രയേറെ കാഴ്ചകൾ നാം കണ്ടു. പ്രകൃതി ക്ഷോഭത്തെ നമുക്ക് തടഞ്ഞുനിർത്താനാവുകില്ല. എന്നാൽ പ്രകൃതി ചൂഷണം നമുക്ക് തടഞ്ഞു നിർത്താം. പ്രകൃതിയെ വേദനിപ്പിച്ചാൽ വലിയ വില കൊടുക്കേണ്ടി വരും എന്ന് നാം പഠിച്ചു കഴിഞ്ഞു.

●







Valentina Tereshkova

# THE SEAGULL IN THE SKIES

**Krupa Grace Mathew**
Kallisserry



**She saw a beautiful orb of the daintiest blue, a world out of worlds, among the stars of the all consuming obscurity.**

The skies, itsglazing tumultuous rays or its beautiful darkness had arrested the thoughts of men for eternity and we had weaved stories surmising what laid beyond the orb that hides us. Not many long ago we had raised ourselves to the skies fathoming the subtleties of the heavens.

One woman in a small village of the erstwhile Soviet Russia adored the skies. Fierce and strong she conquered it young. Valentina Tereshkova dreamt of flying high. At a very young age she was fascinated by parachuting and learnt skydiving at a local Aero club. She took her first jump at the age of 21. Overcome by dire circumstances she had left school at the age of 16 to support her family. Having parted with her father during the war when she was two, her mother became the sole supporter to her and her two siblings. In the trying times she paced doing a list of odd jobs, her only respite being her times in the air.

When applications were called up for women volunteers to traverse the cosmos ,she couldn't resist. Inspired by Yuri Gagarin the first man in space she applied for the venture. By a random streak of fortune, despite her exiguity in aeronautics she was awarded a position in the space program along with four others. The next eighteen months Tereshkova underwent arigorous course of training and numerous tests. She tackled every one of them obstinately with undaunted grit.

On the fine morning of 16 June 1963, she and her backupSolovyova were both dressed in spacesuits and taken to the launch pad by bus. After a two-hour countdown, Vostok 6launched faultlessly into the heavens and Tereshkova became the first woman to embellish the skies. From the skies that day we heard a pleasurable squeal of a seagull exclaim ,“ I see the horizon. A light blue, a beautiful band. This is the earth.”

Nicknamed “chaika”, seagull, her beaming impression appeared on European and Soviet TV while a pencil and logbook surfed the space round her. Her spacecraft Vostok VI orbited the earth 48 times and she spent almost three days in space.


Back home she was ordained a hero, valorous and gallant. On June 22 at the Kremlin she was decorated with the Order of Lenin and the Gold Star Medal. Hailing from a proletariat and humble background she was overnight equated as a symbol of feminine liberation from the ties of the old. Her legacy has remained a burning beacon for countless admirers of the glittering wonders of the night even today half a century after her maiden venture.

On her seventieth birthday, she expressed her final wish to conquer Mars even if it is a one way trip. Her undying devotion for her true love remains bright in her ,enlightening numerous hearts that dares to tread the path unfrequented.

**Word Intake**

Vostok VI-Vostok 6 (Russian: Восток-6, Orient 6 or East 6) was the first human spaceflight to carry a woman, cosmonaut Valentina Tereshkova, into space.
Chaika- The callsign of Valentina Tereshkova literally meaning seagull


ജൂനിയർ
മോസസ്
കുട്ടികളുടെ കൂട്ടുകാരൻ
SAMEEKSHA
CATECHISM
Thiruvalla


കോൺട്രാക്ടർ ഉറങ്ങുകയായിരുന്നു.
ജൂനിയർ മോസ്സസ് അവിടെ പ്രത്യക്ഷനായി
മോസ്സസ് തൻ്റെ മാന്ത്രികവടി ചുഴറ്റി...
പെട്ടെന്ന്
തുടരും..

# തിരികെ കൂടണയാതെ വിടപറയുന്നവർ





ഫാ. എബ്രഹാം ലൂക്കോസ്

"Suppose I, for instance, suffer intensely. Another can never know how much I suffer, because he is another and not I."
( Fydor Dostoyevsky, The Brothers Karamazov.)

**അ**ന്ന് വീണ്ടും ആശുപത്രിയിലെ OA വാർഡിലേക്ക് ചെല്ലുമ്പോൾ ഞാൻ അന്വേഷിച്ചത് അഗസ്റ്റസിനെ ആയിരുന്നു . ലത്തീനിൽ പ്രാർത്ഥിക്കുന്ന എപ്പോഴും ചിരിക്കുന്ന, ഡെൽ പാപ്പാ എന്ന് സ്ഥാനപ്പേരുള്ള അഗസ്റ്റ്സ് ഒറ്റയ്ക്കായിരുന്നു താമസിച്ചിരുന്നത്. ഇറ്റാലിയനായിരുന്ന അഗസ്റ്റസ് ഇടയ്ക്കിടയ്ക്ക് ആശുപത്രിയിൽ വന്നു പോകുന്ന അഥിതി ആയിരുന്നു. വരുമ്പോഴൊക്കെ അന്വേഷിക്കും. ചെന്ന് കാണുമ്പോൾ കുറെ വർത്തമാനം പറയും. പിന്നെ ലത്തീനിൽ പ്രാർത്ഥിക്കും. ദൈവം നിന്നെ അനുഗ്രഹിക്കും എന്ന് പറഞ്ഞു യാത്രയാക്കും. OA യിൽ സന്ദർശിക്കുന്ന രോഗികളെ പലപ്പോഴും പിന്നീട് കാണുക പ്രയാസമാണ്. ഓരോ സന്ദർശനവും മിക്കവാറും അവസാനത്തേതാകുന്നു. ജീവമരണങ്ങളുടെ ഞാണിന്മേൽക്കളി ഇവ്വിധം അനാവൃതമാകുന്ന വേറെയിടങ്ങളില്ല എന്ന് തോന്നുന്നു. സത്യത്തിൽ ജീവന്റെ സുഖസ്മൃതിയിൽ മരണത്തിന്റെ സ്പന്ദനം സ്വയം വിസ്മരിക്കുന്ന നമ്മുടെ സമാഗമങ്ങളുടെ സ്ഥിതിയും മറിച്ചല്ല. ഓരോ സന്ദർശനവും അവസാനത്തേതെന്നിരിക്കെ നമ്മുടെ സൗഹൃദ സദസ്സുകൾ എന്തേ ഇത്രമേൽ സമരകലുഷമാകുന്നു. നമ്മുടെ കൂടിവരവുകളുടെ അനിശ്ചിതത്വം അറിവിലുണ്ടെങ്കിലും അവ നമ്മെ സഹായിക്കുന്നേയില്ല. ഓരോ തവണയും എത്ര കണ്ടു കഠിനഹൃദയരായാണ് നമ്മുടെ സംഗമങ്ങളിൽ നിന്ന് നാം പടിയിറങ്ങുക.

അഗസ്റ്റ്സ് എന്ന് വിളിച്ചകത്തേക്കു നോക്കിയ കണ്ണുകൾ ഒരപരിചിതന്റെ മുഖം കണ്ടു പിൻവലിഞ്ഞു. സോറി പറഞ്ഞു പുറത്തേക്ക് ഇറങ്ങിയപ്പോൾ ഒരു ചോദ്യം പിന്നാലെ. Are you a Catholic priest ? അതെ എന്ന് പറഞ്ഞു തിരിഞ്ഞു കയറി ആ മുറിയിലേക്ക്. ചാൾസ് എന്നാണ് എന്റെ പേര്, എന്ന് പറഞ്ഞ് അയാൾ പരിചയപ്പെടുത്തി. അയാൾ മറ്റാരുടെയോ bystander ആയിരിക്കും എന്ന് കരുതിയാണ് സംസാരിക്കാൻ ആരംഭിച്ചത്. ആരാണ് ഇവിടെ കിടക്കുന്നതു എന്ന് ചോദിച്ചതിന് ഞാൻ തന്നെയെന്ന് അയാൾ മറുപടി നൽകി . ചോദ്യത്തിന്റെ ചമ്മൽ മുഖത്തു പ്രകടമാക്കാതെ സായിപ്പിന്റെ സ്ഥിരം ശൈലി കോപ്പിയടിച്ചു, How are you doing Charles? എന്ന് നീട്ടിച്ചോദിച്ചു. ക്യാൻ യൂ സ്പെയർ ഫ്യൂ മിനുട്സ് ഫോർ മി? എന്ന മറുചോദ്യവുമായി ചാൾസ് എന്റെ മുഖവുരയ്ക്കു വിരാമമിട്ടു. Sure എന്നുത്തരം പറഞ്ഞ് അടുത്തു

കിടന്ന കസേരയിൽ ഇരുന്നു. അപ്പോഴും മനസിലെ ചിന്ത ഈ ചെറുപ്പക്കാരൻ എങ്ങനെ ഇവിടെ OA യിൽ എന്നായിരുന്നു. ഫാദർ, ചാൾസ് പറഞ്ഞു തുടങ്ങി. കഴിഞ്ഞ ശനിയാഴ്ച ഞാൻ ആശുപത്രിയിൽ വന്നത് ഒരു സ്കാനിങ്ങിനായിരുന്നു. മുട്ടുവേദനയായിരുന്നു എന്റെ പ്രശ്നം. ഫാമിലി ഡോക്ടർ കുറെ നാൾ പല മരുന്നും പരീക്ഷിച്ചു. എന്നിട്ടും കുറയാത്തതുകൊണ്ടാണ് ഇവിടേക്ക് സ്കാനിങ്ങിനു വിട്ടതു. സ്കാനിങ്ങിനു ശേഷം അവർ എന്നെ ഇവിടെ അഡ്മിറ്റ് ചെയ്തു . ഞാൻ അഡ്മിറ്റാവാൻ തയ്യാറായല്ല വന്നത്. ഭാര്യയും മൂന്നു കുഞ്ഞുങ്ങളും തനിച്ചാണ്. കാനഡയിൽ വന്നിട്ട് മൂന്ന് വർഷമേ ആയുള്ളൂ. ഇങ്ങനെ കഥ നീണ്ടുപോയി. ഡോക്ടേഴ്സ് വേറെ കുറെ ടെസ്റ്റുകൾ ഇന്നലെ ചെയ്തു. ഞാൻ ഭാര്യയെ വിളിച്ചു ഇന്ന് തിരികെ വരും എന്ന് പറഞ്ഞു. ഫാദർ അവർ ഒരു കൂട്ടമായി എന്റെ റിസൾട്ടുമായി വന്നു. ഇപ്പൊ പുറത്തേക്കു പോയതേയുള്ളൂ. അവർ ഇനിയും വരും . അവർ പറയുന്നു എനിക്ക് കാൻസർ ആണെന്ന്. ബോൺ കാൻസർ ആണ് പോലും. മുട്ടിൽനിന്ന് ആ ഭീകരൻ നട്ടെല്ല് വരെയെത്തിയെന്ന്. സ്റ്റേജ് ഫോർ ആണത്രേ. എന്താണ് ഫാദർ ഞാൻ ജെസ്സിക്കയോട് പറയുക. എന്നെ കൊണ്ടുപോകാൻ അവൾ ഇന്ന് വൈകുന്നേരം കുഞ്ഞുങ്ങളുമായി വരും. മുപ്പത്തിയേഴുകാരന്റെ വേദനയുടെ ആഴം എന്റെ കണ്ണിൽ ഉരുണ്ടുകൂടി . പക്ഷേ കരയാൻ പാടില്ല. ഈ പ്രാണന്റെ പ്രിയങ്ങളോട് ഒരു കേൾവിക്കാരനെന്ന നിലയിൽ ഞാൻ അകലം പാലിക്കണം പോലും. ആശുപത്രിയുടെ നിയമമാണ്. അങ്ങനെ കുറെ നേരം ചാൾസിന്റെ ചാരെ ചുമ്മാതിരുന്നു. എന്ത് പറയാൻ. എങ്ങനെ പറയാൻ. ചാൾസ് ഒടുവിൽ മൗനം വെടിഞ്ഞു. മരിക്കാൻ എനിക്ക് ഭയമില്ല ഫാദർ. എന്ത് വന്നാലും ഏറ്റെടുത്തല്ലേ പറ്റൂ. ആരോടും പരിഭവമില്ല, ദൈവത്തോടും. എങ്കിലും, ജീവിച്ചു കൊതി തീർന്നിട്ടില്ല ഫാദർ. അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. ചേർന്ന് കുറെ നേരം ഇരുന്നു. ഞാനും മുറി വിട്ടു, ഒന്നും പറയാതെ, അവന്റെ സങ്കടങ്ങളുടെ തീരാക്കയത്തിൽ അവനെ തനിച്ചാക്കി. ലിഫ്റ്റിലേക്കു നടക്കുമ്പോൾ മനസ്സ് വല്ലാതെ മരവിച്ചിരിക്കയായിരുന്നു. ഉത്തരമില്ലാത്ത ഒരുപിടി ചോദ്യങ്ങൾ ഉള്ളിൽ ഉണ്ട്. ഒന്ന് വാവിട്ട് നിലവിളിക്കണം എന്ന് തോന്നി. എന്തു കൊണ്ട് ഇങ്ങനെ. ഈ വാഴ്‌വിന്റെ വിഹ്വലതകളുടെ ഭൂമികയിൽ ഓരോ മനുഷ്യനും ഒറ്റയ്ക്കാണ്. കഴിഞ്ഞ ശനിയാഴ്ച്ച ചാൾസിന്റെ ജീവിതം കീഴ്മേൽ മറിഞ്ഞു. ഇതുവരെ സഹയാത്രികരായവർ സന്ദേഹികളായ സാക്ഷികളാകുന്നു. ഇനി അവൻ മാത്രം. പിന്നെയും ചാൾസിനെ കണ്ടു. കുറെ സമയം കൂടി കേട്ടു. അന്നവൻ കരഞ്ഞില്ല. കുറെ കൂടി യോഗാത്മകമായൊരു ഭാവം അവന്റെ മുഖത്തു മിന്നി. ഭാര്യ വന്നുപോയെന്നും വൈകിട്ടു വീണ്ടും വരുമെന്നും പറഞ്ഞു. പിന്നെയവനെ കണ്ടില്ല. അവനെ കുറിച്ചൊട്ടു കേട്ടുമില്ല. OA 157 ൽ മറ്റാരോ വന്നു പോയി. ആകസ്മിതകളുടെ ആകെത്തുകയാണ് ജീവിതം എന്ന് തോന്നുന്നു. എത്ര കാര്യങ്ങളിലാണ് നമുക്കു നിശ്ചയമുണ്ടാവുക. ഈ ദിനം വിട പറയുന്നവർ തിരികെ കൂടണയും എന്നൊരുറപ്പുമില്ല. ശരിയാണ് ഇങ്ങനെ ചിന്തിച്ചാൽ ജീവിക്കാനാവില്ല. പക്ഷെ ജീവിതത്തിന്റെ ഒഴുക്കിൽ വല്ലപ്പോഴുമെങ്കിലും അനിശ്ചിതത്വങ്ങളുടെ ഈ യുക്തിയെ ഓർക്കേണ്ടതില്ലേ?

●

## ദൈവാലയ മൂറോൻ കൂദാശയും സമർപ്പണവും



ചേറ്റുകുഴി സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിന്റെ മൂറോൻ കൂദാശയും സമർപ്പണവും സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്ക ബാവ തിരുമനസ്സിന്റെ മുഖ്യകാർമ്മികത്വത്തിലും, തിരുവല്ല അതിരൂപത ആർച്ച് ബിഷപ്പ് അഭി. തോമസ് മാർ കൂറിലോസ്, ഇടുക്കി രൂപത ബിഷപ്പ് അഭി. മാർ ജോൺ നെല്ലിക്കുന്നേൽ, കൂരിയ മെത്രാൻ അഭി. യൂഹാനോൻ മാർ തിയഡോഷ്യസ്, കാഞ്ഞിരപ്പള്ളി രൂപത സഹായ മെത്രാൻ അഭി. മാർ ജോസ് പുളിക്കൻ തുടങ്ങിയ പിതാക്കന്മാരുടെ സഹകാർമികത്വത്തിലും നടത്തപ്പെട്ടു.





ബിനു കണ്ണന്താനം
(പേഴ്സണാലിറ്റി ഡെവലപ്മെന്റ് ട്രെയിനർ
ഫോൺ: 9447212790)

# ആരാണ് ഉത്തമ അദ്ധ്യാപകൻ?

കുട്ടികളുടെ മനസ്സിന്റെ ഉള്ളിന്റെ ഉള്ളിൽ എന്നും പൂത്തുലയുന്ന മനോഹര പുഷ്പങ്ങളാകുന്ന ഓർമ്മകളും, ചിന്തകളും നിറയ്ക്കുവാൻ അദ്ധ്യാപകനു സാധിക്കണം. അല്ലാതെ അവരുടെ മനസ്സിൽ വിദ്വേഷത്തിന്റെയും, പകയുടെയും, അവഹേളനത്തിന്റെയും കാരിരുമ്പാണികൾ നിറച്ചുകയറ്റുന്നവരാകരുത്. ഇന്നത്തെ ഭൂരിപക്ഷം അദ്ധ്യാപകരുടെ മുമ്പിലും രണ്ടു തരം വിദ്യാർത്ഥികളെ ഉള്ളു: പഠിക്കുന്ന കുട്ടി, പഠിക്കാത്ത കുട്ടി. അദ്ധ്യാപകൻ ആചാര്യനായി, ഗുരുവായി മാറണം. തന്റെ ക്ലാസിൽ ഒരു കുട്ടി പ്രശ്നമുണ്ടാക്കിയാൽ അവന്റെ പ്രശ്നം എന്താണെന്ന് മനസ്സിലാക്കുവാൻ ശ്രമിക്കണം. പല കുടുംബവും നിരവധിയാർന്ന പ്രശ്നങ്ങളാൽ ഇന്ന് നീറിപ്പുകയുകയാണ്. ഈ കുടുംബപശ്ചാത്തലത്തിൽ നിന്നും മുറിവേറ്റ ഹൃദയവുമായി വരുന്ന കുട്ടികൾ അതിന്റെ പ്രതിഫലനം ക്ലാസുകളിലും അവരുടെ പ്രവൃത്തികളിലും പ്രകടിപ്പിച്ചേക്കാം. ഇതു പലപ്പോഴും മനപൂർവ്വമല്ല. മറിച്ച്, ഇവരുടെ മാനസികസംഘർഷത്തിൽനിന്ന് ഉടലെടുക്കുന്ന ഒരു പ്രതിഭാസമായി കണ്ട് അവന്റെ പ്രശ്നങ്ങൾക്ക് ഒരു കൈത്താങ്ങാകുവാൻ അദ്ധ്യാപകർക്ക് സാധിക്കണം. അല്ലാതെ ക്ലാസിൽ എഴുന്നേൽപ്പിച്ചു നിർത്തി ചോദ്യം ചെയ്യലും സ്റ്റാഫ് റൂമിൽ കൊണ്ടുപോയി വിചാരണയുമാണ് ചെയ്യുന്നതെങ്കിൽ ആ കുട്ടിയുടെ കുഞ്ഞുമനസ്സിൽ വിദ്വേഷത്തിന്റെ ആണി തറയ്ക്കുകയാണ് ചെയ്യുന്നത്. ഓരോ കുട്ടിയും ഓരോ "ഡയമണ്ട്" ആണ്. ഇവയെ എങ്ങനെ പോളിഷ് ചെയ്തെടുക്കുന്നുവോ അതിനനുസരിച്ച് ശോഭ കൂടിയും കുറഞ്ഞുമിരിക്കും.

വിദ്യാലയം ത്രിവേണി സംഗമമാകണം. അദ്ധ്യാപകനാകുന്ന ഗംഗയും വിദ്യാർത്ഥിയാകുന്ന യമുനയും മാതാപിതാക്കളാകുന്ന സരസ്വതിയും ഒത്തുചേരുന്നതാകണം വിദ്യാലയം. ചൂരൽ ചുരുട്ടിയോ, കണ്ണുരുട്ടിയോ അല്ല അദ്ധ്യാപകൻ കുട്ടികളുടെ മനസ്സിൽ സ്ഥാനം പിടിച്ചെടുക്കേണ്ടത്. മറിച്ച് അറിവിന്റെ മഹാപ്രഭാവമാകണം. പാഠ്യഭാഗങ്ങൾ ആഴത്തിൽ പഠിച്ച് പെലിക്കൻ പക്ഷി ചെയ്യുന്നതുപോലെ ചവച്ചരച്ച് പാതി ദഹിപ്പിച്ചു വേണം കുട്ടികൾക്കു പകർന്നു കൊടുക്കുവാൻ. ഇങ്ങനെയുള്ള അദ്ധ്യാപകരെ കുട്ടികൾ അവരുടെ ജീവിതകാലമത്രയും ഉള്ളിന്റെ ഉള്ളിലിട്ട് താലോലിക്കും.

ഓരോ അദ്ധ്യാപകനും സ്വയം ഒരു ആത്മപരിശോധന നടത്തണം. ഒരു ടീച്ചർ എന്ന നിലയിൽ നിങ്ങൾ നിങ്ങൾക്ക് എത്ര മാർക്ക് കൊടുക്കുന്നുവെന്ന്. ഇതിന് പല രീതികളും തേടാം. അതിൽ ഒന്നു മാത്രം സൂചിപ്പിക്കട്ടെ. സ്കൂളിന് പുറത്ത് ദൂരെയുള്ള ഏതെങ്കിലും സ്ഥലത്തുവച്ച് നിങ്ങളുടെ ഒരു വിദ്യാർത്ഥി നിങ്ങളെ കാണുമ്പോൾ ടീച്ചറേ/സാറേ എന്നു വിളിച്ച് അടുത്തു വരാറുണ്ടോ? അതോ കാണാത്ത മട്ടിൽ പോവുകയാണോ ചെയ്യുന്നത്. കുട്ടികൾ നിങ്ങളുടെ അരി

കിൽ ഓടിയെത്തിയാൽ നിങ്ങൾക്ക് എ പ്ലസ് കിട്ടി. മറിച്ചായാൽ വെറും സി. എവിടെയാണ് പിഴവ് സംഭവിച്ചതെന്ന് മനസ്സിലാക്കി സ്വയം തിരുത്തുക. ഒരു വ്യക്തിയുടെ ഏറ്റവും വലിയ ബലഹീനത സ്വന്തം ബലഹീനത തിരിച്ചറിയാൻ സാധിക്കാത്തതാണ്. നാമൊക്കെ മറ്റുള്ളവരുടെ ബലഹീനതകൾ കണ്ടുപിടിക്കാൻ ബഹുമിടുക്കരാണ്. പക്ഷേ എപ്പോഴെങ്കിലും സ്വന്തം പോരായ്മകൾ തിരിച്ചറിയാൻ ശ്രമിച്ചിട്ടുണ്ടോ എന്ന് സ്വയം ആത്മപരിശോധന നടത്തുക.

വല്ലപ്പോഴുമൊക്കെ സ്വയം പ്രേതമായി മാറി ദൂരെ മാറി നിന്ന് നമ്മുടെ പ്രവൃത്തികളെ ഒന്നു നിരീക്ഷിക്കുക. പലപ്പോഴും തല്ലു കൊടുക്കുവാൻ തോന്നും. നമ്മുടെ പ്രവൃത്തികളെ നമുക്കുൾക്കൊള്ളാൻ സാധിക്കുന്നില്ലെങ്കിൽ പിന്നെ എങ്ങനെ മറ്റുള്ളവർ നമ്മേ സഹിക്കും. നാം മറ്റൊരാളോടു മോശമായി ഇടപെടുന്ന, പ്രവർത്തിക്കുന്ന തരത്തിൽ അവർ നമ്മോടു പ്രവർത്തിച്ചാൽ നമുക്കത് എന്തു മാത്രം വിഷമം തരുമെന്ന് ചിന്തിച്ചു നോക്കുക.

പരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്നവർ മിടുക്കർ, അല്ലാത്തവർ മണ്ടർ എന്ന കാഴ്ചപ്പാടാണ് ഭൂരിപക്ഷം അദ്ധ്യാപകർക്കും ഉള്ളത്. ഈ കാഴ്ചപ്പാടു മാറ്റണം. പ്രിയ അദ്ധ്യാപകരേ, ഇങ്ങനെ മിടുക്കൻ എന്ന് നിങ്ങൾ മുദ്രകുത്തിയ വിദ്യാർത്ഥികളെല്ലാം അവരുടെ ജീവിതത്തിൽ വിജയിച്ചിട്ടുണ്ടോ. ഒരു പക്ഷേ നിങ്ങൾ മണ്ടരെന്നും കഴിവില്ലാത്തവർ എന്നും എഴുതി തള്ളിയവരാകാം അതിൽ കൂടുതൽ ജീവിതവിജയം നേടിയവർ. സ്കൂൾ, കോളജ് വിദ്യാഭ്യാസം കൊണ്ട് ഒരു വ്യക്തിയുടെ ജീവിതവിജയത്തിനാവശ്യമായ അറിവിന്റെ വെറും പതിനഞ്ച് ശതമാനം മാത്രമേ ലഭിക്കുന്നുള്ളൂ. ബാക്കി എൺപത്തിയഞ്ചു ശതമാനവും മറ്റു പല തലത്തിൽനിന്നുമാണ് ലഭിക്കുന്നതെന്ന കാര്യം വിസ്മരിക്കരുത്.

ഓരോ കുട്ടികളിലും വ്യത്യസ്തമായ പല കഴിവുകളാണ് ഉള്ളത്. അത് മനസ്സിലാക്കി ആ വിത്ത് വളർന്ന് പന്തലിക്കുവാൻ അനുയോജ്യമായ മണ്ണിൽ പറിച്ചു നടുവാൻ അദ്ധ്യാപകർക്കും അതോടൊപ്പം മാതാപിതാക്കൾക്കും സാധിക്കണം.

"അമന്ത്ര മക്ഷരം നാസ്തി
നാസ്തി മൂല മനൗഷധം
അയോഗ്യ പുരുഷോ നാസ്സി
യോജന തന്ത്ര ദുർലഭ"

സംസ്കൃതത്തിലെ പ്രശസ്തമായ ഒരു ശ്ലോകമാണിത്. ഇതിന്റെ അർത്ഥം മന്ത്രങ്ങൾക്കു പറ്റാത്ത അക്ഷരങ്ങളില്ല. ഔഷധത്തിനു പറ്റാത്ത സസ്യങ്ങളില്ല. കഴിവില്ലാത്ത ഒരു മനുഷ്യരുമില്ല. പക്ഷേ, ഇവയൊക്കെ യഥാവിധം കണ്ടെത്തി യോജിപ്പിക്കാൻ പറ്റുന്നവർ ദുർലഭം.

ഇവിടെയാണ് അദ്ധ്യാപകർ ഉണർന്നു പ്രവർത്തിക്കേണ്ടത്. തന്റെ മുമ്പിലിരിക്കുന്ന ഒരു കുട്ടിയേയും കണ്ടീഷൻ ചെയ്തെടുക്കുകയെന്ന മഹത്തായ ധർമ്മമാണ് ഓരോ അദ്ധ്യാപകരും ചെയ്യുന്നത്. പ്രിയ അദ്ധ്യാപകരേ, നിങ്ങളുടെ വാക്കുകൾകൊണ്ട്, പ്രവൃത്തികൊണ്ട് ഓരോ കുട്ടിയേയും നന്മയുടെ പാതയിലൂടെയും നയിക്കാം. അതുപോലെ, തിന്മയുടെ പാതയിലൂടെയും നയിക്കാം.

അദ്ധ്യാപകവൃത്തി ഒരു ഉപജീവന മാർഗ്ഗമായി കാണാതെ ലോകത്തിലെ ഏറ്റവും മഹനീയമായ സത്കർമ്മമായി കണ്ട് അതനുസരിച്ച് ഉയരുവാൻ ഓരോ അദ്ധ്യാപകർക്കും സാധിക്കണം.

●




## Matrimonial

### Matrimony - M 269

മലങ്കര കത്തോലിക്ക യുവാവ്, 29/163, M.Tec, Assistant Professor (Private College) സ്വദേശത്തോ വിദേശത്തോ ജോലിയുള്ള M.Tec, B.Tec പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Contact : 9947198707, 9447359017-

### Matrimony - M 270

തിരുവല്ല അതിരൂപതാംഗമായ (കട്ടപ്പന-മേരിഗിരി ഇടവക) യുവാവ്, 23 വയസ്സ്, പുറ്റടി-കൊച്ചറ ടൗണിൽ സ്വന്തമായി ബിസിനസ്, നല്ല കുടുംബ പശ്ചാത്തലമുള്ള മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Contact : 9961440837, 8589930269



## വിവാഹ ഒരുക്ക സെമിനാർ 2018-2019

**സ്ഥലം: ശാന്തിനിലയം, തിരുവല്ല**
**ഫോൺ: 0469-2603968, 9447823752**

| | | |
|---|---|---|
| ഡിസംബർ | - | 4,5,6 - 18,19,20 |
| 2019 ജനുവരി | - | 8,9,10 - 22,23,24 |
| 2019 ഫെബ്രുവരി | - | 5,6,7 - 19,20,21 |

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 1000 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.

## ആരോഗ്യദീപം



# ഗർഭിണികളിലെ ഹൃദ്രോഗം



**ഡോ. സാജൻ അഹമ്മദ്, MD DM DNB**
**കാർഡിയോളജിസ്റ്റ്, പുഷ്പഗിരി മെഡിക്കൽ കോളേജ്**

**മാ**തൃഹൃദയം തുളുമ്പുക എന്നത് പ്രകൃതിയിലെ ഏറ്റവും മനോഹരമായ പ്രതിഭാസങ്ങളിലൊന്നാണ്. എന്നാൽ, ഗർഭാവസ്ഥയിൽ ചിലപ്പോൾ ഉണ്ടാകുന്ന ഹൃദ്രോഗങ്ങൾ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യത്തെ ബാധിക്കാം. ഇത്തരം സാഹചര്യങ്ങളെക്കുറിച്ചും, പ്രതിവിധികളെക്കുറിച്ചും നമുക്ക് ലഘുവായി മനസ്സിലാക്കാം. 'പത്തു മാസം ചുമക്കുക' എന്ന പ്രയോഗം പോലെ പത്തു ചോദ്യങ്ങളിലൂടെ...

**Q1. ഗർഭിണിയായ അമ്മയുടെ ഹൃദയത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് നോർമലായി ഉണ്ടാകുന്നത്?**



**A1.** ഹൃദയത്തിൽ സന്തോഷം ഉണ്ടാകുന്നതിന്റെ കൂടെ മറ്റുചില മാറ്റങ്ങളും നോർമലായി സംഭവിക്കും. ഹൃദയമിടിപ്പിന്റെ വേഗത കൂടുന്നു. രണ്ടു ജീവന്റെ സംരക്ഷണത്തിനായി ഹൃദയം കൂടുതൽ ശക്തിയോടെ അധിക രക്തം പമ്പ് ചെയ്യുന്നു.

**Q2. ഹൃദ്രോഗികൾക്ക് സാധാരണയായി ഉണ്ടാകാറുള്ള പല ലക്ഷണങ്ങളും ചിലപ്പോൾ നോർമൽ പ്രഗ്നൻസിയിൽ കാണാറുണ്ടല്ലോ... എന്താണിതിന്റെ പ്രസക്തി?**



**A2.** മാസങ്ങൾ പുരോഗമിക്കുമ്പോൾ ചെറിയ രീതിയിലുള്ള നെഞ്ചിടിപ്പ് (പ്രത്യേകിച്ച് നടക്കുന്നതിനു ശേഷം), ക്ഷീണം, കാലുകളിൽ ഒരല്പം നീര് എന്നിവയൊക്കെ സാധാരണയായി കാണാറുണ്ട്. ഇവയെയൊന്നും ഭയപ്പെടേണ്ട കാര്യമില്ല. എന്നാൽ, ഈ ലക്ഷണങ്ങളോ ശ്വാസംമുട്ടലോ മറ്റോ സാധാരണ പരിധിയിൽ കൂടുതൽ അനുഭവപ്പെടുന്നുണ്ടെങ്കിൽ തീർച്ചയായും ഡോക്ടറെ അറിയിക്കുകയും വേണ്ട പരിശോധന ചെയ്യേണ്ടതുമാണ്.

**Q3. ഗർഭിണികളിൽ ഏറ്റവും കൂടുതൽ കണ്ടുവരുന്ന 'കാർഡിയോളജി പ്രശ്നം' എന്താണ്?**


**A3.** Hypertension (അധിക രക്തസമ്മർദ്ദം) 10–15 വരെ ഗർഭിണികളിൽ ലോകമെമ്പാടും കാണാറുണ്ട്. Gestational hypertension എന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത്. സാദാരണ 20 ആഴ്ചകൾക്ക് (5 മാസങ്ങൾക്ക്) ശേഷമാണ് ഇത് കാണുന്നത്. ആജ വളരെ കൂടുതലാണെങ്കിൽ ഡോക്ടറുടെ നിർദ്ദേശാനുസരണം മരുന്നുകൾ കഴിക്കേണ്ടിവരാം. അമ്മയ്ക്കും ഗർഭസ്ഥ ശിശുവിനും പാർശ്വഫലങ്ങൾ ഇല്ലാത്ത രീതിയിലുള്ള മരുന്നുകൾ ഭാഗ്യവശാൽ ലഭ്യമാണ്. BP നിയന്ത്രണത്തിലല്ലെങ്കിൽ അത് അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യത്തിന് ഹാനികരമാകാം. ഗർഭിണിയായിരിക്കുമ്പോൾ Hypertension ഉണ്ടാകുന്ന സ്ത്രീകളിൽ ചിലർക്ക് ഭാവിയിൽ സ്ഥിരമായി ആജ കൂടാൻ സാധ്യതയുമുണ്ട്.



**Q4. റുമാറ്റിക് ഹാർട്ട് ഡിസീസ് (Rhumatic Heart Disease) ഗർഭിണികളിൽ കാണാറുണ്ടോ?**

**A4.** ഇന്ത്യയെപ്പോലെയുള്ള പല രാജ്യങ്ങളിലും

ഇത് കാണാറുണ്ട്. ഹൃദയത്തിലെ വാൽവുകളുടെ ലീക്ക്, ചുരുക്കം മുതലായ പ്രശ്നങ്ങളാണ് ഇവ. ലീക്കുകൾ സാധാരണ വലിയ പ്രശ്നങ്ങൾ ഉണ്ടാക്കാറില്ലെങ്കിലും, ഗൗരവമായ ചുരുക്കം (eg: mitral valve stenosis) മൂലം ശ്വാസംമുട്ടലും മറ്റും ഉണ്ടാകാൻ സാധ്യതയുണ്ട്. അതിനാൽ ഇത്തരം രോഗങ്ങളുള്ളവർ ഗർഭിണിയാകുന്നതിനു മുമ്പുതന്നെ ഡോക്ടറുടെ ചെക്കപ്പും അഭിപ്രായവും തേടേണ്ടതാണ്.




**Q5. ഗർഭിണികൾക്ക് ഹാർട്ട് ഫെയ്‌ലിയർ (പമ്പിങ്ങിന്റെ കുറവ്) ഉണ്ടാകാമോ?**

**A5.** ഭാഗ്യവശാൽ അപൂർവമായി മാത്രം കാണപ്പെടാറുള്ള ഈ രോഗത്തിന്റെ പേര് 'Peripartum Cardiomyopatry' എന്നാണ്. സാധാരണ ഡെലിവറിക്ക് മുമ്പോ അതിനു ശേഷമോ ഉള്ള മൂന്നു മാസങ്ങൾക്കുള്ളിലാണ് ഇത് സംഭവിക്കുന്നത്.



ഹാർട്ട് പമ്പ് ചെയ്യുന്നതിന്റെ ശക്തി കുറയുകയും ഇതുമൂലം ശ്വാസംമുട്ടൽ, നീര് എന്നിവ ഉണ്ടാവുകയും ചെയ്യുന്നു. കൃത്യമായ ചികിത്സ ഇതിനു നല്കേണ്ടതാണ്. ഇങ്ങനെ ഒരിക്കൽ ഉണ്ടായാൽ ആ സ്ത്രീക്ക് ഭാവി പ്രഗ്നൻസികളിലും ഇത് ഉണ്ടാകാനുള്ള സാധ്യത വളരെ കൂടുതലായതിനാൽ അത് ഒഴിവാക്കേണ്ടതാണ്.

**Q6. ഹൃദയത്തിന്റെ വാൽവുകൾ ഓപ്പറേഷൻ മൂലം മാറ്റിവച്ച ഒരു സ്ത്രീ ഗർഭിണിയാകുമ്പോൾ ശ്രദ്ധിക്കേണ്ടതെന്താണ്?**

**A6.** ആദ്യം തന്നെ ഗർഭിണിയാകുന്നതിനു മുൻപ് ഡോക്ടറുടെ നിർദ്ദേശം തേടേണ്ടത് വളരെ പ്രധാനമാണ്. വാൽവിൽ രക്തകട്ട ഉണ്ടാകാതിരിക്കാൻ കഴിക്കുന്ന മരുന്നിന്റെയോ, ഇൻജക്ഷന്റെയോ ഡോസും മറ്റും കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.




**Q7. ഗർഭിണികളിൽ 'ഹാർട്ട് അറ്റാക്ക്' കാണാറുണ്ടോ?**



**A7.** വളരെ വളരെ അപൂർവമാണ്. Coronary artery dissection എന്ന കാരണമാണ്. കൂടുതലായും കാണുന്നത്. പ്രായക്കൂടുതലുള്ള ഗർഭിണികളിലാണ് കൂടുതൽ സാധ്യത.

**Q8. ഗർഭിണികളിൽ കൊളസ്ട്രോൾ (cholesterol) കൂടാമോ?**




**A8.** ചില ഗർഭിണികളിൽ കൊളസ്ട്രോൾ കൂടാറുണ്ട്. ഇതിനു പ്രത്യേകിച്ച് ചികിത്സ ആവശ്യമില്ല; ഡെലിവറി കഴിയുമ്പോൾ നോർമൽ ആകാറുമുണ്ട്. വളരെ പ്രധാനപ്പെട്ട കാര്യം ഇതാണ് – സാധാരണജനങ്ങൾ cholesterol കുറയ്ക്കാൻ ഉപയോഗിക്കുന്ന Statin എന്ന മരുന്ന് (eg: Atorvastatin, Rosuvastatin) ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും കഴിക്കാൻ പാടില്ല! പ്രഗ്നൻസി പ്ലാൻ ചെയ്യുന്ന സ്ത്രീകൾക്കും ഇതു ബാധകമാണ്.

**Q9. ഡീപ് വെയിൻ ത്രോമ്പോസിഡ്/പൾമണറി എംബോളിസം (Deep vein Thrombosis/ pulmonary embolism) എന്നാലെന്ത്?**

**A9.** കാലിൽ രക്തകട്ട ഉണ്ടാവുകയും അത് രക്തധമനികളിലൂടെയും ഹൃദയത്തിലൂടെയും കടന്ന് ശ്വാസകോശത്തിലെത്തുന്ന ഗൗരവമായ രോഗമാണിത്. ആവശ്യത്തിനുള്ള നടത്തവും, ലഘുവ്യായാമവും മറ്റും ചെയ്യാത്തവരിലും, അമിതവണ്ണം, ഹോർമോൺ ചികിത്സ എടുക്കുന്നവരിലും മറ്റുമാണ് ഇത് കൂടുതലായി കണ്ടുവരുന്നത്. ഈ രോഗം തടയാനുള്ള മുൻകരുതലുകൾ ഡോക്ടറുടെ നിർദ്ദേശാനുസരണം എടുക്കുന്നു എന്നത് വളരെ പ്രധാനമാണ്.



**Q10. ഹൃദ്രോഗമുള്ള ഗർഭിണികൾക്ക് ഏതു രീതിയിലുള്ള ഡെലിവറി ആണ് സ്വീകരിക്കേണ്ടത്?**

**A10.** ഹൃദ്രോഗം ഏതാണ്, അതിന്റെ കാഠിന്യം, രോഗലക്ഷണങ്ങൾ, മരുന്നുകൾ എന്നിവയെക്കുറിച്ചുള്ള കാർഡിയോളജിസ്റ്റിന്റെയും അനസ്തീഷ്യ ഡോക്ടറുടെയും അഭിപ്രായങ്ങൾ, പ്രഗ്നൻസിയുമായി ബന്ധപ്പെട്ട് അമ്മയുടെയും ഗർഭസ്ഥശിശുവിന്റെയും ആരോഗ്യനിലവാരം തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള ഗൈനക്കോളജിസ്റ്റിന്റെയും അഭിപ്രായങ്ങളും കൂട്ടിയിണക്കി ഒരു Pregnancy Heart Team ആയാണ് തീരുമാനം എടുക്കുന്നത്. നോർമൽ ഡെലിവറി സാധ്യമാണെങ്കിൽ അതായിരിക്കാം സ്വീകരിക്കുന്നത്. എന്നാൽ അതിനു തടസ്സങ്ങളുള്ള സാഹചര്യത്തിൽ സിസേറിയൻ സെക്ഷൻ വേണ്ടിവരും.



**അടിക്കുറിപ്പ്:** *ഗർഭിണിയായ സ്ത്രീ ആരോഗ്യപരിപാലനത്തിനായി സ്വീകരിക്കുന്ന മാർഗങ്ങൾ എപ്പോഴും ഡോക്ടറുടെ നിർദ്ദേശപ്രകാരമായിരിക്കണം. ഈ പംക്തിയിലെ വിവരങ്ങൾ ഓരോ ഗർഭിണിയുടെയും രോഗത്തിന്റെയും സ്ഥിതിയനുസരിച്ച് മാത്രം ഉൾക്കൊള്ളേണ്ടതാണ്.*




# കുട്ടികൾക്കുള്ള കഥകൾ

പ്രൊഫ. ഡോ. ബാബു ഫിലിപ്പ്



## മനുഷ്യാവതാരം



**ഒ**ന്നാം ക്ലാസ്സിൽ പഠിക്കുന്ന ബാബുമോന് മൃഗങ്ങളെ വലിയ ഇഷ്ടമാണ്. ഒരിക്കൽ, ഉറുമ്പുകൾ വരിവരിയായി നീങ്ങുന്നത് ശ്രദ്ധയോടെ നിരീക്ഷിച്ച അവൻ കണ്ടു, അവ തിരക്കുള്ള റോഡിനു കുറുകെയാണ് നീങ്ങുന്നത് എന്ന്. ധാരാളം വാഹനങ്ങൾ നിരന്തരം ഓടുന്ന റോഡിനു കുറുകെ പോയാൽ ഉറുമ്പുകൾ ചതഞ്ഞരഞ്ഞു പോകാനിടയുണ്ട് എന്ന് ഓർത്ത് അവന്റെ കുഞ്ഞു മനസ്സ് വേദനിച്ചു. അവൻ ഉറുമ്പുകളോട് വഴിയിലെ അപകടത്തെപ്പറ്റി ഉറക്കെപറഞ്ഞു. പക്ഷേ അവ പ്രതികരിച്ചില്ല. സങ്കടത്തോടെ അവൻ പപ്പയോട് പറഞ്ഞു, ''പപ്പാ, ഈ ഉറുമ്പുകൾ വണ്ടികളുടെ അടിയിൽ പെട്ട് ചത്തുപോകും. റോഡിലൂടെ പോവണ്ട എന്ന് ഞാൻ പറഞ്ഞിട്ട് അവയ്ക്ക് മനസ്സിലാകുന്നില്ല. ഞാൻ ഒരു ഉറുമ്പായി മാറിയിരുന്നെങ്കിൽ, അവയുടെ ഭാഷയിൽ സംസാരിച്ച് അവരോട് ആ കാര്യം അറിയിക്കാമായിരുന്നു.''

പപ്പ അവനോടു പറഞ്ഞു, ''ഇതു പോലെ മനുഷ്യർ പാപത്തിൽ വീണ് നശിക്കാതിരിക്കാൻ, മനുഷ്യനെ രക്ഷിക്കാനാണ് ദൈവം മനുഷ്യന്റെ രൂപത്തിൽ, യേശുവായി വന്ന്, മനുഷ്യന്റെ ഭാഷയിൽ നമ്മെ പഠിപ്പിച്ചത്.''

## ഹർത്താൽ



അന്ന് ഹർത്താൽ ആയിരുന്നു. വഴിയിലൂടെ വാഹനങ്ങൾ ഓടിയില്ല. ഡോക്ടർ സണ്ണി സ്വന്തം കാറിൽ ആശുപത്രിയിലേക്ക് പുറപ്പെട്ടു. "DOCTOR" എന്ന് എഴുതി ഒട്ടിച്ചിരുന്നതിനാൽ സമരക്കാർ കാർ കടത്തിവിട്ടു. വഴിയിലൂടെ, വലിയ ഭാരമുള്ള ഒരു ഭാണ്ഡം തലയിൽ ചുമന്നുകൊണ്ടു നടക്കുന്ന ഒരു വൃദ്ധനെ കണ്ട ഡോക്ടർ കാർ നിർത്തി. അദ്ദേഹം വൃദ്ധനെ കാറിന്റെ പിൻസീറ്റിൽ കയറ്റി. കുറേ മുന്നോട്ടു പോയപ്പോൾ, കണ്ണാടിയിൽ കണ്ട കാഴ്ച ഡോക്ടറെ ഞെട്ടിച്ചു. കാറിൽ ഇരുന്ന വൃദ്ധൻ ഭാണ്ഡം തലയിൽ തന്നെവച്ചിരിക്കുന്നു. ഡോക്ടർ വൃദ്ധനോട് ചോദിച്ചു, ''ചേട്ടാ, ആ ഭാരമുള്ള ഭാണ്ഡം കാറിന്റെ സീറ്റിൽ വയ്ക്കാമായിരുന്നല്ലോ. എന്തിനാ വെറുതെ ഭാരം ചുമക്കുന്നത്?''

വൃദ്ധൻ പറഞ്ഞു, ''അത് സാരമില്ല, സാറേ. എന്നെ ഇത്രയും ദൂരം നടത്താതെ കൊണ്ടുവന്നത് തന്നെ വലിയ ഉപകാരമാണ്. ഇനി ഈ ഭാരം കൂടി സാറിന്റെ കാർ താങ്ങേണ്ടല്ലോ എന്നോർത്തു.''പാവം ചേട്ടന്റെ അറിവില്ലായ്മ ഓർത്ത് ഡോക്ടർ അതിശയിച്ചു.

പാപത്തിന്റെ ഭാരവും ചുമന്നു നടക്കുന്ന നമ്മെ ദൈവം കരുണാർദ്രമായ സ്നേഹത്തോടെ തന്റെ അടുത്തേക്ക് ക്ഷണിക്കുന്നുണ്ട്. പക്ഷേ ആ ക്ഷണം സ്വീകരിച്ച പലരും സ്വന്തം പാപഭാരം ദൈവസന്നിധിയിൽ ഇറക്കി വയ്ക്കാതെ അതും ചുമന്ന് ജീവിതയാത്ര തുടരുന്നു. നമുക്ക് നമ്മുടെ പാപഭാരം അനുതാപത്തോടെ ദൈവസന്നിധിയിൽ ഇറക്കിവയ്ക്കാം. സന്തുഷ്ടമായ, സംതൃപ്തമായ, സംശുദ്ധമായ മനസ്സോടെ മുന്നോട്ടു നീങ്ങാം.

## പറക്കുന്ന പന്നി

**വേ**ദപാരംഗതനായ വി. തോമസ് അക്വിനാസ് ക്രൈസ്തവ സഭയിലെ പ്രഗത്ഭനായ ദൈവശാസ്ത്രജ്ഞനും പ്രശസ്തനായ തത്വശാസ്ത്രജ്ഞനും ആയിരുന്നു. പഠനത്തിൽ അതിസമർത്ഥനായിരുന്ന അദ്ദേഹം ഒരിക്കലും ഒരു കള്ളവും പറഞ്ഞിരുന്നില്ല. ജീവിത വിശുദ്ധിയും സത്യസന്ധതയും അദ്ദേഹത്തിന്റെ സവിശേഷതകൾ ആയിരുന്നു. ആശ്രമത്തിലെ സഹസന്ന്യാസികൾ പലപ്പോഴും അദ്ദേഹത്തെ കളിയാക്കിയിരുന്നു. ഒരിക്കൽ ഒരു സന്ന്യാസി അദ്ദേഹത്തോട് പറഞ്ഞു, 'തോമസേ, ഈ ജനലിലൂടെ ഒന്ന് നോക്കിക്കേ, ആകാശത്തിലൂടെ ഒരു പന്നി പറക്കുന്നത് കാണാം.'' വി. തോമസ് ഉടനെ ജനലിന്റെ അടുത്തെത്തി ആകാശത്തേക്ക് നോക്കി. കൂട്ടുകാർ അദ്ദേഹത്തെ കളിയാക്കി ചിരിച്ചു. വി. തോമസ് അക്വിനാസ് പറഞ്ഞു, ''ഒരു സന്ന്യാസി കള്ളം പറയും എന്ന് കരുതുന്നതിനെക്കാൾ എളുപ്പം ഒരു പന്നി പറക്കും എന്ന് വിശ്വസിക്കുന്നതാണ്.''



ഒരു സത്യം പറയുമ്പോൾ ചിലപ്പോൾ നമുക്ക് കഷ്ടമോ നഷ്ടമോ ഉണ്ടായേക്കാം. ഒരു കള്ളം പറഞ്ഞാൽ ചിലപ്പോൾ പണമോ പദവിയോ ലഭിച്ചു എന്ന് വരാം. എന്നാൽ ഏതു സാഹചര്യത്തിലും സത്യം മാത്രം പറയുന്നവർ എന്നും സംശുദ്ധമായ മനസ്സാക്ഷിയോടെ സന്തുഷ്ടമായ ജീവിതം നയിക്കും.



## എം.സി.സി.എൽ. ബൈബിൾ ക്വിസ്

തയ്യാറാക്കിയത് :
**സി. അലീന എസ്.ഐ.സി.**
ഡിസംബർ 2018

1. നഗരവീഥിയുടെ മധ്യത്തിൽ നദിയുടെ ഇരുഭാഗങ്ങളിലായി എത്രതരം ഫലങ്ങൾ കായ്ക്കുന്ന ജീവന്റെ വൃക്ഷം നിൽക്കുന്ന എന്നാണ് വെളിപാടുപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ?
2. ദാഹിക്കുന്നവനു എന്തിന്റെ ഉറവയിൽ നിന്നു സൗജന്യമായി കൊടുക്കുമെന്നാണ് സിംഹാസനത്തിലിരിക്കുന്നവർ പറഞ്ഞിരിക്കുന്നത്?
3. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുകൊള്ളുന്നവർ ആരാണ്?
4. ആരൊക്കെയാണ് രണ്ടാമത്തെ മരണമായ അഗ്നിത്തടാകത്തിലേക്ക് എറിയപ്പെട്ടത്?
5. കുഞ്ഞാടിന്റെ വിവാഹം സമീപിച്ചിരിക്കുന്നു. അവിടുത്തെ മണവാട്ടി അണിഞ്ഞൊരുങ്ങിക്കഴിഞ്ഞു. എപ്രകാരമുള്ള വസ്ത്രമാണ് മണവാട്ടി ധരിച്ചത്?
6. വേശ്യകളുടെയും ഭൂമിയിലെ മ്ലേച്ഛതകളുടെയും മാതാവെന്ന് ഏതുനഗരത്തെയാണ് വിശേഷിപ്പിച്ചിരിക്കുന്നത്?
7. 'ഹർമാഗെദോൻ' ഏതു ഭാഷയിലുള്ള സ്ഥലമാണ്?
8. വെള്ളച്ചാട്ടത്തിന്റെ ഇരമ്പൽ പോലെയും വലിയ ഇടിനാദം പോലെയും സ്വർഗത്തിൽ നിന്ന് ഒരു സ്വരം ഞാൻ കേട്ടു. ആ സ്വരം എപ്രകാരമുള്ളതായിരുന്നു?
9. ചാക്കുടുത്ത് പ്രവചിക്കാൻ രണ്ട് സാക്ഷികൾക്ക് അനുവാദം നല്കിയത് എത്ര ദിവസം?
10. യോഹന്നാൻ വെളിപാടുഗ്രന്ഥം ആർക്കാണ് എഴുതിയത്?

*N.B* : ഉത്തരങ്ങൾ ജനുവരി 10 ന് മുൻപായി **തിയോളജിക്കൽ & കാറ്റകെറ്റിക്കൽ സെന്റർ, സമീക്ഷ, കുളക്കാട്, തിരുവല്ല - 689 101** എന്ന മേൽവിലാസത്തിലേക്ക് അയച്ചുതരിക

തയ്യാറാക്കിയത് :
**സി. അലീന എസ്.ഐ.സി.**

## ബൈബിൾ ക്വിസ് ശരി ഉത്തരം

**നവംബർ 2018**

1. പിതാവിന്റെ അനുഗ്രഹം (പ്രഭാ. 3:9)
2. കേൾക്കുന്നതിൽ ജാഗരൂകത. മറുപടി പറയുന്നതിൽ അവധാനവും (പ്രഭാ. 5:11)
3. സ്വർണ്ണത്തിന്റെ നാടായ ഹവിലാ മുഴുവൻ (ഉത്പത്തി 2:11)
4. കീല് തേയ്ക്കണം (ഉത്പത്തി 6:14)
5. യോനായ്ക്കു തണലും ആശ്വാസവും നൽകാൻ (യോന 4:6)
6. അബ്രാഹത്തോടൊത്ത് (ഗലാ. 3:9)
7. ലിസ്ത്രാ (അപ്പസ്. 16:1)
8. അബിയായുടെ (ലൂക്കാ 1:5)
9. ലൂക്കാ 4:1-13
10. അവകാശമായിട്ട് (റോമ 4:4)

### ബൈബിൾ ക്വിസ് നവംബർ 2018, മത്സരവിജയികൾ

**1. റെയ്ച്ചൽ തോമസ്,** സെന്റ് ജോസഫ് മലങ്കര കാത്തലിക് ചർച്ച് മുക്കൂർ, **2. മേരിക്കുട്ടി ഈപ്പൻ,** സെന്റ് മേരീസ് മലങ്കര കാത്തലിക് ചർച്ച് കുമ്പളന്താനം, **3. റീബ മേരി ഫ്രാൻസിസ്,** സെന്റ് ജോസഫ്സ് മലങ്കര കാത്തലിക് ചർച്ച് കരികുളം, റാന്നി, **4. ലിയ മേരി തോമസ്,** സെന്റ് തോമസ് മലങ്കര കാത്തലിക് ചർച്ച് നീരേറ്റുകാവ്, റാന്നി.

**പങ്കെടുത്തവർ : 1. ജോവിറ്റ ആൻ റ്റോംസ്,** സെന്റ് തോമസ് മലങ്കര കാത്തലിക് ചർച്ച് തേക്കുങ്കൽ **2. ജേക്കബ് പി.എ.,** സെന്റ് മേരീസ് മലങ്കര കാത്തലിക് ചർച്ച്, ആലപ്പുഴ, **3. അബിഗെയ്ൽ അന്ന ബിജു,** സെന്റ് മേരീസ് മലങ്കര കാത്തലിക് ചർച്ച്, മുക്കൂട്ടുതറ


**ഉപകാരസ്മരണ**



ഒരു വിശ്വാസി കുമ്പനാട്

**ഉപകാരസ്മരണ**



ഒരു വിശ്വാസി കടക്കി, പൂനെ

**ഉപകാരസ്മരണ**



ഒരു വിശ്വാസി കല്ലിശ്ശേരി

**ഉപകാരസ്മരണ**



ഒരു വിശ്വാസി കല്ലിശ്ശേരി



# MEASURES FOR CHILD PROTECTION IN INDIA



**Dr. JOHN MENACHERY**
Prof-Principal
Matru Sewa Sangh Institute of Social Work
Nagpur

The 2011 census indicated that India is home to almost 19% of the world's children. More than one third of India's population is below the age of 18 years. The first piece of law in India which made an attempt to cater to children within the criminal justice system was the 'Apprentice Act' of 1850, which empowered the criminal courts to give some concession to convicted children in the age group of 10-18 by providing them with vocational training for their rehabilitation. Later on, the 'Reformatories Schools Act' in 1897 separated, for the first time, children from adults in the criminal justice system. Subsequently, following the recommendations of the Indian Jails Committee 1919-1920, the Madras Children Act 1920 was introduced. Later on, a series of provincial legislations like the Bengal Children Act 1922 and the Bombay Children Act 1924 came into being, heralding the beginning of the juvenile justice system in India. A Central enactment, called the 'Children Act' was also passed in 1960 which was applicable only to Union Territories. Subsequently, to bring in uniformity to the juvenile justice system, the 'Juvenile Justice Act' 1986, applicable uniformly across the country, was enacted.

Recognizing the fact that children require extra care and protection for their development, in 1989, the United Nations General Assembly adopted the 'Convention on the Rights of the Child (UNCRC)', which was ratified by India in 1992. In order to comply with the provisions of UNCRC, the 'Juvenile Justice Act' 1986 was amended and reenacted as the Juvenile Justice (Care and Protection of Children) Act in 2000. Subsequently, the Act was amended many times, latest being in 2015. The juvenile justice system in India today is governed by this important piece of legislation which classifies children into two categories, namely, 'Juveniles in Conflict with Law' and 'Children in Need of Care and Protection (CINCAP)'.

The JJ Act defines any child who is found without a home or settled place of stay and without any apparent means to lead a life as CINCAP. It also includes such children who reside with a person who is likely to cause harm to them. The following ten categories of children fall under CINCAP: 1. Mentally or physically challenged/ill children or children suffering from terminal or incurable diseases having no one to support them; 2. Children whose parent or guardian is unfit or incapacitated to exercise control over the child; 3. Orphan children or children whose parents are unwilling to take care of them; 4. Abandoned & surrendered children; 5. Missing or runaway children whose parents cannot be found; 6. Children who are abused, sexually abused or are likely to be abused; 7. Children who are forced to do illegal acts; 8. Children who are substance abusers or who are vulnerable and likely to be inducted into substance abuse; 9. Children who are likely to be abused for unreasonable gains; and 10. Children who are victimized by armed conflict or natural calamity. The decision making apparatus for 'Children in Need of Care and Protection' is called the 'Child Welfare Committee (CWC)', which is the final authority to dispose of cases for the care, protection, treatment, development and rehabilitation of children as well as to provide for their basic needs and protection of their human rights. CINCAP may be produced before the CWC by any person, like a Police Officer, a Child Welfare Officer, CHILDLINE 1098, NGO representative, or any citizen, or the child himself/ herself.

To provide institutional care for children and juveniles under the juvenile justice system the State Government is required to establish and maintain the following four types of institutions: 1. Observation Homes, 2. Special Homes, 3.

Children's Homes, and 4. Shelter Homes/ 'drop-in-centres'. In addition, 'Fit Institutions' run by voluntary organizations are also recognized. All such Institutions are required to be registered under the JJ Act. A child who is treated as CINCAP may be sent to a residential institution till suitable rehabilitation is arranged. If no such rehabilitation is possible, then the child will remain in the institution till she/he attains the age of 18 years. It is an established fact that institutionalization deprives the child of many basic rights, including family environment. It has also been observed that many children in institutions are subjected to various forms of exploitation within the institutions, including sexual exploitation. On the whole, they are likely to go through many negative experiences in such large, depersonalized institutions and are also likely to carry a fair degree of social stigma. Institutionali zation is also an expensive proposition, as their maintenance requires considerable financial and human resources. Therefore institutionalization is considered as the last option. Instead restoration of a CINCAP to its biological family, or its adopted parents, or foster parents is considered as the prime objective of children's institutions today. In case of abandoned children (infants), the police is required to seek the assistance of an approved voluntary organization or a social worker and arrange to provide immediate medical assistance to the child. The child is then to be shifted to a foundling home or to the care of a fit person/fit institution after informing the CWC, which subsequently has to take a decision in the best interest of the child.

The JJ Act also provides for setting up of 'after care facilities' for those children who are released from institutions on their completion of 17 years of age. Such after care organizations are expected to take care of children after they leave institutions till they attain the age of twenty years. However, in reality there are very few such facilities in existence.

Another important protective feature of the JJ Act is that it provides for punishments for 'Special Offences' against children, such as: 1. Disclosure of identity; 2. Cruelty against child; 3. Employment of child for begging; 4. Giving intoxicating liquor or narcotic drug; 5. Using a child for vending or peddling, drugs; 6. Employing children for profit; 7. Adoption without following procedures; 8. Sale or procurement of children; 9. Corporal punishments; 10. Kidnapping; 11. Use of children by militant groups; and 12. Offences on disabled children. All these offences are cognizable and the offender could be arrested without a warrant. The punishment for such offences against children attracts imprisonment for periods ranging from 6 months to three years and also fine.

As part of India's child protection policy, a new piece of legislation called the 'Protection of Children from Sexual Offences (POCSO) Act' has been enacted in 2012. It is the first comprehensive law in India to protect children from sex abuse. Prior to this law, sexual offences against children could only be prosecuted using IPC sections 375 against rape, 354 outraging the modesty of a woman, and 377 unnatural offences. However, due to numerous loopholes in these provisions the IPC had failed in protecting children against sexual abuse, necessitating a more effective legislation. The POCSO Act provides a robust legal framework against child sex abuse.

Thousands of children go missing in India every year. According to the National Crime Records Bureau (NCRB), a total of 68,874, 60,443, and 63,407 children were reported missing during the year 2014, 2015 and 2016 respectively. Many of these missing children are feared to be victims of child trafficking. To deal with this issue the Ministry of Women and Child Development (WCD) has now developed web portals, namely "TrackChild" and "Khoya-Paya" in 2015 to track the missing children (http://khoyapaya.gov.in). The TrackChild Portal is implemented in association with various stakeholders including Ministry of Home Affairs, Ministry of Railways, State Governments/UT Administrations, Child Welfare Committees, Juvenile Justice Boards, National Legal Services Authority, etc. and the "Khoya-Paya" has been integrated as a citizen corner on TrackChild portal. It is also now mandatory for police to register an FIR in the case of a missing child. According to the WCD Ministry, a total of 5427 children were tracked and recovered on Khoya-Paya during June 2015 to July 2018.

One more initiative for child protection is a telephone helpline for child protection which came into existence for the first time in India in 1996. Brand named as 'Childline 1098', this four digit helpline, is envisaged as an emergency service for children which reaches out to the caller when necessary, and provide the required intervention within the least possible time with the backup of a well connected network of partner organizations. Both voluntary sector organizations and academic institutions collaborated to make this venture possible with the active support of the Union and State Governments in India, the Telecom Ministry and the Corporate Sector. By 2015-2016, Childline grew into a countrywide network of 670 partner organizations and the service is now available to children in 406 cities/districts across 29 states and five Union Territories in India. In addition, the WCD Ministry in collaboration with Ministry of Railways has initiated the 'Railway Childline' to rescue and rehabilitate children in difficult circumstances who come in contact with the Railways. This service is now available at 33 major railway stations.

With a view to further strengthen and monitor child rights, the Government of India constituted the 'National Commission for Protection of Child Rights' in 2007. Similarly, in every state, 'State Commissions for Protection of Child Rights' have also been established as the statutory body to protect, promote and defend child rights. It is hoped that with these multi pronged initiatives, protection of children in India will not remain as a mere rhetoric. ●

# സമീക്ഷ
## മതബോധനകേന്ദ്രം, തിരുവല്ല അതിരൂപത

**1. സ്കോളർഷിപ്പ് പ്രഖ്യാപിച്ചു.**

അതിരൂപത Sapienza Bible Quiz ൽ പങ്കെടുത്തതിൽ അർഹരായ കുട്ടികൾക്ക് അതിരൂപതാദ്ധ്യക്ഷൻ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത സ്കോളർഷിപ്പ് പ്രഖ്യാപിച്ചു. സമാപന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുകയും സമ്മാനദാനം നിർവ്വഹിക്കുകയും ചെയ്തു.

**3. സണ്ടേസ്കൂൾ വാർഷികപരീക്ഷ**

വാർഷിക പരീക്ഷ നേരത്തെ അറിയിച്ച തീയതികളിൽ നിന്നും വ്യത്യാസം വരുത്തിയിട്ടുണ്ട്. 1 മുതൽ 9 വരെയും 11-ാം ക്ലാസ്സിലേയും കുട്ടികൾക്കുള്ള വാർഷികപരീക്ഷ 2019 ജനുവരി 13-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ അതാതു ഇടവകകളിൽ നടത്തപ്പെടുന്നു. ഇതോടൊപ്പം 10, 12 ക്ലാസ്സുകളിലെ മോഡൽ പരീക്ഷയും നടത്തുന്നതാണ്. 10, 12 ക്ലാസ്സുകളിലെ വാർഷിക പരീക്ഷ 2019 ജനുവരി 27-ാം തീയതി ഞായറാഴ്ച 2 മുതൽ 5 വരെ അതാതു മേഖലകളിൽ നടത്തുന്നതാണ്. 10, 12 ക്ലാസ്സുകൾ ഒഴികെ മറ്റ് ക്ലാസ്സുകളിലെ 70 ശതമാനത്തിൽ കൂടുതലുള്ള പേപ്പറുകൾ ഈ വർഷം അതിരൂപതാകേന്ദ്രത്തിൽ വീണ്ടും വാലുവേഷൻ നടത്തുന്നതല്ലായിരിക്കും. 70 ശതമാനത്തിൽ കൂടുതൽ മാർക്കുള്ള പേപ്പറുകൾ ഇടവകയിൽ തന്നെ വാലുവേഷൻ നടത്തി ഗ്രേഡ് നിശ്ചയിക്കേണ്ടതാണ്. B+(70-79), A (80-89), A+(90-100). A+, A, B+ കിട്ടിയ കുട്ടികളുടെ ഒരു സംഗമം അതിരൂപതാതലത്തിൽ നടത്തി സമ്മാനം നൽകുന്നതായിരിക്കും. അതിന്റെ തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും.

10, 12 ക്ലാസ്സുകളിലെ അസൈൻമെന്റും വചനഡയറിയും 2018 ഡിസംബർ 12 നു മുമ്പ് സണ്ടേസ്കൂൾ മേഖലാ ഡയറക്ടറെ ഏല്പിക്കേണ്ടതാണ്. 2018 ഡിസംബർ 31 നു മുമ്പ് വചനഡയറിയും അസൈൻമെന്റും മേഖലയിൽ നിന്ന് അതിരൂപതയിൽ എത്തിക്കേണ്ടതാണ്. 10, 12 ക്ലാസ്സുകളിലെ അസൈൻമെന്റ്, വചനഡയറി എന്നിവ ക്ലാസ്സ് ടീച്ചർ നോക്കി കൃത്യമായ മാർക്ക് ഇട്ടതിനുശേഷം വികാരിയുടെ സാക്ഷ്യത്തോടെ (ഒപ്പോടെ) സണ്ടേസ്കൂൾ മേഖലാ ഡയറക്ടർമാരെ ഏല്പിക്കുക. മേഖലയിൽ നിന്ന് 2018 ഡിസംബർ 31 നു മുമ്പ് മതബോധനകേന്ദ്രം സമീക്ഷയിൽ എത്തിച്ച് ഇവിടെ വീണ്ടും വാലുവേഷൻ നടത്തി ഇവിടുത്തെ മാർക്കായിരിക്കും പരിഗണിക്കുക. (ഡയറി മുഴുവൻ എഴുതി പൂർത്തിയാക്കണം).

**4. കാറ്റക്കിസം ഡിപ്ലോമ കോഴ്സ് (CDC)**

മൂന്നാമത്തെ സെമസ്റ്റർ ക്ലാസ്സ് 2018 ഡിസംബർ 8-ാം തീയതി ശനിയാഴ്ച രാവിലെ 9 മുതൽ ഉച്ചകഴിഞ്ഞ് 3 മണി വരെ സെന്റ് ജോൺസ് കത്തീഡ്രലിൽ നടത്തപ്പെടുന്നതാണ്. ആദ്യത്തെ കാറ്റക്കിസം ഡിപ്ലോമ കോഴ്സ് ഇതോടൊപ്പം സമാപിക്കും. സർട്ടിഫിക്കേറ്റുകൾ വിതരണം ചെയ്യുന്നു. രണ്ടാമത്തെ കാറ്റക്കിസം ഡിപ്ലോമ കോഴ്സ് 2019 ജനുവരിയിൽ ആരംഭിക്കുന്നു. ആദ്യത്തെ ഡിപ്ലോമ കോഴ്സിൽ പങ്കെടുക്കാത്ത മതാദ്ധ്യാപകർ നിർബന്ധമായും സംബന്ധിക്കേണ്ടതാണ്.

**5. കാറ്റക്കിസം റിസോഴ്സ് ടീം**

എല്ലാ ക്ലാസ്സുകളിലും സണ്ടേസ്കൂൾ പഠിപ്പിക്കുന്ന മതാദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി അതിരൂപതാതലത്തിലും മേഖലാതലത്തിലും റിസോഴ്സ് ടീം രൂപീകരിച്ചുകൊണ്ടിരിക്കുന്നു. 2019 മാർച്ച് മുതൽ ഓരോ മേഖലയിലും ടീം അംഗങ്ങൾ ക്ലാസ്സുകൾ നയിക്കുന്നു. റിസോഴ്സ് ടീമിൽ പ്രവർത്തിക്കാൻ താൽപര്യമുള്ളവർ അറിയിക്കുക.

**6. റിസൽട്ട് പ്രഖ്യാപനം**

10, 12 ക്ലാസ്സുകളിലെ റിസൽട്ട് 2019 ഫെബ്രുവരി 9-ാം തീയതി ശനിയാഴ്ച പ്രധാനാദ്ധ്യാപക സംഗമത്തിനും മെറിറ്റ് ഗാതറിംഗിനും അറിയിക്കുന്നതാണ്.

**7. അദ്ധ്യയനവർഷാരംഭം**

പുതിയ അദ്ധ്യയനവർഷം 2019 ഫെബ്രുവരി 3-ാം തീയതി ഞായറാഴ്ച ആരംഭിക്കുന്നതാണ്.

**8. സമീക്ഷ ബൈബിൾ സ്റ്റഡി സർക്കിൾ (SBSC)**

ആദ്യത്തെ കാറ്റക്കിസം ഡിപ്ലോമ കോഴ്സിൽ പങ്കെടുത്ത് സർട്ടിഫിക്കേറ്റ് ലഭിച്ചവർക്കും സമീക്ഷ ദൈവശാസ്ത്ര കോഴ്സിൽ മുൻപ് പങ്കെടുത്തവർക്കും ഇതിൽ പങ്കെടുക്കാം. രണ്ട് മാസത്തിലൊരിക്കൽ ശനി/ഞായർ ദിവസങ്ങളിൽ 2/3 മണിക്കൂർ ക്ലാസ്സുണ്ടായിരിക്കും. ബൈബിൾ കൂടുതൽ അറിയാനും പഠിക്കാനുമുള്ള മികച്ച പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നു.

### വായ്മുഖ പുനർ നിർമ്മാണ ശസ്ത്രക്രിയ
Reconstruction Surgery

അപകടങ്ങൾ മൂലമോ അർബുദ ചികിത്സയുടെ ഭാഗമായോ മുഖത്തുണ്ടാകുന്ന വൈകല്യങ്ങളെ ശസ്ത്രക്രിയയിലൂടെ പുനർ നിർമ്മിക്കുന്നു. ഇത് രോഗിയുടെ ശരീരഭാഗങ്ങളിൽ നിന്നോ, കൃത്യമമായി നിർമ്മിച്ച ഗ്രാഫ്റ്റ് ഉപയോഗിച്ചോ സാധ്യമാണ്. ആവശ്യമെങ്കിൽ പ്ലാസ്റ്റിക് സർജന്റെ സഹായം ലഭ്യമാക്കുന്നതാണ്.

### മുച്ചുണ്ട്/മുറിയണ്ണാക്ക് ശസ്ത്രക്രിയ
Cleft Lip & Palate Surgery

മുഖത്തിന്റെ ഭംഗിയെയും സംസാരശേഷിയെയും ബാധിക്കുന്ന മുച്ചുണ്ട് /മുറിയണ്ണാക്ക് മുതലായ വൈകല്യങ്ങളെ ശസ്ത്രക്രിയയിലൂടെയും, മററുചികിത്സാ മാർഗ്ഗങ്ങളിലൂടെയും പരിഹരിക്കുവാൻ കഴിയുന്നതാണ്.



PANEL OF DOCTORS

- **Dr George Varghese** (Professor,HOD & Principal Pushpagiri College Of Dental Sciences)
- **Dr Eapen Thomas** (Professor)
- **Dr Akhilesh Prathap** ( Associate Professor)
- **Dr Vinesh Udayakumar** (Reader)
- **Dr Nithin Prathap** (Assistant Professor)
- **Dr Ravi Rajan** (Assistant Professor)



**Advanced OPG and Lateral Cephalogram available**

PUSHPAGIRI MEDICAL COLLEGE HOSPITAL

Department of
**ORAL & MAXILLOFACIAL SURGERY**



**Pushpagiri College of Dental Sciences**

All Dental Specialities Available

- **Oral Medicine**
- **Oral Pathology**
- **Pedodontics**
- **Orthodontics**
- **Periodontics**
- **Prosthodontics**
- **Endodontics**
- **Public Health Dentistry**

PRO: +91 9048 555 518
omfs@pushpagiri.in

## PUSHPAGIRI MEDICAL COLLEGE HOSPITAL

24 hours Dental Casualty Services Available

Ph: **0469 2700755**
www.pushpagiri.in

DEPARTMENT OF ORAL & MAXILLOFACIAL SURGERY

### എന്താണ് വായ്മുഖ ശസ്ത്രക്രിയ?
Oral and Maxillofacial Surgery

ആധുനിക വൈദ്യശാസ്ത്രത്തെയും, ദന്തചികിത്സയെയും സംയോജിപ്പിക്കുന്നതാണ് വായ്മുഖ ശസ്ത്രക്രിയാ വിഭാഗം. ഈ വിഭാഗത്തിന്റെ സുഗമവും പൂർണ്ണവുമായ പ്രവർത്തനത്തിന് എല്ലാ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ ആശുപത്രിയോ, മെഡിക്കൽ കോളജ് ആശുപത്രിയോ ആവശ്യമാണ്. ഈ വിഭാഗത്തിലെ നിരവധി ശസ്ത്രക്രിയകൾ ജനറൽ അനസ്തീഷ്യയിൽ നടത്തുന്നതിനാൽ കിടത്തി ചികിത്സിക്കാനുള്ള വാർഡും, ഓപ്പറേഷൻ തിയേറ്ററും വേണ്ടതാണ്. ന്യൂറോ സർജറി, ഇ.എൻ.റ്റി, പ്ലാസ്റ്റിക് സർജറി, ക്യാൻസർ സർജറി എന്നിവയോട് സംയോജിച്ചും ഈ വിഭാഗത്തിലെ വിദഗ്ധർ ശസ്ത്രക്രിയകൾ നടത്താറുണ്ട്. പരിചയ സമ്പന്നനായ വായ്മുഖ ശസ്ത്രക്രിയാ വിദഗ്ധന് (Oral & Maxillofacial Surgeon) മുഖത്തെയും വായിലെയും അസ്ഥികളുടെയും പേശികളുടെയും പ്രവർത്തനത്തെയോ സൗന്ദര്യത്തെയോ ബാധിക്കുന്ന രോഗങ്ങളെയും അവസ്ഥകളെയും നിർണ്ണയിക്കുവാനും ചികിത്സിക്കുവാനും സാധിക്കുന്നതാണ്.


വായ്മുഖ ശസ്ത്രക്രിയാ വിദഗ്ധരുടെ സേവനം 24 മണിക്കൂറും പുഷ്പഗിരി മെഡിക്കൽ കോളജ് ആശുപത്രിയിൽ ലഭ്യമാണ്.

### ട്രോമാ കെയർ
Maxillofacial Trauma

അപകടത്തെ തുടർന്ന് പൊട്ടൽ ഉണ്ടാവുകയും രൂപഭംഗി നഷ്ടപ്പെടുകയും ചെയ്യുന്ന മുഖത്തിന്റെ അസ്ഥികളെ ശസ്ത്രക്രിയയിലൂടെ പൂർവ്വ സ്ഥിതിയിൽ എത്തിക്കാവുന്നതാണ്.

### മുഖസൗന്ദര്യശസ്ത്രക്രിയ
Orthognathic Surgery

വിവിധ കാരണങ്ങളാൽ മുഖത്തിന്റെ അസ്ഥിയിൽ ഉണ്ടാകുന്ന വൈരൂപ്യങ്ങൾ ദന്ത ക്രമീകരണം (Orthodontics) കൊണ്ടു മാത്രം പരിഹരിക്കാൻ കഴിയുന്നതല്ല. ഈ അവസരത്തിൽ മുഖസൗന്ദര്യ ശസ്ത്രക്രിയ കൊണ്ട് അസ്ഥികളെ രൂപാന്തരപെടുത്തുവാൻ സാധിക്കും.




### ഡെന്റൽ ഇംപ്ലാന്റ്സ്
Implantology

നഷ്ടപ്പെട്ട പല്ലുകളുടെ സ്ഥാനത്ത് റ്റൈറ്റാനിയം ലോഹത്താൽ നിർമ്മിതമായ കൃത്യമ പല്ലുകൾ (Dental implants) ഉപയോഗിച്ച് അസ്ഥിക്കുള്ളിൽ പുനഃസ്ഥാപിക്കാവുന്നതാണ്.



### വദനാർബ്ബുദ ശസ്ത്രക്രിയ
Oral Cancer Surgery

മുഖത്തിലെയും വായിലെയും അർബുദം (ഓറൽ ക്യാൻസർ) ബാധിച്ചു എന്ന് സംശയിക്കപ്പെടുന്ന ഭാഗങ്ങൾ ബയോപ്സിയിലൂടെ രോഗ നിർണ്ണയം നടത്തി അർബുദം ബാധിച്ചവ ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്യുന്നു.



### വിസ്ഡം റ്റീത്ത്
Impacted Teeth Removal

പൂർണ്ണമായോ ഭാഗികമായോ എല്ലിനുള്ളിൽ കുടുങ്ങി കിടക്കുന്ന പല്ലുകളെ (Impacted Teeth) ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്യാവുന്നതാണ്.




### റ്റി. എം. ജോയിന്റ് ശസ്ത്രക്രിയ
Temporo Mandibular Joint Surgeries

കീഴ് താടിയെല്ലിന്റെ സന്ധികൾക്ക് (T.M.Joint) ഉണ്ടാവുന്ന വിവിധ രോഗങ്ങൾ ശസ്ത്രക്രിയയിലൂടെ പരിഹരിക്കാവുന്നതാണ്.ം

PUSHPAGIRI MEDICAL COLLEGE HOSPITAL

# REMEMBRANCE DECEMBER


**Fr. Mathew Thengumthottam**
Date of Demise: 02 December 1990


**Fr. John Chundevalel**
Date of Demise: 03 December 2002


**Fr. Mathew Chittakat**
Date of Demise: 08 December 1970


**Fr. Thomas Padinjarekutt**
Date of Demise: 13 December 1993



**Fr. Joseph Karakkalolickal**
Date of Demise: 14 December 2003


**Fr. James Thannickal**
Date of Demise: 15 December 1992



**Fr. Peter Ramanatt**
Date of Demise: 18 December 1977


**Fr. Jacob Chundevalel**
Date of Demise: 21 December 1980



**Fr. Mathew Vayalil**
Date of Demise: 26 December 2009


**V. Rev. Simon D. Karott, Corepiscopo**
Date of Demise: 30 December 1950

ഉപകാരസ്മരണ


ഒരു വിശ്വാസി ചുങ്കപ്പാറ

ഉപകാരസ്മരണ


ഒരു വിശ്വാസി അയിരൂർ

## പ്രധാനപ്പെട്ട ദിവസങ്ങൾ : ഡിസംബർ

| | | |
|---|---|---|
| ഡിസംബർ 01 | - | ഇരുപത്തഞ്ച് നോമ്പാരംഭം |
| ഡിസംബർ 08 | - | വി. ദൈവമാതാവിന്റെ അമലോത്ഭവ തിരുനാൾ |
| ഡിസംബർ 16 | - | മാർത്താണ്ഡം ഭദ്രാസന സ്ഥാപനദിനം (1996) |
| ഡിസംബർ 25 | - | യൽദാപ്പെരുന്നാൾ (ക്രിസ്തുമസ്) വികാരിക്കുർബാന |
| ഡിസംബർ 26 | - | വി. ദൈവമാതാവിന്റെ പുകഴ്ച |
| ഡിസംബർ 30 | - | ബൈബിൾ ഞായർ |

## സൺഡേസ്കൂൾ എൻഡോവ്മെന്റ്

1. റവ. ഫാ. തോമസ് പടിഞ്ഞാറേക്കുറ്റ് രജതജൂബിലി മെമ്മോറിയൽ
   **ഏർപ്പെടുത്തിയത് :**
   സെന്റ് മേരീസ് മലങ്കര കാത്തലിക് ചർച്ച് തോട്ടഭാഗം
2. അന്നമ്മ തോമസ് അച്ചുതപറമ്പിൽ മെമ്മോറിയൽ
   **ഏർപ്പെടുത്തിയത് :**
   സജി എം. തോമസ് അച്ചുതപറമ്പിൽ

# 41–ാം ചരമദിനം (15–11–2018)



## സി.റ്റി. ബെർസിലി

മാളിയേക്കൽമണ്ണിൽ, തോട്ടഭാഗം, തിരുവല്ല

ജനനം : 20–06–1927 മരണം : 06–10–2018


പ്രാർത്ഥനയോടെ,
നിത്യതയുടെ തീരത്ത് വീണ്ടും കണ്ടുമുട്ടാമെന്നുള്ള പ്രത്യാശയിൽ മറക്കാത്ത ഓർമ്മകളുമായി ഭാര്യ ഏലിയാമ്മ ബെർസിലി



Date of Publication : 10.12.2018
Price : ₹ 10/-

AIKYADEEPAM MONTHLY
Marygiri, Tiruvalla, Kerala
Ph: 0469-2600626, Fax : 0469-2600822

R.N.I 35982/80
December 2018




Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Viani Press Ernakulam. Kerala, Chief Editor : Rev. Dr. Abraham Irimbinikal